# അധ്യായം 1

# അധികാരം

സമൂഹത്തെ സജീവമായി നിയന്ത്രിക്കുന്ന ഘടകമാണ് അധികാരം. പ്രപഞ്ചത്തിന്റെയും മനുഷ്യവർഗ്ഗത്തിന്റെയും ഭാഗധേയം നിർണ്ണയിക്കുന്നത് അധികാരമാണ്. മറ്റുള്ളവരുടെ ആഗ്രഹങ്ങൾ പരിഗണിക്കാതെ തന്റെ മാത്രം ആഗ്രഹങ്ങൾക്കനുസരിച്ച് തീരുമാനങ്ങളെടുക്കാനും ബഹുമാനവും അനുസരണയും ആവശ്യപ്പെടാനുമുള്ള അവകാശമാണ് അധികാരം എന്ന് സി. ഡബ്ല്യു.സി. മിൽസ് നിർവ്വചിക്കുന്നു[1]. വ്യവസ്ഥാപിതവും പ്രവർത്തനസജ്ജവുമായ ശക്തിയാണ് അധികാരം. ഒരുവന്റെ സമ്മതം കൂടാതെ അവന്റെ സ്വതന്ത്രമായ പ്രവൃത്തികളിൻമേലുള്ള അന്യന്റെ നിയന്ത്രണമാണ് അധികാരം എന്നും നിർവ്വചിക്കപ്പെടുന്നു[2]. ഒരാളുടെ ആഗ്രഹം നടപ്പിലാക്കുവാൻ വേണ്ടി മറ്റുള്ളവരുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുവാനോ സ്വാധീനതയിലാക്കുവാനോ അധികാരം പ്രയോഗിക്കുന്നു. വിനയത്തോടെ സമീപിക്കുകയും വിധേയത്വം കാണിച്ചുനിന്നാൽ പിന്നീട് ബലമായി കീഴടക്കുകയും ചെയ്യുന്ന രീതിയാണ് അധികാരത്തിന്റേത്. അധികാരം ലഭിക്കാത്തവനു മുന്നിൽ തുറക്കുന്ന വാതിൽ ഒന്നുകിൽ ജനഹൃദയത്തിലേക്ക് അല്ലെങ്കിൽ അധികാരത്തിന്റെ ഇരുണ്ട ഇടങ്ങളിലേക്ക്. ഇതുരണ്ടും കൂടി ഒരുമിച്ചുകൊണ്ടുപോകുന്ന അത്യന്തം അപകടകരമായ ഒരു പ്രവണതയുമുണ്ട്. താൻ ആഗ്രഹിക്കുന്ന രീതിയിൽ മറ്റു വ്യക്തികളുടേയോ സമൂഹങ്ങളുടേയോ പ്രവർത്തന രീതിയെ തിരുത്തുന്നതിനുള്ള വ്യക്തിയുടെ കഴിവാണ് അധികാരം[3].

എന്തിനേയും ദുഷിപ്പിക്കാൻ അധികാരത്തിനു കഴിയും. സമ്പൂർണ്ണമായ അധികാരം സമ്പൂർണ്ണമായി ദുഷിപ്പിക്കും എന്ന് ബ്രിട്ടീഷ് ചരിത്രകാരനായ ലോഡ് ആക്ടൺ പറയുന്നു[4]. എല്ലാ മേഖലയേയും അധികാരം ദുഷിപ്പിക്കുന്നു. അധികാരം കൈയിലുള്ളവൻ സ്വാഭാവികമായും ദുഷിയ്ക്കുന്നു. അധികാരം പാപം പോലെയാണ്. എല്ലാവരും പാപകരമായ പ്രവൃത്തികളെ വാക്കാൽ തള്ളിക്കളയുകയും പാപകരമായ പ്രവൃത്തികളിൽ അറിഞ്ഞുകൊണ്ട് ഏർപ്പെടുകയും ചെയ്യുന്നു. അധികാരംനേടാനുള്ള ആഗ്രഹം തുടങ്ങിയാൽപ്പിന്നെ അധികാരത്തെപ്പറ്റിയല്ലാതെ മറ്റൊന്നിനെക്കുറിച്ചും ചിന്ത

കാണില്ല. അധികാരത്തിന്റെ പൊതുസ്വഭാവമാണിത്. എന്തിനുവേണ്ടി അധികാരം ആർജ്ജിക്കുന്നു എന്നത് ക്രമേണ വിസ്മരിക്കപ്പെടുകയും ചെയ്യും. അധികാരത്തിന്റെ നിയന്ത്രണത്തിൽ പൗരൻമാരുടെ ജീവിതം ദുസ്സഹമാകുന്നതിനെ അധികാരം നിസ്സാരമായാണ് കാണുന്നത്. അധികാരം ഒരിക്കലും അവനവനുനേരെ വിരൽചൂണ്ടാറില്ല.

അധികാരത്തിന്റെ സമവാക്യം പ്രത്യക്ഷത്തിൽ അത്യന്തം ലളിതമാണ്. അധികാരം ഉപയോഗിക്കേണ്ടത് ആരുടെ മേലാണോ അവരെക്കൊണ്ട് അത് സമ്മതിപ്പിക്കുക എന്നതാണത്. അധികാരത്തോട് മനുഷ്യൻ പലപ്പോഴും പൊരുത്തപ്പെടുന്നു. അധികാരപ്രയോഗത്തിനു വിധേയരായ സാധാരണക്കാരന്റെ നിസ്സഹായതയും പരിമിതിയും ഏറ്റവും നന്നായി അറിയുന്നത് അധികാരത്തിലൂടെ അവരെ കീഴടക്കിയ ആൾക്കാർക്കാണ്. അധികാരപ്രയോഗത്തിലൂടെ വ്യക്തികളെ വിധേയപ്പെടുത്താനും വസ്തുവത്കരിക്കാനുമുള്ള ശ്രമം നടക്കുന്നു[5]. അധികാരത്തിന്റെ തന്ത്രങ്ങളെ അതിജീവിക്കാൻ മനുഷ്യൻ ഏറെ കഷ്ടപ്പെടുന്നു. എന്നിട്ടും അധികാരത്തിന്റെ ഗൂഢതന്ത്രങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കാൻ കഴിയുന്നില്ല. മനുഷ്യൻ സ്വയം നിർമ്മിച്ചെടുക്കുന്ന അഭയകേന്ദ്രങ്ങൾ അധികാരത്തിന്റെ പ്രഹരത്തിൽ ഇല്ലാതാകുമ്പോൾ അധികാരത്തിന്റെ നീതി സംഹാരാത്മകമാകുന്നു.

## വിവിധസിദ്ധാന്തങ്ങൾ

### അരിസ്റ്റോട്ടിൽ

അധികാരത്തെക്കുറിച്ച് വിശദീകരിക്കും മുമ്പ് അരിസ്റ്റോട്ടിൽ പരാമർശിക്കുന്നത് ശക്തിയെക്കുറിച്ചാണ്. രാഷ്ട്രീയസ്ഥാപനത്തിന്റെ നിലനിൽപ്പിന് ഏറ്റവും അത്യാവശ്യമായിട്ടുള്ളത് ശക്തിയാണ്. മറ്റുള്ളവരുടെ പെരുമാറ്റത്തെ, അവരുടെ ആഗ്രഹങ്ങൾക്കും എതിർപ്പിനും എതിരായിരുന്നാൽക്കൂടി നിയന്ത്രിക്കാനുള്ള കഴിവാണ് ശക്തി. ഒരു വ്യക്തിയ്ക്ക് മറ്റുള്ള വ്യക്തിക

ളുടെ ഇച്ഛയെ പരിഗണിക്കാനുള്ള സ്വാധീനമെന്നും ഇതിനെ വിശേഷിപ്പിക്കാം. ഏതുതരത്തിലുള്ള ഇടപഴകലിലും ചിലർക്ക് മറ്റുള്ളവരേക്കാൾ ശക്തി കൂടുതലായിരിക്കും. മാനസികമായും ശാരീരികമായും നിലനിൽക്കുന്ന ശക്തി ആപേക്ഷികമാണ്. രാജഭരണകാലത്ത് സ്വേച്ഛാധിപതികളായ ചിലർ ബലപ്രയോഗത്തിലൂടെ നടത്തിയിരുന്ന ഭരണരീതി ശക്തിയ്ക്ക് ഉദാഹരണമാണ്. രാജാക്കൻമാർ പരസ്പരം പോരടിച്ചിരുന്നതും ശക്തിയുടെ അടിസ്ഥാനത്തിലാണ്.

ശക്തിയിൽ നിരവധിഘടകങ്ങൾ അടങ്ങിയിട്ടുണ്ട്. അന്തസ്സ്, സ്വാധീനം കഴിവ്, പ്രബലത എന്നിവയിലൂടെ ശിക്ഷിക്കാനും ഭയം സൃഷ്ടിക്കാനുമുള്ള കഴിവായി അത് മാറുന്നു. ആധുനികകാലത്ത് ശക്തി സ്റ്റേറ്റിലും ഗവൺമെന്റിലും നിക്ഷിപ്തമാണ്. ബലപ്രയോഗത്തിലൂടെയും ആധിപത്യത്തിലൂടെയും നിയമത്തിലൂടെയും ശക്തി പ്രയോഗം നടക്കുന്നു. പോലീസിന്റെയും കോടതിയുടേയും രൂപത്തിൽ ശക്തി പ്രകടിപ്പിക്കുന്നു. ജനങ്ങളെ ശിക്ഷിക്കാനുള്ള അധികാരം സ്റ്റേറ്റിനുമാത്രമാണുള്ളത്. ജനങ്ങളുടെ പൊതുവായ ആഗ്രഹത്തെ പ്രതിനിധീകരിക്കുന്നതും ജനങ്ങൾ സ്വമേധയാ അംഗീകരിക്കുന്നതുമായ ശക്തി നിയമാനുസൃതമാണെന്നു പറയാം. നിയമാനുസൃതമായ ശക്തിയാണ് രാഷ്ട്രീയസ്ഥാപനത്തിന്റെ നിർണ്ണായകഘടകം. ഏറ്റവും നിയമാനുസൃതമായ ശക്തിയാണ് അധികാരം. എന്നാൽ ശക്തിയും അധികാരവും ഒന്നാണെന്ന് പറയാനാകില്ല. ഒരാൾക്ക് മറ്റൊരാളുടെമേലുള്ള സ്വാധീനം അയാളുടെ ഹിതാഹിതങ്ങളൊന്നും നോക്കാതെ പ്രയോഗിക്കുന്നുവെങ്കിൽ അത് ശക്തിയായി കണക്കാക്കാം. എന്നാൽ ഒരാൾ മറ്റൊരാളുടെ മേലുള്ള സ്വാധീനം അയാളുടെ സമ്മതത്തോടെ നടപ്പാക്കുന്നുവെങ്കിൽ അത് അധികാരം നടപ്പാക്കലാണ്. സ്വേച്ഛാധിപതിയായ രാജാവ് ബലം പ്രയോഗിക്കുമ്പോൾ അത് ശക്തികാണിക്കലാണ്. മറിച്ച് ആധുനികരാഷ്ട്രത്തലവൻ ബലം പ്രയോഗിക്കുമ്പോൾ അത് അധികാരപ്രയോഗമായിത്തീരുന്നു. വ്യത്യസ്തമായ ഘടകങ്ങൾ അധികാരമെന്ന അർത്ഥത്തിൽ അടങ്ങി

യിട്ടുണ്ടെങ്കിലും അവയിൽ പ്രധാനം ശക്തിയാണ്. സ്ഥാപനവത്കരിച്ചതും വ്യവസ്ഥാപിതവും പ്രവർത്തനസജ്ജവുമായ ശക്തിയാണ് അധികാരമെന്നു പറയാം.

രാഷ്ട്രത്തിന്റെ ഭരണതലത്തെ വിശദീകരിക്കുമ്പോൾ അരിസ്റ്റോട്ടിൽ ചെന്നെത്തുന്നത് ഫ്രഞ്ച് ചിന്തകനായ ജീൻബോധിന്റെ പരമാധികാരത്തി ലാണ്. ഒരു രാഷ്ട്രത്തിന് അതിലെ പൗരൻമാരുടേയും പ്രജകളുടേയും മേലുള്ള നിയമത്താൽ നിയന്ത്രിതമല്ലാത്ത അധികാരത്തെ പരമോന്നതമായ അധികാരം (Superme power) എന്നാണ് നിർവചിച്ചിട്ടുള്ളത്[6]. ഇച്ഛാശക്തി ഒന്നിനാൽ മാത്രം ബന്ധിതമായിരിക്കാനും തനതല്ലാത്ത മറ്റ് ഏതൊരു ശക്തിയാലും പരിമിതമാക്കപ്പെടാതിരിക്കാനും ഉള്ള രാഷ്ട്രത്തിന്റെ സഹജ സ്വഭാവമായി പരമാധികാരത്തെ ജല്ലനിക്[7] കാണുന്നു. ഒരു രാഷ്ട്രത്തിന് അതിലെ എല്ലാ പ്രജകളുടേയും സംഘടനകളുടേയും മേലുള്ള മൗലികവും കേവലവും അപരിമേയവുമായ ശക്തിയെ ലിയോൺ ബർഗസ് പരമാധി കാരം എന്നു വിളിക്കുന്നു[8]. ഒരു സമൂഹത്തിലെ ഓരോ വ്യക്തിയേയും സമ്പൂർണ്ണമായി നിയന്ത്രിക്കുന്ന അധികാരത്തെ ജങ്ക്സ് പരമാധികാരമെന്ന് നിർവ്വചിക്കുന്നു[9]. നിയമം നിർമ്മിക്കുന്നതിന് യുക്തമെന്ന് തോന്നുന്ന സർവ വിധമായ ശക്തിയും ഉപയോഗിച്ച് അത് ബലത്താൽ നടപ്പിലാക്കുന്നതിനുള്ള ഒരു രാഷ്ട്രത്തിന്റെ അധികാരമാണ് പരമാധികാരമെന്നും അദ്ദേഹം അഭി പ്രായപ്പെടുന്നു. ഒരു രാഷ്ട്രത്തിന് അതിലെ എല്ലാ പ്രജകളുടേയും സംഘ ടനകളുടേയും മേലുള്ള പൂർണ്ണവും മൗലികവുമായ ശക്തിയായി പരമാധി കാരം നിലനിൽക്കുന്നു. അന്തിമമായ വിശകലനത്തിൽ ഒരു സമൂഹത്തിലെ ഓരോ വ്യക്തിയേയും സമ്പൂർണ്ണമായി നിയന്ത്രിക്കുന്ന അധികാരമായി പര മാധികാരം മാറുന്നു. രാഷ്ട്രമെന്ന സങ്കല്പത്തിന്റെ കേന്ദ്രബിന്ദുവാണ് പര മാധികാരം. അതിനാൽ ആധുനിക രാഷ്ട്രങ്ങളെ പരമാധികാര രാഷ്ട്രങ്ങ ളെന്നു വിളിക്കുന്നു. പരമാധികാരം രണ്ടുരീതിയിൽ പ്രവർത്തിക്കുന്നു. വിദേ ശപരമാധികാരവും ആഭ്യന്തരപരമാധികാരവും.

അരിസ്റ്റോട്ടിൽ തന്റെ ഗുരുവായ പ്ലേറ്റോയിൽ നിന്നും പരമാധികാരം സംബന്ധിച്ച് പല ആശയങ്ങളും കടമെടുത്തു. പരമാധികാരം ഒരാളിലോ കുറച്ചുപേരിലോ ആകാം. ഭരണകൂടം യഥാക്രമം കാരു ഭരണകൂടമോ പ്രഭു ഭരണമോ രാഷ്ട്രീയസംഘടനയോ ആയിത്തീരും. ലക്ഷ്യത്തെ അടിസ്ഥാന മാക്കി ഭരണകൂടങ്ങളെ അരിസ്റ്റോട്ടിൽ സാമാന്യം എന്നും വികലം എന്നും വർഗ്ഗീകരിക്കുന്നു. രാജഭരണം, പ്രഭുത്വം, രാഷ്ട്രീയസംഘടന എന്നിവ സാമാന്യ ഭരണകൂടങ്ങളും സ്വേച്ഛാധിപത്യം, അല്പാധിപത്യം, ജനാധിപത്യം എന്നിവ വികലരൂപങ്ങളുമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അരിസ്റ്റോ ട്ടിൽ ജനാധിപത്യത്തെ വികലമായ ഒരു ഭരണകൂടരൂപമായിക്കാണുമ്പോൾ ആധുനികലോകം ഇന്ന് നിലവിലുള്ളതിൽ വച്ച് ഏറ്റവും നല്ല ഭരണകൂട മായി കാണുന്നു. ആധുനിക ഭരണരൂപങ്ങളായ യൂണിറ്ററി, ഫെഡറൽ, പാർല മെന്ററി, പ്രസിഡൻഷ്യൽ എന്നീ ഭരണസംവിധാനങ്ങൾക്ക് തന്റെ വർഗ്ഗീകര ണത്തിൽ ഇടംനൽകിയിട്ടില്ല. എങ്കിലും അരിസ്റ്റോട്ടിലിന്റെ വർഗ്ഗീകരണം തന്നെയാണ് അടിസ്ഥാനപരമായി ഇന്നും നിലനിൽക്കുന്നത്.

അധികാരം കയ്യാളുന്ന വ്യക്തികളുടെ എണ്ണത്തെ അടിസ്ഥാനമാ ക്കിയും പരമാധികാരം ആർക്കു ലഭിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കിയും അരിസ്റ്റോട്ടിൽ ആറ് തരത്തിൽ അധികാരഘടനയെ വിലയിരുത്തുന്നു. ഒരു വ്യക്തി രാഷ്ട്രത്തിന്റെ പൊതു നന്മയ്ക്കുവേണ്ടി അധികാരം ഉപയോഗിക്കു ന്നത് മൊണാർക്കി (രാജവാഴ്ച)[10]. ഇത് ഭരണാധികാരിയുടെ താത്പര്യസം രക്ഷണത്തിലേക്ക് തിരിയുമ്പോൾ ദുഷിച്ച രൂപമായി(റ്റിറണി)മാറുന്നു. കുറ ച്ചുപേർ പൊതുനന്മയെ ലാക്കാക്കി ഭരിച്ചാൽ അത് അരിസ്റ്റോക്രസി(അഭി ജാതഭരണം). അതിൽ കാലക്രമേണ സ്വാർത്ഥത കടന്നുവന്നു ദുഷിച്ചാൽ ഒലിഗാർക്കി (അല്പാധിപത്യം). ജനങ്ങൾ പലപ്പോഴും ഇത്തരം ഭരണരീതി ക്കെതിരെ പോരാടി അധികാരം പിടിച്ചെടുക്കുന്നു. ഈ സമ്പ്രദായം ദുഷി ച്ചാൽ മോബ്റൂൾ ആയിമാറും. ഒരു ഭരണകൂടം എന്നനിലയിൽ ജനങ്ങൾ നേരിട്ടോ അവരുടെ പ്രതിനിധികൾ മുഖേനയോ ഭരണം നടത്തുന്നരീതി

യാണ് ഡമോക്രസി(ജനാധിപത്യം). ഭരണകൂടത്തിന്റെ ചാക്രികചലനത്തിൽ വിശ്വസിച്ചിരുന്ന അരിസ്റ്റോട്ടിൽ ജനാധിപത്യം ദുസ്സഹമാകുമ്പോൾ രാജഭരണം നിലവിൽവരും എന്ന് വിശ്വസിച്ചിരുന്നു. ആധുനിക രാഷ്ട്രതന്ത്രജ്ഞൻമാർ രാജഭരണം, പ്രജാഭരണം എന്നിങ്ങനെ രണ്ടുതരത്തിൽ പരമാധികാരം നിലനിൽക്കുന്നതായി വിശ്വസിക്കുന്നു.

പരമാധികാരം ഒരാളിൽ നിക്ഷിപ്തമായിട്ടുള്ള ഭരണകൂടത്തിന്റെ രൂപമാണ് രാജഭരണം. രാജാധികാരം പലപ്പോഴും പാരമ്പര്യാധിഷ്ഠിതമാണ്. രാജാവിൽനിന്ന് മൂത്തപുത്രനിലേക്ക് അധികാരം കൈമാറുന്നു. രാജഭരണം കേവലവും ഭരണഘടനാ നിയന്ത്രിതവും ആകാം. കേവലരാജഭരണത്തിൽ എല്ലാ അധികാരങ്ങളും രാജാവിൽ നിക്ഷിപ്തമാണ്. സ്വന്തം ഇച്ഛയ്ക്കനുസരിച്ച് അദ്ദേഹം ഭരണം നടത്തുന്നു. എഴുതപ്പെട്ട ഭരണഘടനയുടെ അടിസ്ഥാനത്തിൽ രാജഭരണം നടത്തപ്പെടുന്നരീതിയും നിലനിന്നിരുന്നു. ഒരൊറ്റ വ്യക്തിയിൽ മുഴുവൻ അധികാരവും നിക്ഷിപ്തമായിരിക്കുന്നതിനാൽ തീരുമാനങ്ങൾ എടുക്കുന്നത് ഏറെ ശ്രദ്ധയോടെയായിരിക്കും. സ്വയംഭരണത്തിന് കഴിവില്ലാത്ത ജനവിഭാഗത്തിന് ഏറ്റവും അനുയോജ്യം രാജഭരണമാണ്. പരിഷ്കൃതമല്ലാതിരുന്ന ജനവിഭാഗത്തെ അച്ചടക്കമുള്ളവരാക്കി മാറ്റാനും അനുസരണശീലം വളർത്തിയെടുക്കാനും രാജഭരണം സഹായിച്ചു. രാജാക്കൻമാർ കൈകാര്യം ചെയ്യുന്ന അധികാരങ്ങളുടേയും ചുമതലകളുടേയും അടിസ്ഥാനത്തിൽ നിരങ്കുശ രാജവാഴ്ച (absolute monarchy) എന്നും സീമിതരാജവാഴ്ച (limited monarchy) എന്നും തിരിച്ചിരിക്കുന്നു. ഒരു രാജാവിന്റെ അധികാരങ്ങൾ ജനാധിപത്യത്തിലടിയുറച്ച ഒരു ഭരണഘടനയുടെ മൗലിക നിയമങ്ങളാൽ പരിമിതപ്പെടുത്തുമ്പോൾ അത് സീമിതരാജവാഴ്ചയാകുന്നു. രാജാവിൽ കേന്ദ്രിതമായ അധികാരഘടനയാണ് നിരങ്കുശരാജവാഴ്ച എന്നറിയപ്പെടുന്നത്.

അരിസ്റ്റോട്ടിലിന്റെ ചാക്രികചലന നിയമപ്രകാരം ഘടനയിൽ ഒരേ രീതിയിൽ വർത്തിക്കുന്നതാണ് കുലീനാധിപത്യവും അല്പാധിപത്യവും.

ഒരു രാഷ്ട്രത്തിലെ ഭരണകൂടം ആ സമൂഹത്തിലുള്ള ഏറ്റവും ശ്രേഷ്ഠരായ ഏതാനും വ്യക്തികളുടെ നിയന്ത്രണത്തിൽ വന്നു ചേരുന്നതാണ് കുലീനാധിപത്യം. അരിസ്റ്റോട്ടിലിന്റെ കാലത്ത് ഗ്രീസിൽ ഈ സമ്പ്രദായം നിലനിന്നിരുന്നു. രാഷ്ട്രത്തിലെ ഏറ്റവും ശ്രേഷ്ഠരായ വ്യക്തികൾ രാജ്യം ഭരിച്ചിരുന്നതിനാൽ മികച്ചഭരണമായിരുന്നു നിലനിന്നിരുന്നത്. സമൂഹത്തിലെ കായികശക്തിയുള്ള ആൾക്കാരെ കുലീനൻമാരായി കരുതിയിരുന്നു. ഏറ്റവും ഉയർന്ന മതപുരോഹിതൻമാരും സൈനികജനറൽമാരും കുലീനാധിപത്യത്തിൽ ഭരണം നടത്തിയിട്ടുണ്ട്. കുലീനാധിപത്യത്തിൽ നിന്നും ലക്ഷ്യത്തിൽ വ്യത്യാസമുള്ള അല്പാധിപത്യത്തെ അരിസ്റ്റോട്ടിൽ കണ്ടിരുന്നത് ഇപ്രകാരമാണ്. സമൂഹത്തിലെ പ്രബലരായ ഏതാനും പേർ ഒരുമിച്ചുചേർന്ന് നടത്തുന്ന ദുർഭരണമാണ് അല്പാധിപത്യം. ദുർഭരണം നടത്തുന്ന കുലീനാധിപത്യമെന്ന് അല്പാധിപത്യത്തെ വിശേഷിപ്പിക്കാം. സമ്പന്നരായ ഒരു കൂട്ടം ആളുകൾ അവരുടെ സ്വാർത്ഥതാത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഗവൺമെന്റിനെ നിയന്ത്രിക്കുമ്പോൾ അല്പാധിപത്യമായിത്തീരും. ദുസ്സഹമായ രാജഭരണത്തെ എതിർത്തുകൊണ്ടാണ് പല രാഷ്ട്രങ്ങളിലും അല്പാധിപത്യം നിലവിൽവന്നത്. ഇതിൽനിന്നും വ്യത്യസ്തമാണ് സർവാധിപത്യം. സ്വാധീനശക്തിയുള്ള ഒരാൾ ഗവൺമെന്റിനെ തന്റെ സ്വന്തം ഇച്ഛയ്ക്കനുസരിച്ച് നിയന്ത്രിക്കുമ്പോൾ അത് സർവ്വാധിപത്യമായിത്തീരുന്നു. തങ്ങളുടെ കഴിവും സ്വാധീനശക്തിയുമുപയോഗിച്ച് അധികാരത്തിൽ പ്രവേശിക്കുകയും ഗവൺമെന്റിന്റെ അധികാരം മുഴുവൻ മരണംവരെ തങ്ങളുടെ നിയന്ത്രണത്തിലാക്കുകയും ചെയ്യുന്നു. തെരഞ്ഞെടുപ്പിലൂടെയോ വിപ്ലവം മുഖേനയോ ആയിരിക്കും ഇവർ അധികാരത്തിലേറുക. ജർമ്മനിയിൽ ഹിറ്റ്ലറും ഇറ്റലിയിൽ മുസ്സോളിനിയും അധികാരത്തിലേറിയത് ഇപ്രകാരമാണ്. റഷ്യയിൽ ലെനിൻ, സ്പെയിനിൽ ജനറൽ ഫ്രാങ്കോ, ചൈനയിൽ മാവോ സെതൂങ് എന്നിവർ വിപ്ലവത്തിലൂടെയാണ് അധികാരത്തിൽ പ്രവേശിച്ചത്.

ജനങ്ങളുടെ ശക്തി എന്ന അർത്ഥത്തിൽ ഉപയോഗിച്ചുവരുന്ന ജനാധിപത്യരീതിയാണ് ഇന്ന് മിക്ക രാഷ്ട്രങ്ങളിലും നടന്നു വരുന്നത്.ഭൂരിപക്ഷത്തിന്റെ വികലമായ ഭരണം എന്ന അർത്ഥത്തിലാണ് ജനാധിപത്യം എന്ന പദം അരിസ്റ്റോട്ടിൽ ഉപയോഗിച്ചിട്ടുള്ളത്. ജനാധിപത്യത്തെക്കുറിച്ചുള്ള ആധുനിക വീക്ഷണമാകട്ടെ പൗരധർമ്മങ്ങൾ നിർവ്വഹിക്കാൻ കെല്പുള്ള, എല്ലാ പൗരൻമാർക്കും രാഷ്ട്രഭരണത്തിൽ പങ്കെടുക്കാനുള്ള, അവരുടെ ഇച്ഛപ്രതിഫലിപ്പിക്കാൻ അവസരമുള്ള ഒരു ഭരണക്രമമായിട്ടാണ്. പൊതുജനാഭിപ്രായമാണ് ജനാധിപത്യ ഗവൺമെന്റിന്റെ നിയന്ത്രണ ശക്തി. ജനങ്ങൾക്കു വേണ്ടി ജനങ്ങളാൽ നടത്തപ്പെടുന്ന ജനങ്ങളുടെ ഗവൺമെന്റ്[11] എന്നാണ് എബ്രഹാം ലിങ്കൺ ജനാധിപത്യത്തെ നിർവചിക്കുന്നത്.

ജനാധിപത്യത്തിൽ ജനങ്ങളാണ് അവരുടെ ഭാഗ്യവിധാതാക്കൾ. ഭരണത്തിൽ അവസാനവാക്കുപറയാനുള്ള അവകാശം അവർക്കുണ്ട്. അഭിപ്രായസ്വാതന്ത്ര്യം, ചിന്താസ്വാതന്ത്ര്യം മുതലായവ ഓരോ പൗരന്റേയും ജന്മാവകാശമാണ്. പൊതുജനങ്ങളുടെ അഭിപ്രായത്തെ മർദ്ദിച്ച് ഒതുക്കുകയും സ്വതന്ത്രാഭിപ്രായപ്രകടനത്തെ തടഞ്ഞ് മനസ്സാക്ഷിയുടെ വെളിച്ചത്തിൽ ചിന്തിക്കാനും പറയാനും പ്രവർത്തിക്കാനും സ്വാതന്ത്ര്യമില്ലാത്ത അവസ്ഥ സൃഷ്ടിക്കുകയും ചെയ്യുന്നത് ജനാധിപത്യവിരുദ്ധമായി കണക്കാക്കപ്പെടുന്നു. എന്നാൽ വ്യത്യസ്ത അഭിപ്രായങ്ങൾക്കും ചിന്താധാരകൾക്കും അർഹിക്കുന്ന പരിഗണന ജനാധിപത്യവ്യവസ്ഥിതിയിൽ ലഭിക്കുന്നുണ്ട്. ജനാധിപത്യഭരണക്രമം വിജ്ഞാനതൃഷ്ണ, വ്യക്തിത്വം, സ്വാശ്രയശീലം, സ്വന്തം ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കാനും നേതൃത്വം ഏറ്റെടുക്കാനുമുള്ള കഴിവ് എന്നിവ ജനങ്ങളിൽ വളർത്തുന്നു. പാർസണിന്റെ സിദ്ധാന്തം അധികാരത്തിന് പുതിയമാനം നൽകുന്നു. എപ്പോൾ കടപ്പാടുകൾ സാമൂഹ്യക്ഷേമങ്ങളിൽ ബന്ധിതമായി നിയമസാധ്യതയുള്ളതായിത്തീരുന്നുവോ, എവിടെ അച്ചടക്കത്തിനധീനമാകാത്ത അവസ്ഥയിൽ, നിഷേധാത്മകമായ ചുറ്റുപാടിൽ ഔപചാരികമായ അനുവാദത്തോടെ നിയമം നടപ്പിലാക്കാനുള്ള ഉദ്ദേശ്യമുണ്ടോ, അത്

നടപ്പാകുന്നു. യഥാർത്ഥ സംഘടന ഏതുതന്നെയായാലും അവിടെ സാമൂഹ്യസംഘടനാഘടകങ്ങൾക്ക് ബാധ്യതയുള്ള കടപ്പാടുകളുടെ നിർവ്വഹണം ഉറപ്പു വരുത്താനുള്ള സാർവ്വത്രികമായ കഴിവാണ് അപ്പോൾ അധികാരം.[12]

**മാക്സ് വെബ്ബർ**

മാക്സ്‌വെബ്ബർ അധികാരം മൂന്നുതരത്തിൽ പ്രവർത്തിക്കുന്നതായി കണ്ടെത്തി. പരമ്പരാഗതമായി അധികാരിയുടെ വാക്കുകൾ അനുസരിച്ചുകൊണ്ട് ജീവിക്കുന്ന രീതി. അഗാധമായ ആചാരാനുഷ്ഠാനവുമായി ബന്ധപ്പെട്ടു നിൽക്കുന്ന അധികാരശക്തിയായിരുന്നു പരമ്പരാഗതമായ അധികാരരീതി. പ്രാചീനഗോത്രവർഗ്ഗങ്ങളും രാജഭരണവുമൊക്കെ ഇതിൽപ്പെടും. ഇവിടെ അധികാരം സ്വീകരിക്കപ്പെടുന്നതിന്റെ പ്രാധാനകാരണം പണ്ടുമുതലേ അങ്ങനെ തുടർന്നുപോരുന്നു എന്നതാണ്. എഴുതിവയ്ക്കാത്ത നിയമങ്ങളിലാണ് അധികാരശക്തി നിലനിൽക്കുന്നതും തുടരുന്നതും. നിയമം കാലാനുസൃതമായി ഭരണം മാറുന്നതിനനുസരിച്ച് മാറിക്കൊണ്ടിരിക്കും. വെബ്ബർ വിശദമാക്കുന്ന അധികാരത്തിന്റെ രണ്ടാമത്തെ തലമാണ് യുക്തിപ്രഭാവപരമായ അധികാരം. ഇതിലാകട്ടെ വ്യക്തിക്കോ അധികാരസ്ഥാനത്തിനോ പ്രാധാന്യമില്ല. ജനങ്ങൾ അംഗീകരിച്ച നിയമങ്ങളുടെ അടിസ്ഥാനത്തിൽ ഭരണം നടത്തുകയാണ് അധികാരി. നിയമപരമായനടപടികൾക്കനുസരിച്ച് അധികാരസ്ഥാനത്തേക്ക് തെരഞ്ഞെടുക്കുന്ന ആൾ നിയമങ്ങൾ അനുസരിച്ച് പ്രവർത്തിക്കുകയാണ് ഇതിന്റെ രീതി.[13] മൂന്നാമത്തെ വിഭാഗമായ വ്യക്തിപ്രഭാവപരമായ അധികാരത്തിൽ ജനങ്ങൾ ഒരു വ്യക്തിയുടെ കഴിവിൽ വിശ്വസിച്ചുകൊണ്ട് അധികാരം ഏൽപ്പിക്കുകയാണ്. തങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ആ വ്യക്തിക്കുമാത്രമേ സാധിക്കൂ എന്ന് വിശ്വസിച്ചുകൊണ്ട് അയാളോട് ആദരവും വിധേയത്വവും കാണിക്കുന്നു. അത്തരം നേതാക്കളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രസ്ഥാനങ്ങൾ ആ വ്യക്തി ഇല്ലാതാകുന്നതോടെ പ്രശ്നത്തിലാകുന്നു. എന്നാൽ കരിസ്മ (വ്യക്തിപ്രഭാവ

പരമായ അധികാരം) ആ വ്യക്തിയിൽ നിന്ന് അയാൾ ജനിച്ച കുടുംബത്തിലേക്കോ അയാൾ വഹിച്ച പദവിയിലേക്കോ മാറ്റപ്പെട്ടേക്കാം. ജൂലിയസ് സീസറിനുശേഷം സീസർ കുടുംബത്തിന് റോമൻ സമൂഹത്തിന്റെ മേലുണ്ടായിരുന്ന അധികാരം കരിസ്മയുടെ അടിസ്ഥാനത്തിലാണ് ലഭിച്ചത്. ഈ മൂന്ന് അധികാരരീതികളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. നിയമപരമായ അധികാരം കാലക്രമത്തിൽ പരമ്പരാഗതമായ അധികാരമായി മാറുന്നു. വ്യക്തിപ്രഭാവത്തിൽ അധിഷ്ഠിതമായ അധികാരം കാലക്രമത്തിൽ പരമ്പരാഗതമായും നിയമത്തിന്റെ സാധ്യതയുള്ള അധികാരമായും മാറുന്നു.

വ്യക്തിപ്രഭാവപരമായ അധികാരം വേറെ ചില രൂപത്തിൽ സമൂഹത്തിൽ വ്യാപരിക്കുന്നതായും വെബ്ബർ കണ്ടെത്തി. കരിസ്മാറ്റിക് അധികാരം ഒരു നേതാവിൽനിന്ന് കുറച്ചുപേരിലേക്കും അവരിൽ നിന്ന് വീണ്ടും തെരഞ്ഞെടുക്കുന്ന കുറച്ചുപേരിലേക്കും വ്യാപിക്കുന്ന രീതിയുണ്ട്. എന്നാൽ നേതൃസ്ഥാനത്തുനിന്നും അധികാരവികേന്ദ്രീകരണം അണികളിലേക്ക് വ്യാപിക്കുന്നത് ഒരു പ്രത്യേക ലക്ഷ്യത്തോടെയായിരിക്കും. അഥവാ ഒരു പ്രത്യേക ലക്ഷ്യം സാധിക്കാൻ വേണ്ടി കടന്നുവരുന്ന ഒരു കൂട്ടം ആൾക്കാരായിരിക്കും അണികൾ. അവരുടെ ലക്ഷ്യം ഉടൻ സാധിക്കുന്നതാവണമെന്നില്ല. വിദൂരഭാവിയിൽ ഒരു സാമൂഹികമാറ്റം സംഭവിക്കും എന്ന് കരുതി കൂട്ടായപ്രവർത്തനത്തിലേർപ്പെടുന്നവരായിരിക്കും നേതാവും അണികളും. താത്കാലികമായ രീതിയിൽ പ്രവർത്തിക്കുന്ന അധികാരഘടനയെക്കുറിച്ച് വെബ്ബർ വ്യക്തമാക്കുന്നത് അങ്ങനെയാണ്. ഒരു സ്ഥാപനത്തിൽ പ്രവർത്തിക്കുന്നവർ ഒരു അധികാരകേന്ദ്രത്തിനു കീഴിൽ പൊതുലക്ഷ്യത്തിനായി താത്കാലികമായി ഒത്തുകൂടുന്നു. അധികാരവികേന്ദ്രീകരണത്തിലൂടെ അതിൽ ഉൾപ്പെട്ടവരെല്ലാം തങ്ങളിൽ നിക്ഷിപ്തമായ കടമ നിർവ്വഹിക്കുന്നു. അതേത്തുടർന്ന് തങ്ങൾ മുൻപ് ആയിരുന്ന മേഖലകളിലേക്ക് അവർ മടങ്ങിപ്പോകുകയും ചെയ്യുന്നു. ഇത്തരത്തിൽ ഒരു അധികാരഘടനനിലനിൽക്കുന്നതായി തുടർന്ന് വെബ്ബർ വ്യക്തമാക്കുന്നു. അതുകൂടാതെ ഒരു സ്ഥാപന

ത്തിൽ അധികാരസ്ഥാനത്തിരിക്കുന്ന ആൾ അവിടെ നടപ്പാക്കേണ്ട കാര്യങ്ങൾ വിശദമാക്കുകയും ആ നേതൃസ്ഥാനത്തിൻ കീഴിൽ എല്ലാം ക്രമമായി ചെയ്തു തീർക്കുകയും ചെയ്യുന്നു. നേതൃസ്ഥാനത്തിന്റെ ഉത്തമമായ പ്രവർത്തനം മൂലം ആ സ്ഥാപനം നല്ല രീതിയിൽ പ്രവർത്തിക്കുകയും അധികാരപ്രയോഗം നിശ്ശബ്ദമായ രീതിയിൽ അംഗീകരിക്കപ്പെടുകയും ചെയ്യുന്നു.

അധികാരത്തിന്റെ വിവിധതലങ്ങളെക്കുറിച്ചുള്ള പഠനത്തിനിടയിൽ വെബ്ബർ അധികാരിത(authority)യെക്കുറിച്ച് വിശദമാക്കുന്നു. മാർക്സിന്റെ രീതിക്കനുസരിച്ച് ആധിപത്യം എന്ന അർത്ഥത്തോട് ചേർത്തും അധികാരത്തെ വെബ്ബർ കാണുന്നു. ഈ വീക്ഷണത്തിൽ അധികാരം എന്നത് ഒരാൾ മറ്റൊരാളിൽ നിന്ന് നേടുന്ന ഒന്നാണ്. ഉടമസ്ഥാവകാശമുള്ള ഒന്നാണ് അല്ലെങ്കിൽ കൈവശം വയ്ക്കപ്പെടുന്ന ഒന്നാണ്. ഭരിക്കുന്ന ആളുടെ അവകാശമാണ് ആജ്ഞകൾ നൽകുക എന്നത്. അങ്ങനെയെങ്കിൽ ഭരിക്കപ്പെടുന്നവന്റെ കടമയാണ് അനുസരിക്കുക എന്നത്. അധികാരബന്ധങ്ങൾ സമൂഹത്തിൽ നിലനിൽക്കുന്നത് സാമ്പത്തിക അടിസ്ഥാനത്തിലാണെന്ന മാർക്സിന്റെ വിശകലനത്തെ വെബ്ബർ അംഗീകരിക്കുന്നു. നിക്കോളാസ് പൗലന്റ്സാസിന്റെ അധികാരത്തെ സംബന്ധിക്കുന്ന സിദ്ധാന്തം മാർക്സിന്റെ സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. സമൂഹത്തിൽ അധികാരം നിലനിൽക്കുന്നതിന്റെ അടിസ്ഥാനഘടകം സാമ്പത്തിക ഘടനയാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു.[14] എന്നാൽ പലപ്പോഴും ഉപരിഘടനയായി നിൽക്കുന്നത് സ്റ്റേറ്റും മതവും വിദ്യാഭ്യാസമേഖലയും ഒക്കെയാകാം. അതുകൊണ്ട്തന്നെ ഉപരിഘടനകളിലാണ് അധികാരം കൂടുതലായി നിലനിൽക്കുന്നതെന്ന് നിക്കോളാസ് വ്യക്തമാക്കുന്നു.

അധികാരം എന്നതുകൊണ്ട് വെബ്ബർ ഉദ്ദേശിക്കുന്നത്, തന്നിരിക്കുന്ന സാഹചര്യത്തിൽ ഒരു വ്യക്തിക്ക് എന്തു പ്രതിസന്ധികളേയും മറികടന്ന് സ്വന്തം ആഗ്രഹം നടപ്പിലാക്കാനുള്ള കഴിവിനെയാണ്.[15] ഏതു തരത്തിലുമുള്ള അധികാരവും സാമൂഹികബന്ധങ്ങൾക്കിടയിൽ നിരന്തരം സംഘട്ടന

ത്തിൽ ഏർപ്പെട്ടാണ് നിൽക്കുന്നത്. വെബ്ബർ തുടർന്ന് നിയമസാധുതയുടെ തലത്തെ അധികാരിതയുമായികൂട്ടിച്ചേർക്കുന്നു. (അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അധികാരിത എന്നത് ഒരു ഭരണാധികാരിയുടെ അവകാശമാണ്). ആജ്ഞകൾ മറ്റുള്ളവരെക്കൊണ്ട് അനുസരിപ്പിക്കേണ്ടതും അതുപോലെ തന്നെ ആ വ്യക്തിയുടെ അവകാശമാണ്. അധികാരിത എന്നത് അധികാരത്തിൽ നിന്നും വ്യത്യസ്തപ്പെട്ടിരിക്കുന്നതിന്റെ കാരണം അധികാരിത നിയമത്തിന്റെ പിൻബലത്തിലാണ് നടപ്പിലാക്കുക എന്നതിനാലാണ്. ഇവിടെ ഭരണാധികാരിയുടെ ആജ്ഞകൾ പുറപ്പെടുവിക്കാനുള്ള അധികാരത്തിലുള്ള വിശ്വാസമാണ് ആജ്ഞാനുവർത്തികളുടെ സമ്മതം. സ്റ്റേറ്റിന്റെ നിലവാരത്തിനനുസരിച്ചാണ് അധികാരിത ഉണ്ടാകുന്നതെന്ന മാർക്സിന്റെ വിശദീകരണത്തോട് വെബ്ബർ യോജിക്കുന്നു. എന്നാൽ അധികാരത്തേയും അധികാരിതയെയും കാണുകയും അധികാരികതയെ പ്രധാനഘടകമായി നേതൃത്വ സ്ഥാനമായും കാണുകയാണ് വെബ്ബർ ചെയ്തത്,

ഒരു വ്യക്തിയിലോ സംഘടനയിലോ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് ആജ്ഞകൾ (ഉത്തരവുകൾ) പുറപ്പെടുവിക്കുവാനും അത് ലംഘിക്കുന്നവരെ ശിക്ഷിക്കാനുമുള്ള അവകാശവും ശക്തിയുമാണ് അധികാരിത.[16] വ്യക്തിയോ വ്യക്തികളോ മറ്റുള്ളവരുടെ മേൽ ആധിപത്യം പുലർത്തുന്ന രീതി എല്ലാ സമുദായങ്ങളിലും സംഘടനകളിലും കാണാവുന്നതാണ്. മാതാപിതാക്കൾക്ക് കുട്ടികളുടെ മേലുള്ള നിയന്ത്രണം മുതൽ രാഷ്ട്രത്തിലേയും അന്താരാഷ്ട്രസംഘടനകളിലേയും അധികാരംവരെ അധികാരിതയുടെ പരിധിയിൽപ്പെടുന്നു. എന്നാൽ അവയുടെ പ്രയോഗത്തിൽ പലപ്പോഴും വ്യത്യാസം കാണാം. അധികാരിതയെ കഴിവോ സാമർത്ഥ്യമോ ആയി പരിഗണിക്കുന്നത് ശരിയല്ലെന്ന് സാമൂഹികശാസ്ത്രജ്ഞൻമാർ അഭിപ്രായപ്പെടുന്നു. വ്യക്തികളിലും സമൂഹങ്ങളിലും നിലനിൽക്കുന്ന ബന്ധങ്ങളെ അധികാരിതയായി കാണുന്ന സാമൂഹിക ശാസ്ത്രജ്ഞന്മാരുണ്ട്. ശക്തിയുടെ ബഹിർസ്ഫുരണമാണ് അധികാരിത എന്ന് വാദിക്കുന്നവരുമുണ്ട്.

രാഷ്ട്രമീമാംസകൻമാർ അധികാരിതയെ ഔപചാരികശക്തിയായി നിർവ്വചിക്കുന്നു. എന്നാൽ ശക്തി, നിർബന്ധം, നേതൃത്വം, പ്രേരണ, സ്വാധീനത എന്നിവയിൽ നിന്നും വ്യത്യസ്തമാണ് അധികാരിത എന്ന് വെബ്ബർ പറയുന്നു.

ന്യായാനുസാരേണ എന്ന സ്വഭാവവിശേഷം അധികാരിതയ്ക്കുണ്ട്. മേലേക്കിടയിലുള്ളവർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അനുസരിക്കാൻ താഴേക്കിടയിലുള്ളവർ ബാധ്യസ്ഥരാണെന്നുള്ള വിശ്വാസമാണ് ഇതിനുപിന്നിലുള്ളത്. അത് ചോദ്യം ചെയ്യപ്പെട്ടാൽ അധികാരിത ഇല്ലാതായിത്തീരുകയോ അതിന്റെ ഗൗരവസ്വഭാവം നഷ്ടപ്പെടുകയോ ചെയ്യും. താഴെയുള്ളവൻ മുകളിൽ നിന്ന് ആജ്ഞകൾ പ്രതീക്ഷിക്കുന്നിടത്ത് അധികാരിത കൂടുതൽ ഗൗരവസ്വഭാവമുള്ളതായിത്തീരും എന്ന് വെബ്ബർ വിശദമാക്കുന്നു.

**മിഷേൽ ഫൂക്കോ**

സമൂഹത്തിൽ അധികാരബന്ധങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നു എന്ന ഫൂക്കോയുടെ ചോദ്യത്തിന് ലഭിച്ച ഉത്തരം അധികാരത്തിന് ജ്ഞാനവുമായുള്ള ബന്ധമായിരുന്നു. അധികാരത്തെ സംബന്ധിച്ച് നിലവിലുള്ള എല്ലാ സാമ്പ്രദായിക സിദ്ധാന്തങ്ങളേയും മാറ്റിനിർത്തിക്കൊണ്ട് ജ്ഞാനവും അധികാരവും തമ്മിലുള്ള ബന്ധം പരിശോധിച്ചു. കർത്തൃത്വത്തിലധിഷ്ഠിതമായ അധികാരസങ്കല്പങ്ങളിൽ നിന്നും അവയെ മാറ്റിനിർത്തി പഠനം നടത്തി. സത്യവും അധികാരവും തമ്മിലുള്ള ബന്ധമാണ് ജ്ഞാനവുമായി അധികാരത്തിനുള്ള ബന്ധം പരിശോധിക്കാൻ ഫൂക്കോയെ പ്രേരിപ്പിച്ചത്. അധികാരമേഖലയിലെ ശക്തിക്കനുസരിച്ചാണ് സത്യം നിലനിൽക്കുന്നതെന്ന് അദ്ദേഹം വിശദമാക്കുന്നു. സത്യത്തെ വളച്ചൊടിക്കാനോ മറച്ചുവയ്ക്കാനോ കഴിയുന്നത് അധികാരസ്ഥാനത്തിന്റെ ഉയർച്ചയുടേയും, സമൂഹത്തിൽ അതിനുള്ള നിലനിൽപ്പിന്റേയും അടിസ്ഥാനത്തിലാണ്. സത്യത്തെ ഉത്പാദിപ്പിക്കുകയും അതിനെ നിത്യം സംരക്ഷിച്ചുനിർത്തുകയും ചെയ്യുന്ന അധികാര

വ്യവസ്ഥകളുമായും അതിൽ നിന്ന് ഉരുത്തിരിയുന്ന അധികാരഫലങ്ങളുമായും സത്യത്തിന് ചാക്രികമായ ഒരു ബന്ധമാണുള്ളതെന്ന് ഫൂക്കോ കണ്ടെത്തുന്നു. സമൂഹത്തിൽ നിലനിൽക്കുന്ന നിയമം കൈയ്യാളാൻ അവകാശമുള്ള സ്ഥാനങ്ങളെ അടിസ്ഥാനമാക്കിയാണ് സത്യത്തിന്റെ നിലനിൽപ്പെന്നും ഫൂക്കോ വിശദമാക്കുന്നു. പ്രസ്താവങ്ങളുടെ ഉത്ഭവം, ഉത്പാദനം, ക്രമീകരണം, വിനിമയം, വിതരണം തുടങ്ങിയവയ്ക്ക് സൗകര്യമൊരുക്കുന്ന ക്രമബന്ധമായ വ്യാപാരങ്ങളുടെ വ്യവസ്ഥയാണ് സത്യം.[17]

അധികാരവും സത്യവുമായുള്ള ബന്ധത്തിന്റെ പഠനത്തെത്തുടർന്ന് അധികാരത്തിന്റെ ജ്ഞാനബന്ധം ഫൂക്കോ പരിശോധിച്ചു. അക്കാലത്ത് നിലനിന്നിരുന്ന ജ്ഞാനവുമായി അധികാരത്തിന് ബന്ധമില്ലെന്ന് കണ്ടെത്തി. ഒരു വ്യവഹാരം (discourse) രൂപീകരിക്കുമ്പോൾ നടത്തുന്ന പ്രസ്താവങ്ങളിൽ ഏതെല്ലാമാണ് സത്യം ഏതെല്ലാമാണ് അസത്യം എന്ന് സമൂഹം തീരുമാനിക്കുന്നതിന് സഹായകമായ അറിവാണ് ഫൂക്കോ ഉദ്ദേശിക്കുന്ന ജ്ഞാനം. രൂപീകരിക്കപ്പെടുന്ന വ്യവഹാരം പലപ്പോഴും സാമൂഹിക വിലക്കുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഓരോ സമൂഹത്തിലും വ്യവഹാരത്തിന്റെ ഉത്ഭവത്തിൽ അതിന്റെ ശക്തിയേയും അതുണ്ടാക്കാൻ സാധ്യതയുള്ള പ്രശ്നത്തേയും ഒഴിവാക്കാൻ ഉതകുന്നതരത്തിൽ സമൂഹം തന്നെ ചില നടപടിക്രമങ്ങൾ ഉപയോഗിച്ച് നിയന്ത്രിക്കുകയും പുനഃക്രമീകരിക്കുകയും ചെയ്യും. സമൂഹം വ്യവഹാരത്തിന്റെ മേൽ ബാഹ്യവും ആന്തരികവുമായ വിലക്കുകൾ ചെലുത്തുന്നതായും വ്യക്തിയുടെ മേൽ വ്യവഹാരം നിയന്ത്രണം പ്രയോഗിക്കുന്നതായും ഫൂക്കോ കണ്ടെത്തി. ഒരു പ്രത്യേക വ്യവഹാരമണ്ഡലമാണ് ജ്ഞാനവിഷയത്തിന്റെ ഉത്ഭവത്തിന് കാരണമായിത്തീരുന്നത്. അതിനാൽ സമൂഹത്തിൽ നിലനിൽക്കുന്ന സത്യത്തേയും ന്യായത്തേയും വിലയിരുത്താൻ ആ സമൂഹത്തിൽ നിലനിൽക്കുന്ന വ്യവഹാരമണ്ഡലത്തിൽത്തന്നെയുള്ള മാനദണ്ഡങ്ങൾ ഉപയോഗിക്കണമെന്ന് ഫൂക്കോ വ്യക്തമാക്കുന്നു. പുതിയവ്യവഹാര മണ്ഡലങ്ങൾ സൃഷ്ടിക്കുന്ന ജ്ഞാനവിഷയങ്ങളും

അതോടൊപ്പം ഉത്ഭവിക്കുകയും വളരുകയും ചെയ്യുന്ന സത്യാസത്യഭേദ ങ്ങളും ചേർന്നതാണ് സാമൂഹ്യമായ വ്യവഹാരമണ്ഡലം. സത്യം വ്യവഹാ രമണ്ഡലത്തിനകത്താണ് പലപ്പോഴും രൂപപ്പെടുന്നത്. വ്യവഹാരത്തിന്റെ സത്യവാദപരമായ ധർമ്മത്തെ സാമൂഹികസ്ഥാപനം നടത്തുന്ന അധികാര പ്രയോഗത്തിന്റെ ദൃഷ്ടാന്തമായി ഫൂക്കോ ഉയർത്തിക്കാട്ടുന്നു.

അധികാരത്തിന് ജ്ഞാനവുമായുള്ള ബന്ധം പരിശോധിച്ച ഫൂക്കോ ജ്ഞാനസ്ഥാപനത്തിന് അധികാരം വഹിക്കുന്ന പങ്ക് ഓരോ സമൂഹത്തിലും വ്യത്യസ്തമാണെന്ന് കണ്ടെത്തി. അധികാരം ജ്ഞാനം എന്നീ സംവർഗ്ഗ ങ്ങൾ സംയുക്തമായി സൃഷ്ടിക്കുന്ന സാമൂഹ്യമേഖലകളിൽ ശാസ്ത്രം, ഭര ണകൂടം എന്നീ അധികാരസ്ഥാപനങ്ങൾ ജ്ഞാനരൂപങ്ങളായി നില നിൽക്കുന്നു. ജ്ഞാനത്തിന്റെ സംഗ്രഹണമോ സ്വാംശീകരണമോ വിതര ണമോ സംരക്ഷണമോ ഇല്ലാതെ ഒരു തരത്തിലുമുള്ള അധികാരപ്രയോ ഗവും സമൂഹത്തിൽ നിലനിൽക്കില്ല. എന്നാൽ ജ്ഞാനം ചിലപ്പോൾ അധി കാരതൃഷ്ണയുടെ ബഹിർസ്ഫുരണമായിമാറുന്നു. സ്ഥാപനങ്ങളും വ്യവ ഹാരങ്ങളും ഒരുപോലെ അധികാരതൃഷ്ണയുമായി ബന്ധപ്പെട്ടുനിൽക്കുന്ന തിനാലാണ് ഇങ്ങനെ കാണപ്പെടുന്നത്. ജർമ്മൻ തത്വചിന്തകനായ ഫ്രഡറിക് നീഷേ ജ്ഞാനതൃഷ്ണയെ സത്യതൃഷ്ണ എന്നാണ് വിശേഷിപ്പിച്ചത്.[18] ജ്ഞാനതൃഷ്ണയെ അറിയണമെങ്കിൽ നിലവിലുള്ള വ്യവഹാരമണ്ഡല ത്തിൽനിന്ന് പുറത്തുകടക്കണമെന്ന നീഷേയുടെ കണ്ടെത്തലിനെ അംഗീക രിച്ചുകൊണ്ട് അധികാരബന്ധത്തെ കേന്ദ്രസ്ഥാനത്ത് നിർത്തിക്കൊണ്ടാണ് ഫൂക്കോ ജ്ഞാനതൃഷ്ണയ്ക്ക് വിശദീകരണം നൽകിയത്. ഒരു സവിശേഷ ജ്ഞാനമണ്ഡലത്തെ തകർത്തുകൊണ്ട് മാത്രമേ അധികാരകേന്ദ്രത്തേയും തകർക്കാൻ കഴിയുകയുള്ളൂ എന്ന് ഫൂക്കോ വ്യക്തമാക്കുന്നു.[19] Essays in Social Theory(1977) യുടെ ആദ്യ ആർട്ടിക്കിളിൽ ലൂക്ക്സ് അറിവും അധികാരവും തമ്മിലുള്ള ബന്ധം പരിശോധിക്കുന്നു. ആധിപത്യത്തിൽ അധി ഷ്ഠിതമായ സമൂഹത്തിൽ അധികാരബന്ധങ്ങളുടെ താത്പര്യങ്ങൾക്കനു

സരിച്ച് അറിവിന്റെ (സത്യം) അർത്ഥം മാറിവരുന്നു. ഈ സിദ്ധാന്തത്തെകൂടുതൽ വിശകലനം ചെയ്ത് ഫൂക്കോ വിശദമാക്കുന്നു.

അറിവും അധികാരവും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു എന്ന് കണ്ടെത്തിയ ഫൂക്കോ അറിവ് ഒരാളെ സമുന്നതനാക്കുന്നതായി അഭിപ്രായപ്പെടുന്നു. അയാളുടെ സംസ്ക്കാരം വർദ്ധിപ്പിക്കുന്നു. ഈ അറിവിന് മറ്റൊരാളുടെ പെരുമാറ്റത്തേയും പ്രവൃത്തിയേയും സ്വാധീനിക്കാൻ കഴിയും. അവിടെയാണ് അധികാരപ്രകടനം പ്രത്യക്ഷത്തിൽ സംഭവിക്കുന്നത്. അധികാരത്തിന് അറിവുമായുള്ള ബന്ധം പരിശോധിച്ച ബാർനസ് ഇപ്രകാരം വ്യക്തമാക്കുന്നു. അധികാരം സ്വാഭാവികവും സഹജവും സാമൂഹികവുമാണ്. അധികാരമെന്നത് അതിന്റെ പ്രവർത്തനത്തിനനുസരിച്ച് കുറച്ചുകൊണ്ടുവരാവുന്ന ഒന്നല്ല.[20] ഒരു കാറിന്റെ ഉദാഹരണത്തിലൂടെ അദ്ദേഹം ഈ പ്രസ്താവന തെളിയിക്കുന്നു. ഒരു കാർ, ഡ്രൈവർ അതിവേഗതയിൽ ഓടിക്കുമ്പോൾ മാത്രമല്ല നിർത്തിയിരിക്കുമ്പോഴും പ്രവർത്തനസജ്ജമാണ്. അഥവാ പ്രവർത്തനത്തിന് സാധിക്കുന്നതരത്തിലാണ് അത് ആയിരിക്കുന്നത്. അധികാരം സമൂഹത്തിൽ നിലനിൽക്കുന്നിടത്തോളം അത് പ്രവർത്തനസജ്ജമാണ്. സ്വാഭാവിക അധികാരത്തേയും സാമൂഹിക അധികാരത്തേയും അറിവിന്റെ അടിസ്ഥാനത്തിൽ ബാർനസ് വിലയിരുത്തുന്നു. ഭൗതികമായ അധികാരം അറിവിൽനിന്നും ഭൗതിക വസ്തുക്കളുടെ സാക്ഷാത്കാരത്തിൽ നിന്നും ഉടലെടുക്കുന്നു. സാമൂഹികമായ അധികാരമാകട്ടെ അറിവിലും സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടുമ്പോഴുള്ള പ്രതിബന്ധങ്ങളിൽ നിന്നും ലഭിക്കുന്ന അറിവിനെ അടിസ്ഥാനമാക്കിയും ഉണ്ടാകുന്നതാണ്. ഏതൊരു അധീശ വർഗ്ഗവും അവരുടേതായ ആശയങ്ങളും ജ്ഞാനരൂപങ്ങളും സമൂഹത്തിൽ പ്രയോഗിക്കുന്നതായി ബാർനസ് വ്യക്തമാക്കുന്നു.

അറിവും അധികാരവും തമ്മിലുള്ള ബന്ധം പരിശോധിച്ച ഫൂക്കോ തുടർന്നു നടത്തിയ അന്വേഷണം ചെന്നെത്തിയ പുതിയ വ്യാഖ്യാനങ്ങളിലാണ്. ശരീരത്തിനു മേൽ വർത്തിക്കുന്ന അധികാരവും ശരീരത്തിന്റെ അധി

കാരവും ഫൂക്കോ കണ്ടെത്തി. അധികാരശക്തിക്ക് വിധേയരാകുവാൻ വ്യക്തിയെ ശീലിപ്പിക്കുന്നത് ഇത്തരം അധികാരരീതികളാണ്. ശരീരത്തിനു മേൽ വർത്തിക്കുന്ന ശക്തിശരീരത്തെ ശിക്ഷണത്തിലൂടെ ഒരുക്കിയെടുക്കുന്നു. ശരീരത്തിന്റെ ശക്തി ഇച്ഛാശക്തിയിലും തൃഷ്ണയിലുമാണ് കുടികൊള്ളുന്നത്. ശരീരത്തിന്റെ ശക്തി ശരീരത്തിനുമേൽ ആധിപത്യം സ്ഥാപിക്കുവാൻ ശ്രമിക്കുന്ന അധികാരത്തെ വെറുക്കുന്നു. ശരീരത്തിനുമേലുള്ള അധികാരം മറ്റു പ്രജകളുടേതോ സമൂഹത്തിന്റേതോ ആകാം. ഫൂക്കോയുടെ അഭിപ്രായത്തിൽ അധികാരത്തിന്റെ സംഘർഷമെല്ലാം അനുഭവപ്പെടുന്നത് ശരീരത്തിലാണ്. അധികാരബന്ധങ്ങൾക്ക് ശരീരത്തിനുമേലുള്ള നിയന്ത്രണമാണ് അതിനു കാരണം കടമകൾ നിറവേറ്റുവാനും, ചടങ്ങുകൾ നടത്താനും, അടയാളങ്ങൾ നൽകുവാനുമൊക്കെ അവ ശരീരത്തെ നിയോഗിക്കുന്നു.

ശിക്ഷണവുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ ഫൂക്കോ അധികാരവുമായി ബന്ധിപ്പിക്കുന്നു. ശിക്ഷ അധികാരകേന്ദ്രത്തിന്റെ കടമകളിൽപ്പെടുന്നതാണ്. ഒരു സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി ഉണ്ടാക്കിയ നിയമങ്ങളുടെ നിഷേധം കുറ്റകൃത്യമായി കണക്കാക്കപ്പെടുമ്പോൾ അതിനു ശിക്ഷവിധിക്കാൻ അധികാരികൾ നിർബന്ധിതരാകുന്നു. കുറ്റവാളികൾക്ക് ശിക്ഷ വിധിക്കുന്നതിനെക്കുറിച്ച് ഫൂക്കോയുടെ കണ്ടെത്തൽ മറ്റൊന്നാണ്. ആളുകളെ അധികാരത്തിന്റെ പേരിൽ ദണ്ഡനശിക്ഷയ്ക്ക് വിധേയരാക്കുന്നതിനേക്കാൾ നല്ലത് അവരെ ശിക്ഷണത്തിനും പര്യവേഷണത്തിനും വിധേയരാക്കുന്നതാണ്. വ്യക്തികളെ നിയമബന്ധരാക്കുന്ന പ്രക്രിയയാണ് ശിക്ഷണം. വ്യക്തിയെ അധികാരത്തിന്റെ കൺമുന്നിൽ പ്രതിഷ്ഠിക്കുകയോ, അങ്ങനെ ഒരു തോന്നൽ ഉണ്ടാക്കിയെടുക്കുകയോ ചെയ്യുന്നതാണ് പര്യവേഷണം. ജനങ്ങൾക്ക് ആത്മീയമായ കാവൽ നിൽക്കുന്നതിനു സമമാണ് ശിക്ഷണവും പര്യവേഷണവും എന്ന് ഫൂക്കോ തുടർന്ന് വിശദമാക്കുന്നു. അധികാരത്തിന്റെ സൂക്ഷ്മഭൗതികം എന്ന് ഫൂക്കോ വിശേഷിപ്പിക്കുന്നത് അധികാരഘടന സമൂഹത്തിൽ ഏർപ്പെടുത്തുന്ന ആത്മീയമായ ഈ കാവലിനെയാണ്. അധി

കാരശക്തി ആവശ്യപ്പെടുന്നരീതിയിൽ പ്രതികരിക്കാൻ വ്യക്തിശരീരത്തെ അനുശീലിപ്പിക്കുന്നതിന്റെ രീതികളും നിയമങ്ങളുമാണ് സൂക്ഷ്മഭൗതികം എന്ന് ഫൂക്കോ തുടർന്ന് വിശദമാക്കുന്നത്. അധികാരത്തിന്റെ സവിശേഷമായ പ്രയോഗരീതികളിലൊന്ന് ശരീരത്തിലുള്ള കേന്ദ്രീകരണമാണ്. ഈ അധികാരപ്രയോഗത്തെ ജൈവാധികാരമെന്നാണ് ഫൂക്കോ വിശേഷിപ്പിച്ചത്.[21] ആധുനികകാലത്തിന്റെ രാഷ്ട്രീയ അധികാരസ്വരൂപത്തേയും അതിന്റെ പശ്ചാത്തലത്തിൽ വികസിച്ചു വന്ന ജനകീയ പ്രതിരോധത്തെയും വിശദീകരിക്കുന്ന പരികല്പനയായി ജൈവാധികാരം പ്രവർത്തിക്കുന്നു. ആഗോളവത്ക്കരണം ലോകത്തെയാകമാനം ഒരു ഫാക്ടറിയാക്കി മാറ്റുമ്പോൾ പ്രകൃതിയിലും മനുഷ്യസമൂഹത്തിലും ഒരുപോലെ പ്രവർത്തിക്കുന്ന നൂതനമായ അധികാരരൂപമായി ജൈവാധികാരം മാറിയിരിക്കുന്നു.

**അന്റോണിയോ ഗ്രാംഷി**

അധീശത്വത്തേയും ആധിപത്യത്തേയും വേറിട്ടുകാണുകയും അധികാരിതയ്ക്ക് പ്രാധാന്യം നൽകുകയും ചെയ്യുന്ന മാക്സ് വെബറിന്റെ രീതിയുമായി ഏകദേശ സാമ്യം തോന്നുമെങ്കിലും വ്യത്യസ്തമാണ് ഗ്രാംഷിയുടെ സിദ്ധാന്തം. അധികാരത്തോട് ചേർത്താണ് ഗ്രാംഷി അധീശത്വത്തെ ക്കാണുന്നത്. അക്രമാസക്തമായ പെരുമാറ്റംകൊണ്ടോ ബലപ്രയോഗം കൊണ്ടോ നേടിയെടുക്കാവുന്ന ഒന്നല്ല അധികാരമെന്ന ആർഡന്റിന്റെ ചിന്താഗതി ഗ്രാംഷിയുടെ സിദ്ധാന്തത്തോട് വളരെ അടുപ്പമുള്ളതാണ്.[22] പൊതുസമ്മതത്താൽ നിർമ്മിക്കപ്പെട്ടതും ധാർമ്മികതയിൽ അധിഷ്ഠിതമായതും ദാർശനികവുമായ ബന്ധമാണ് അധികാരവും ആധിപത്യവും തമ്മിലുള്ളതെന്ന് ഗ്രാംഷി പറയുന്നു. ഭരണാധികാരി എല്ലാത്തിന്റേയും കേന്ദ്രബിന്ദുവല്ല. അദ്ദേഹത്തിന്റെ അധികാരം വ്യക്തിപരമല്ല. സാമൂഹികമാണെന്ന് ഗ്രാംഷി വാദിക്കുന്നു.

വെബ്ബറും ഗ്രാംഷിയും മാർക്സിനെപ്പോലെ സാമ്പത്തികാടിസ്ഥാനത്തിൽ അധികാരത്തെ വിശകലനം ചെയ്തിട്ടുണ്ട്. സമൂഹത്തിൽ അധീശത്വം

പുലർത്തുന്ന ഉന്നതരായ മുതലാളിവർഗ്ഗം എങ്ങനെയാണ് പ്രായോഗികവും സൈദ്ധാന്തികവുമായ രീതിയിൽ പലതരം പ്രവർത്തനങ്ങളിലൂടെ തങ്ങളുടെ അധികാരത്തെ നിലനിർത്തുകയും പൊതുസമ്മതം നേടുകയും ചെയ്യുന്ന തെന്ന് ഗ്രാംഷി അന്വേഷിച്ചു. കാറൽ മാർക്സിന്റെ സാമ്പത്തികാടിസ്ഥാന ത്തിൽ അധികാരഘടനയെ നിർവ്വചിക്കാൻ ശ്രമിക്കുകയും അതിന്റെ മൊത്തം ഘടനയെ പുനരാവിഷ്ക്കരിക്കുകയും ചെയ്തു. ആധിപത്യം എന്ന അർത്ഥ ത്തിലാണ് മാർക്സ് പ്രധാനമായും അധികാരത്തെ ഉപയോഗിച്ചിരിക്കുന്നത്. സ്റ്റേറ്റ് എന്ന വലിയ ഘടനയെ അധികാരകേന്ദ്രമായും ഭരണസിരയെ അതിന്റെ വാഹകമായും സ്വരൂപത്തെ ആധിപത്യോന്മുഖമായ ഉപയോഗരീതിയായും കണക്കാക്കുന്നു. അധികാരം ഏറ്റെടുക്കുന്നത് ഉത്പാദനത്തെ സ്ഥിരമായി നിലനിർത്താനുള്ള ആധിപത്യത്തിന്റെ പങ്കിന്റെ അടിസ്ഥാനത്തിലും, ഉത്പാ ദനക്ഷമതയുടെ ഉന്നമനത്താലുണ്ടാകുന്ന വർഗ്ഗവിഭജനത്തിന്റെ അടിസ്ഥാ നത്തിലുമാണെന്ന് മാർക്സ് വ്യക്തമാക്കുന്നു. അധികാരവും ആധിപത്യവും തമ്മിലുള്ള ബന്ധത്തിന്റെ ഘടനാപരമായ സാദൃശ്യവും അവ തമ്മിലുള്ള ആർത്ഥികമായ വ്യത്യാസവും അന്വേഷിച്ച ലൂക്സ് ചെന്നെത്തിയത് പുതിയ ചില കാഴ്ചപ്പാടുകളിലാണ്. ഘടനാപരമായി രൂപീകൃതമായ സാമൂ ഹികബന്ധങ്ങളാണ് അധികാരത്തെ രൂപപ്പെടുത്തുന്നത് എന്ന് വ്യക്തമാക്കു ന്നതിൽ അദ്ദേഹം വിജയിച്ചു.[23] അധികാരത്തെ ഘടനാപരമായ പരിമിതി യിൽ നിന്ന് വ്യത്യാസപ്പെടുത്തുന്ന വസ്തുതകളെന്തൊക്കെ എന്നുള്ളതാ യിരുന്നു അദ്ദേഹത്തിന്റെ തുടർന്നുള്ള അന്വേഷണം.

അധീശത്വം ഒരുതലത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല എന്ന് ഗ്രാംഷി വ്യക്തമാക്കുന്നു. സാമൂഹികമായ അധികാരവികേന്ദ്രീകരണത്തിന് കൂടുതൽ വ്യക്തമായ നിർവചനവും നൽകുന്നു. അധികാരഘടന രൂപംകൊ ള്ളുന്നത് സമൂഹത്തിലാണെന്ന് ഗ്രംഷിയും മനസ്സിലാക്കിയിരുന്നു. അതു കൊണ്ടുതന്നെ സിവിൽ സൊസൈറ്റിയെ അതിമാനുഷികമായ ഒരു തല മായി ഗ്രാംഷി കാണുന്നു. സാമ്പത്തികാവസ്ഥയിൽനിന്നും വേറിട്ടുനിൽക്കു

ന്നതല്ല സിവിൽ സൊസൈറ്റി. സ്റ്റേറ്റിന്റെ സാമ്പത്തികഘടനയ്ക്കും അധികാര ഘടനയ്ക്കും മധ്യേയുള്ള ഒരു ഇടനിലക്കാരനാണ് സിവിൽ സൊസൈറ്റി. അധീശത്വഭാവത്തിന്റെ പൊതുസമ്മതം സൃഷ്ടിക്കപ്പെടുകയും വിനിമയം ചെയ്യുകയും ചെയ്യുന്ന ഇടമാണ് സിവിൽ സൊസൈറ്റി. ഇവിടെത്തന്നെയാണ് സ്റ്റേറ്റിന്റെ അധീശത്വം വെല്ലുവിളി നേരിടേണ്ടിവരുന്നതും കീഴടക്കേണ്ടിവരുന്നതും. വ്യക്തികളേക്കാൾ സിവിൽ സൊസൈറ്റി അമിതപ്രാധാന്യം സ്റ്റേറ്റിനു നൽകുന്നതായി ഗ്രാംഷി വ്യക്തമാക്കുന്നു.[24]

പൗരാവകാശബോധമുള്ള ഒരു വിഭാഗം ആൾക്കാർ രാജ്യത്തിന്റെ പ്രവർത്തനത്തിനായി സിവിൽ സൊസൈറ്റിയിൽ ഉൾപ്പെടുന്നു. സിവിൽ സൊസൈറ്റിയെ സമൂഹികബന്ധങ്ങൾക്കും പ്രവർത്തനങ്ങൾക്കുമുള്ള വേറിട്ട ഒരു ഇടം എന്ന നിലയിലാണ് അൽത്തൂസർ കാണുന്നത്. ഗവൺമെന്റ് അധികാരം കിട്ടിയതിനുശേഷം മാത്രമേ അധീശത്വത്തിനായി പോരാടൂ. ആധിപത്യത്തെ സ്റ്റേറ്റ് പലതരത്തിൽ ആവിഷ്ക്കരിക്കുന്നു. അധീശത്വം ഒരിക്കൽ ലഭിച്ചുകഴിഞ്ഞാൽ അതേപടി ദീർഘനാൾ നിലനിർത്താൻ കഴിയുകയില്ല. സ്റ്റേറ്റിന്റെ രീതികൾക്കനുസരിച്ച് മാറ്റങ്ങൾ വരുത്തേണ്ടതാണ്. ഒരു സ്റ്റേറ്റിലെ എല്ലാത്തലത്തിലുമുള്ളവരുടേയും പങ്കാളിത്തമാണ് അധീശത്വത്തിന്റെ പിന്നിലുള്ളത്. അധികാരികളുടെ സാമ്പത്തികാടിത്തറയിൽ നേടിയെടുക്കാവുന്ന ഒന്നല്ല, മറിച്ച് സമൂഹത്തിന്റെ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന അസാമാന്യ ശക്തിയുള്ള ഒരു കൂട്ടം ആൾക്കാരുടെ താത്പര്യത്തിലാണ് ലഭിക്കുക. ഭൂരിഭാഗം ജനങ്ങൾ അവരുടെ പൊതുസമ്മതം സ്വമനസ്സാലെ തന്നാൽ മാത്രമേ അധീശത്വം പ്രാവർത്തികമാക്കാൻ കഴിയുകയുള്ളൂ. അപ്രകാരം പൊതുസമ്മതം ഇല്ലാത്തപക്ഷം അധീശത്വം ഇല്ലാതെ ആധിപത്യമായിരിക്കും നടപ്പിൽ വരിക. അങ്ങനെവന്നാൽ രഷ്ട്രീയ അച്ചടക്കം ഉണ്ടാകുകയില്ല. അതുമാത്രമല്ല രാഷ്ട്രീയ അച്ചടക്കത്തിന് ബലപ്രയോഗം നടത്തേണ്ടിവരും. അങ്ങനെ വരുമ്പോഴാണ് അധികാരം പ്രാബല്ല്യത്തിൽ വരിക എന്ന് ഗ്രാംഷി അഭിപ്രായപ്പെടുന്നു.

## അധികാരത്തിന്റെ പ്രത്യയശാസ്ത്രം

സമൂഹത്തിലെ അധികാരവർഗ്ഗത്തിന്റെ താത്പര്യമനുസരിച്ചാണ് പ്രത്യയശാസ്ത്രം നിലകൊള്ളുക. കലയും സാംസ്കാരിക പ്രവർത്തനങ്ങളും അതിന്റെ ഭാഗങ്ങളാണ്. അധികാരകേന്ദ്രത്തിന്റെ പ്രവർത്തനത്തെ അടിസ്ഥാനമാക്കിയാണ് പ്രത്യയശാസ്ത്രം നിലനിൽക്കുക. അധികാരത്തിന്റെ പ്രവർത്തനത്തെ അടിസ്ഥാനമാക്കി പരിശോധിച്ചാൽ അടിച്ചമർത്തലിലൂടെയല്ല അധികാരം പ്രവർത്തിക്കുന്നതെന്നു കാണാം. പൊതുസമ്മതിയിലൂടെയുള്ള അധികാരകേന്ദ്രത്തിനു മാത്രമേ നിലനിൽപ്പുള്ളു. അധികാരസ്ഥാനീയൻ വൈദേശികനാണെങ്കിൽ ഒരു പക്ഷേ അങ്ങനെ സംഭവിച്ചേക്കാം. (ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ ഭാരതജനത കഴിഞ്ഞിരുന്നത് അധികാരത്തിന്റെ നിയന്ത്രണശക്തിയാലാണ്). എന്നാൽ പിന്നീട് ഇതിനുമാറ്റം വന്നുവെങ്കിലും അധികാരത്തിന്റെ  പൊതുവായ സവിശേഷതകൾ ആധുനികസമൂഹത്തിലും മാറ്റമില്ലാതെ തുടരുന്നു.

സമകാലസമൂഹത്തിൽ പ്രവർത്തിക്കുന്ന അധികാരബന്ധഘടനയിൽ അടിസ്ഥാനപരമായി ഒരു മാറ്റം സംഭവിച്ചു കഴിഞ്ഞിരിക്കുന്നു. അച്ചടക്കമുള്ള സമൂഹം എന്ന് ഫൂക്കോ വിശേഷിപ്പിക്കുന്ന ആധുനികസമൂഹത്തിലെ അധികാരബന്ധഘടന അടിസ്ഥാനമാതൃകയിൽത്തന്നെ ഒരു മാറ്റത്തിന് വിധേയമായിക്കഴിഞ്ഞിരിക്കുന്നു. സാമൂഹികബോധം ഉണ്ടായ മനുഷ്യനിൽ അധികാരം കടന്നുവരുന്നതിനു മുൻപ് ഉണ്ടായത് അച്ചടക്കം എന്ന ശീലമാണ്. അനുസരണയുള്ള പ്രജയായി മാറാൻ വ്യക്തി തയ്യാറാകുന്നിടത്താണ് അച്ചടക്കം ഉണ്ടാകുന്നത്. യഥാർത്ഥത്തിൽ അതിനുപിന്നിൽ മറഞ്ഞിരിക്കുന്നത് സാമൂഹികശരീരത്തിൽ പ്രവർത്തിക്കുന്ന അധികാരമാണ്. അധികാരശക്തി ആവശ്യപ്പെടുന്ന രീതിയിൽ പ്രതികരിക്കാൻ വ്യക്തി ശീലിക്കുന്നതാണ് അച്ചടക്കം. അധികാരത്തിന്റെ നിരീക്ഷണത്തിലാണ് താൻ ജീവിക്കുന്നത് എന്ന തോന്നൽ വ്യക്തിയിൽ ഉളവാക്കുന്നതിലൂടെ അനുസരണയുള്ള സമൂഹത്തെ സൃഷ്ടിക്കാൻ കഴിയുന്നു.[25] വ്യക്തി ഇടപെടുന്ന സാമൂഹ്യ

മേഖലകളിലെല്ലാം അച്ചടക്കത്തോടെ പെരുമാറാൻ വ്യക്തിക്ക് കഴിയുന്നത് അധികാരത്തിന്റെ അദൃശ്യമായ നിയന്ത്രണംകൊണ്ടാണ്. വ്യക്തിയെ അധികാരത്തിന്റെ കൺമുന്നിൽ സദാപ്രതിഷ്ഠിക്കുന്നതിലൂടെയും താൻ അധികാരത്തിന്റെ നിരീക്ഷണത്തിലാണെന്ന ചിന്ത വ്യക്തിയിൽ സൃഷ്ടിക്കുന്നതിലൂടെയും അച്ചടക്കം ഉണ്ടാക്കിയെടുക്കാം. ഈ മാറ്റം മനുഷ്യ വ്യക്തികളെ നേരിട്ട് നിയന്ത്രിക്കുന്ന പുതിയ അധികാരസങ്കേതത്തിലേക്കുള്ള മാറ്റമാണ്. രാജഭരണത്തിന്റേയോ ഏകാധിപത്യത്തിന്റേയോ പരമാധികാരവാഴ്ചയിൽ നിന്ന് ഭിന്നമായ, ആധുനിക പൗരസമൂഹത്തിലെ അധികാരവാഴ്ചയുടെ അടിസ്ഥാനമാതൃകയെ ആണ് അച്ചടക്കത്തിലൂടെ ഫൂക്കോ നിർവചിക്കാൻ ശ്രമിച്ചത്.

അധികാരത്തിന് പിന്നിൽ പ്രവർത്തിക്കുന്ന ചില മൂല്യങ്ങളുണ്ട്. എന്നാൽ പലപ്പോഴും മൂല്യരഹിതമായാണ് ഇത് കാണപ്പെടുന്നത്. മൂല്യരഹിതമായ അധികാരം ശത്രുവിന് തുല്യമാണ്. മൂല്യബോധമില്ലാത്ത അധികാര സ്ഥാനങ്ങളുമുണ്ട്. ഏകാധിപത്യരീതിയിലുള്ള അധികാരപ്രയോഗത്തിൽ പലപ്പോഴും മാനുഷികമൂല്യങ്ങൾ പ്രസക്തമാക്കുന്നില്ല. അത്തരം അധികാരസ്ഥാനത്തിന്റെ ഭാഷ സാധാരണ വ്യവഹാരരീതിയിൽ പ്രയോഗിക്കാത്തതായിരിക്കും. അധികാരത്തിന്റെ ഘടന, അതിന്റെ സൂക്ഷ്മവും സ്ഥൂലവുമായ പ്രയോഗങ്ങൾ, ശിക്ഷണത്തിന്റെ വിവിധങ്ങളായ രൂപങ്ങൾ, തന്ത്രങ്ങൾ എന്നിവയെല്ലാം സമൂഹത്തിന്റെ എല്ലാമണ്ഡലങ്ങളിലും വ്യാപിച്ചുകിടക്കുന്നു. ഒരു സമൂഹത്തിൽ ഉൾപ്പെട്ട എല്ലാ നിയമസമ്പ്രദായത്തേയും ഭരണരീതിയേയും നിശ്ചലമാക്കുന്ന ഭരണസമ്പ്രദായത്തെ ചിലർ മനഃപൂർവ്വമോ അല്ലാതെയോ ലംഘിക്കുന്നു. അപ്പോൾ അധികാരത്തിന്റെ ചിഹ്നങ്ങൾ ഉപയോഗിച്ച് അവരെ നിയന്ത്രിക്കാനാകും. അധികാരത്തിന്റെ നിയന്ത്രണവും പരിവർത്തനവും മനസ്സിലാക്കുവാൻ സാമൂഹ്യമാറ്റത്തിൽ അധികാരത്തിനുള്ള പങ്കും സ്വാധീനവും കണക്കിലെടുക്കേണ്ടതാണെന്ന് പോൾ ലേമാൻ നിർദ്ദേശിക്കുന്നു.[26]

## അധികാരത്തിന്റെ ചരിത്രം

സമൂഹത്തിന്റെ ആലസ്യംകൊണ്ട് അധികാരകേന്ദ്രങ്ങളുണ്ടാകുന്നു. കാലക്രമേണ അത് അത്യന്തം ആപത്കരമായിത്തീരുന്നു. സമൂഹത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അതുപരിഹരിക്കാൻ നേതൃസ്ഥാനം ആവശ്യ മായിവരുമ്പോൾ ഒരു നേതാവിനെ സ്വപ്നം കാണുന്നു. ഒരു നായകനുണ്ടാ യിരിക്കേണ്ട ഗുണങ്ങളിൽ ചിലതെങ്കിലും ഒരു വ്യക്തിയിൽ കണ്ടെത്തുമ്പോൾ അയാളെ അധികാരസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നു. അങ്ങനെ അധികാരം ഒരു വ്യക്തിയിൽ അധിഷ്ഠിതമാകുന്നു. ചരിത്രം പരിശോധിച്ചാൽ ന്യൂനപക്ഷ മാളുകൾമാത്രം അധികാരം കൈയാളുന്നതായിക്കാണാം. അധികാരത്തിന്റെ കടന്നുവരവിനും സമൂഹവുമായുള്ള അതിന്റെ ചിട്ടപ്പെടലിനും നിലവിലുള്ള ശക്തികളെ ഇല്ലാതാക്കിക്കൊണ്ടുള്ള വളർച്ചയ്ക്കും ചരിത്രം സാക്ഷിയാണ്. ചരിത്രത്തിന്റെ മുഖ്യധാരതന്നെ അധികാരവർഗ്ഗത്തെ കേന്ദ്രീകരിച്ചുകൊണ്ടു ള്ളതാണ്. ഒരർത്ഥത്തിൽ അധികാരവും മനുഷ്യനും തമ്മിലുള്ള ബന്ധ ത്തിന്റെ പ്രമാണരേഖയാണ് ചരിത്രം.[27]

ആദിമകാലത്ത് പ്രാകൃതാവസ്ഥയിൽ കഴിഞ്ഞിരുന്ന മനുഷ്യസമൂ ഹത്തിലും അധികാരം നിലനിന്നിരുന്നു. നിയന്ത്രിക്കാനും നിയന്ത്രണത്തിന് വിധേയരാകാനും അറിയാത്ത അവസ്ഥയിൽ അവർ പ്രകൃതിശക്തികളെ ആരാധിക്കുകയും ഭയപ്പെടുകയും ചെയ്തിരുന്നു. ആവശ്യമുള്ളപ്പോൾ സഹാ യിക്കുകയും മറ്റു ചിലപ്പോൾ ശക്തമായി പ്രതികരിക്കുകയും ചെയ്ത പ്രകൃ തിശക്തികളിൽ അവർ വിശ്വാസമർപ്പിച്ചു. അതുമൂലം സ്വയം ഇവയുടെ അടി മയായിക്കരുതി. പ്രകൃതി ഒരധികാരകേന്ദ്രമായിത്തീർന്നത് അങ്ങനെയാണ്.

അധികാരകേന്ദ്രങ്ങളുടെ നേർക്ക് ഭയവും ഭക്തിയും പ്രകടിപ്പിക്കാൻ മനുഷ്യൻ ശീലിച്ചു. അനുസരണയോടെ ജീവിക്കാൻ പ്രാകൃതാവസ്ഥ യിൽത്തന്നെ മനുഷ്യൻ പഠിച്ചു. പ്രകൃതിശക്തികളിൽ നിന്ന് നിയന്ത്രണം അനുഭവിക്കുന്ന അവസ്ഥ യാഥാർത്ഥ്യമായി അവർക്ക് അനുഭവപ്പെട്ടു.

പ്രകൃതിയോട് വിധേയാവസ്ഥയിൽ കഴിഞ്ഞ മനുഷ്യൻ പ്രകൃതിയെ കീഴടക്കുവാനും മറ്റു ജീവജാലങ്ങളെ അധീനതയിലാക്കുവാനും ശ്രമിച്ചു. തനിക്ക് ആവശ്യത്തിന് ഉതകുന്നവയെ വളർത്തുകയും നിലനിൽക്കുവാൻ അനുവദിക്കുകയും ചെയ്തു.

നായാടിയായി ജീവിതം നയിച്ചുവന്ന മനുഷ്യൻ കൃഷി ചെയ്യാൻ ആരംഭിച്ചു. അതിന്റെ ഫലമായി പുതിയ ബന്ധങ്ങളും കൂട്ടായ്മയും ഉടലെടുത്തു. നിയന്ത്രണമില്ലാത്ത ലൈംഗികജീവിതാവസ്ഥയ്ക്ക് മാറ്റമുണ്ടായി. ഒരു പുരുഷന് ഒരു സ്ത്രീയിൽ മാത്രം അധികാരം സ്ഥാപിക്കാവുന്ന പുതിയ രീതിയുണ്ടായി. കുടുംബരൂപീകരണത്തോടെ പുരുഷന് പ്രാധാന്യം ലഭിക്കുകയും സ്ത്രീ വീട്ടുകാര്യങ്ങൾ നോക്കി നടത്തുകയും ചെയ്തു. കുടുംബജീവിതത്തിലധിഷ്ഠിതമായ സാമൂഹികജീവിതം നയിച്ച മനുഷ്യൻ കൂട്ടംകൂട്ടമായി വസിക്കുന്ന അവസ്ഥ സംജാതമായി. സ്വത്ത് സുരക്ഷിതമായി ഉപയോഗിക്കുന്നതിനുള്ള അവസരം ഉണ്ടായി. മനുഷ്യൻ സാമൂഹ്യജീവിതം നയിച്ചു തുടങ്ങിയതിന്റെ മുഖ്യപ്രയോജനം ഇതായിരുന്നു. കൂട്ടമായി വസിക്കുന്ന മനുഷ്യൻ മറ്റുവിഭാഗങ്ങളുമായി തർക്കങ്ങൾ ഉണ്ടാവുകയും അത് സാമൂഹികസംഘർഷങ്ങൾക്ക് കാരണമാവുകയും ചെയ്തു. തൽഫലമായി അവർ നിയമങ്ങൾ ഉണ്ടാക്കി. എല്ലാ സ്വന്തമാക്കാനുള്ള ദുരാഗ്രഹവും സ്വാർത്ഥതയും വർദ്ധിച്ചതോടെ അധികാരം ശക്തമായി പ്രകടിപ്പിക്കാൻ തുടങ്ങി. പ്രകൃതിയേയും ജീവജാലങ്ങളേയും കീഴടക്കിക്കഴിഞ്ഞ് മനുഷ്യൻ സ്വന്തം വർഗ്ഗത്തിനു നേരെ തിരിഞ്ഞു. അവിടെ പ്രബലർ, ദുർബലർ എന്നീ രണ്ടു വിഭാഗങ്ങൾ ഉണ്ടാക്കി. അബലരും പ്രബലരും തമ്മിലുള്ള സംഘർഷങ്ങൾ പലപ്പോഴും ദുർബലവിഭാഗത്തെ ഭീതിയിലാഴ്ത്തി. ഭീരുവായിമാറിയ ദുർബലവർഗ്ഗം പ്രബലവർഗ്ഗത്തിന്റെ നിയന്ത്രണത്തിന് വിധേയരായിക്കഴിഞ്ഞു. പ്രബലവർഗ്ഗം തങ്ങളുടെ നിയന്ത്രണത്തിലായവരെ അധികാരത്തിന്റെ ദൃശ്യവും അദൃശ്യവുമായ ആയുധം ഉപയോഗിച്ച് അടക്കിനിർത്താൻ തുടങ്ങി.

ആദിമസമൂഹത്തിൽ സംഘർഷമുണ്ടായപ്പോൾ പല കുടുംബങ്ങളെച്ചേർത്ത് ഗോത്രങ്ങളുണ്ടാക്കി. പ്രാകൃത ഗോത്രഗണങ്ങൾക്ക് ഒരു പൊതുനേതാവുണ്ടായി. അധികാരം നേതാവിന്റെ കൈയിലായി. കൃഷിയിലും കന്നുകാലിവളർത്തലിലും ജീവിതം കണ്ടെത്തിയ അവർ വിവിധ ദേശങ്ങളിലേക്ക് കുടിയേറി. കാർഷികരീതിയിൽ നിന്നും സാധനങ്ങൾ കൈമാറ്റം ചെയ്യുന്ന വ്യവസ്ഥയിലേക്ക് മാറി. കച്ചവടവ്യവസ്ഥിതി രൂപം കൊണ്ടു. ഗോത്രഭരണം രാജഭരണത്തിലേക്ക് വഴിമാറി. അധികാരവ്യവസ്ഥ രാജാവിൽ അധിഷ്ഠിതമായി. സമൂഹത്തിന്റെ നൻമയ്ക്കായി പ്രവർത്തിക്കുന്ന രാജാക്കൻമാരിൽ നിന്നും വിധേയത്വത്തോടെ ആജ്ഞകൾ സ്വീകരിക്കാൻ പ്രജകൾ തയ്യാറായി. അവസാനമില്ലാത്ത കൂറും ഭക്തിയുമായിരുന്നു ഇതിന്റെ അടിസ്ഥാനം. രാജാക്കന്മാരുടെ അധികാരം ദൈവദത്തമാണെന്നും അവരുടെ സ്ഥാനം ദൈവത്തിനു തൊട്ടുതാഴെയാണെന്നും ജനങ്ങൾ വിശ്വസിച്ചു. എഴുതപ്പെടാത്ത നിയമങ്ങളുടെ അടിസ്ഥാനത്തിൽ അധികാരശക്തി നിലനിന്നു. രാജ്യത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കാനും അധികാരപ്രയോഗം വിപുലീകരിക്കാനും വേണ്ടി രാജാക്കന്മാർ യുദ്ധങ്ങൾ നടത്തി. അധികാരം നേടിക്കഴിഞ്ഞ് രാജ്യവിസ്തൃതികൂട്ടാൻ പടയോട്ടം നടത്തിയ രാജഭരണങ്ങൾ ചരിത്രത്തിലുണ്ട്. ചരിത്രം ഒരു ന്യൂനപക്ഷത്തിന് അധികാരം നടപ്പിലാക്കാൻ മാത്രമുള്ള നിർദ്ദയമായ വ്യവസ്ഥയായി മാറിക്കഴിഞ്ഞു. ചരിത്രം അധികാരത്തിന്റെ സ്വരൂപമാണെന്നും പ്രത്യക്ഷരേഖയാണെന്നും പറയാം.[28]

പരമാധികാരം ഒരാളിൽ നിക്ഷിപ്തമായിട്ടുള്ള ഭരണകൂടത്തിന്റെ രൂപമാറ്റമായിരുന്നു രാജഭരണം(മൊണാർക്കി). ഭരണം, നിയമനിർമ്മാണം, വ്യാഖ്യാനം, നിർവ്വഹണം എന്നീ ചുമതലകളെല്ലാം ഒരാളിൽ നിക്ഷിപ്തമായിരുന്നു. രാജഭരണം കേവലവും നിയന്ത്രിതവും ആകാം. ജനാധിപത്യത്തിനുമുമ്പ് ഭാരതത്തിൽ നിലനിന്നിരുന്നത് കേവലരാജഭരണമായിരുന്നു. ഒരാളിൽ അധികാരം നിലനിന്നിരുന്നതിനാൽ തീരുമാനം എടുക്കുന്നതും നടപ്പിലാക്കുന്നതും ജാഗ്രതയോടെ വേണമായിരുന്നു. ജനത്തെ അച്ചടക്ക

മുള്ളവരാക്കാൻ രാജഭരണത്തിനു കഴിയുന്നു. എന്നാൽ രാജഭരണത്തിന് ചില ന്യൂനതകൾ കാണാൻകഴിയും. കഴിവുള്ളവനും കഠിനാദ്ധ്വാനിയും ജന നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നവനു മാത്രമേ രാജഭരണത്തിൽ വിജയി ക്കാനാകൂ. കഴിവും സിദ്ധികളും പരമ്പരാഗതമായി ലഭിക്കണമെന്നില്ല. അതേ പോലെ ഒരു വ്യക്തിയിൽ കൂടുതൽ അധികാരങ്ങൾ നിലനിൽക്കുന്നത് ആപത്താണ്. അത് സ്വേച്ഛാധിപത്യത്തിന് വഴിതെളിക്കും. അത്തരത്തിൽ അധികാരസ്ഥാനത്ത് കഴിഞ്ഞിരുന്നവരുടെ പതനം ചരിത്രത്തിൽ ഏറെയുണ്ട്. അതേസമയം പ്രജാക്ഷേമതത്പരരായ രാജാക്കൻമാർ അധികാരം ജന ങ്ങൾക്കായി വിനിയോഗിച്ചു. സമൂഹത്തെ മാറ്റിമറിക്കാൻ ശക്തിയുള്ള അധി കാരകേന്ദ്രത്തിന്റെ ആജ്ഞയ്ക്കനുസരിച്ച് പ്രജകൾ സന്തോഷത്തോടെ ജീവി ച്ചിരുന്നതും ചരിത്രത്തിലുണ്ട്.

ഏകാധിപത്യഭരണരീതിയിൽ നിലനിന്ന ഭരണാധികാരികൾക്ക് ഒടു വിൽ എന്തു സംഭവിച്ചു എന്നും ചരിത്രം കാട്ടിത്തരുന്നുണ്ട്. അധികാരത്തിന്റെ ഏറ്റവും ദൂഷണമായ രൂപമാണ് ഏകാധിപത്യം. ഏകാധിപത്യം ഒരു വ്യക്തി യിലോ പാർട്ടിയിലോ നിക്ഷിപ്തമാകാം. ഏകാധിപതികൾ ഭരണക്രമത്തെ മന്ദഗതിയിൽ നയിക്കുകയും ഭരണസംവിധാനത്തെ തകിടംമറിക്കുകയും ചെയ്യുന്നു.

ഏകാധിപത്യം വ്യക്തിസ്വാതന്ത്ര്യത്തെ അടിച്ചമർത്തുന്നു. രാഷ്ട്രീ യമായ എതിർപ്പുകളെ അംഗീകരിക്കാറില്ല. എതിർക്കുന്നവരെ ഇല്ലാതാക്കുക എന്നതാണ് ഏകാധിപതികളുടെ പൊതുവായ രീതി. അങ്ങനെയുള്ള ഭരണ സംവിധാനത്തിൽ വ്യക്തികൾക്ക് അഭിപ്രായ സ്വാതന്ത്ര്യമില്ല. കലാപരമായ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കും. വിമർശനങ്ങളെ ഏകാധിപതികൾ ഭയപ്പെട്ടിരുന്നു. മാധ്യമങ്ങളെയെല്ലാം അവർ നിയന്ത്രണ ത്തിലാക്കുകയും സ്വന്തം ഇഷ്ടപ്രകാരം ഉപയോഗിക്കുകയും ചെയ്യുന്നത് അതുകൊണ്ടാണ്.

പരമ്പരാഗതമായ അധികാരരീതി മാറി ജനാധിപത്യരീതി വന്നപ്പോൾ അധികാരതലങ്ങളിലെല്ലാം മാറ്റങ്ങൾ ഉണ്ടായി. അധികാരം നിലനിർത്തുന്നതും പ്രയോഗിക്കുന്നതും നിയമപരമായ നടപടിക്രമത്തിലൂടെയായി. ജനങ്ങൾ അംഗീകരിച്ച ലിഖിതനിയമങ്ങളാണ് ഭരണകാര്യങ്ങൾ തീരുമാനിക്കുന്നത്. ഭരണാധികാരിയുടെ അധികാരങ്ങൾ വ്യക്തിപരമായി പ്രയോഗിക്കുവാൻ സാധിക്കുകയില്ല. അയാൾ വഹിക്കുന്ന സ്ഥാനത്തിലൂടെ ലഭ്യമാകുന്ന അധികാരപദവി ആ സ്ഥാനം നഷ്ടമാകുന്നതോടെ ഇല്ലാതെയാകും. ആധുനികസമൂഹത്തിൽ നിലനിൽക്കുന്ന അധികാരരീതികളെല്ലാം ഇപ്രകാരമുള്ള നിയമങ്ങളിൽ അധിഷ്ഠിതമാണ്. യുക്തിപരവും നിയമപരവുമായ അധികാര രീതിയാണ് ആധുനികസമൂഹത്തിൽ കാണപ്പെടുന്നത്.

**അധികാരവും രാഷ്ട്രീയവും**

സമൂഹത്തിൽ നിലനിൽക്കുന്ന അധികാരം ജനങ്ങളെ രണ്ടുതരത്തിലാക്കുന്നു. ഭരിക്കുന്നവനും ഭരിക്കപ്പെടുന്നവനും. ഭരിക്കുന്ന വിഭാഗം വളരെ ചെറുതും ഭരണത്തിനു വിധേയരായവർ വളരെ വലുതുമായിരിക്കും. തങ്ങൾ ഭരിക്കേണ്ടവരാണെന്നും ന്യൂനപക്ഷത്തിന് അതിനവകാശമുണ്ടെന്നും അവർ വിചാരിക്കുന്നു. വിധേയത്വം സ്വമനസ്സാലെ ഏറ്റെടുക്കുന്ന ഭൂരിപക്ഷമാകട്ടെ ന്യൂനപക്ഷം തങ്ങളെ അവഗണിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുമെന്ന് ഭയപ്പെടുന്നു. ഓരോ മനുഷ്യനും അധികാരം നൽകുന്ന മാനസികാനന്ദം ഓരോതരത്തിലാണ്. ഭരിക്കുന്നവന് അത് പ്രയോഗിക്കുമ്പോൾ മറ്റുള്ളവർ സ്വീകരിക്കുകയും അനുസരിക്കുകയും ചെയ്യുമ്പോഴുള്ള ആനന്ദം. ഭരിക്കപ്പെടുന്നവന് അധികാരകേന്ദ്രം നൽകുന്ന ആജ്ഞകൾ പൂർണ്ണമനസ്സോടെ ചെയ്ത് തീർക്കുമ്പോഴുള്ള സംതൃപ്തി. അധികാര പ്രയോഗത്തിന്റെ ആരംഭകാലംമുതലേ ഈ രണ്ടു ഘടകങ്ങൾ പ്രകടമായിരുന്നു. അധികാരം ഒരു ന്യൂനപക്ഷത്തിന്റെ കരങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നിടത്തോളം ഭൂരിപക്ഷമാളുകളും അടിയാളരോ അടിമകളോ ആയിത്തീരുമെന്ന് കൗടില്യൻ അർത്ഥശാസ്ത്രത്തിൽ വ്യക്തമാക്കുന്നു.[29]

സാമൂഹികജീവിതം നയിക്കുന്ന ഒരു വിഭാഗം ആളുകൾ ഒരു പൊതു തീരുമാനം എടുക്കുക എന്ന ഭാരം ഒഴിവാക്കാൻ ആഗ്രഹിക്കുന്നു. അതു കൊണ്ട് തീരുമാനം എടുക്കാനുള്ള അവസരം ഉണ്ടാകുമ്പോൾ അതിനുള്ള ഏർപ്പാടുകൾ അവർ സൃഷ്ടിച്ചെടുക്കുന്നു. ഒരു ഭരണകേന്ദ്രമില്ലാതെ, അധി കാരം പ്രയോഗിക്കാനുള്ള സംവിധാനമില്ലാതെ സമൂഹത്തിൽ ജനങ്ങൾക്ക് നിലനിൽക്കാൻ സാധ്യമല്ല. നേതൃത്വതലത്തിൽ നിന്നുള്ള ആധിപത്യവും പ്രജകളുടെ തലത്തിൽ നിന്നുള്ള അനുസരണയും ചേർന്നുള്ള അധികാര രീതിയെ 'നഗ്നമായ അധികാരം' എന്നാണ് ബർട്രന്റ് റസൽ വിശേഷിപ്പി ക്കുന്നത്. നഗ്നമായ അധികാരം അതിന്റെ പ്രജകളോട് യാതൊരുവിധ ഇണക്കവും പ്രകടിപ്പിക്കാത്ത ഒന്നാണ്.[30]

അധികാരം ജനങ്ങളിൽ നിന്നും ജനങ്ങളിലേക്ക് സംക്രമിപ്പിക്കുക യാണ് വേണ്ടത്. അധികാരസ്ഥാനങ്ങളിലും ഭരണയന്ത്രത്തിന്റെ നടത്തിപ്പിലും കൂടുതൽപേരെ ഉൾപ്പെടുത്തുകയും ചെയ്യാം. തൻമൂലം അധികാരത്തിന്റെ ആസുരഭാവം ഇല്ലാതാക്കാം. സമൂഹത്തിന്റെ ഉയർന്നതലമെന്ന് വിശഷിപ്പി ക്കാവുന്ന ഭരണകൂടത്തിലാണ് അധികാരം ഏറ്റവും ശക്തമായി നില നിൽക്കുന്നത്. സമൂഹത്തിലെ ഓരോ അംഗത്തിലും അധികാരപ്രയോഗം നടത്തിക്കൊണ്ടാണ് ഭരണകൂടം നിലനിൽക്കുന്നത്. ആ അർത്ഥത്തിൽ അത് സർവ്വവ്യാപിയായ തീരുമാനങ്ങളെടുത്ത് പ്രജകളിൽ നടപ്പാക്കുന്നു.[31] ഒരു വ്യക്തിയെ സംബന്ധിച്ച് ഏറ്റവും നല്ല ഭരണകൂടം അവനെ ഏറ്റവും കുറഞ്ഞ അളവിൽ ഭരിക്കുന്നതായിരിക്കും. വ്യക്തികൾക്കു വേണ്ടിയാണ് ഭരണകൂടം സൃഷ്ടിക്കപ്പെട്ടതെങ്കിലും ചുരുക്കം ചില വ്യക്തികളുടെ സ്വാർത്ഥലാഭത്തി നനുസരിച്ച് പ്രവർത്തിക്കുമ്പോൾ ബഹുഭൂരിപക്ഷത്തിന്റെ ആഗ്രഹങ്ങളെ തകർക്കുന്നരീതിയിൽ ഭരണകൂടം പ്രവർത്തിക്കാനിടയുണ്ട്. ജൻമിത്തഭരണ കൂടം, മുതലാളിത്തഭരണകൂടം എന്നിങ്ങനെ വിവിധഭരണകൂടങ്ങൾ നിലനി ന്നിരുന്നു. ഒടുവിൽപ്പറഞ്ഞ ഭരണകൂടത്തിന് കാലാനുസാരിയായ മാറ്റം സംഭ വിച്ചാണ് ഇന്നു കാണുന്ന ഭരണവ്യവസ്ഥ ഉണ്ടായിരിക്കുന്നത്.

## രാഷ്ട്രീയമായ വേർതിരിവുകൾ

ഒരു സമൂഹത്തിൽ പൊതുവായി അംഗീകരിക്കപ്പെട്ട പെരുമാറ്റച്ചട്ടങ്ങൾ നിലനിൽക്കണമെങ്കിൽ ആ സമൂഹം ശരിയാം വണ്ണം സംഘടിപ്പിക്കപ്പെട്ടതാകണം. സുസംഘടിതമായ അത്തരമൊരു സമൂഹത്തിൽ പെരുമാറ്റച്ചട്ടങ്ങൾ നിർമ്മിക്കുന്നതിനും പ്രാബല്ല്യത്തിൽ വരുത്തുന്നതിനും അധികാരമുള്ള വ്യക്തികൾ ഉണ്ടാകണം. അങ്ങനെ ഭരണകാര്യങ്ങൾക്കുവേണ്ടി ഒരു പ്രദേശത്ത് മനുഷ്യർ രാഷ്ട്രീയസമൂഹമായി സംഘടിക്കുമ്പോൾ രാഷ്ട്രം ഉണ്ടാകുന്നു.[32] അവിടെ സംഘടിതജീവിതം നയിക്കുന്ന മനുഷ്യനെ നിയന്ത്രിക്കുന്ന പെരുമാറ്റച്ചട്ടങ്ങൾ ഉണ്ടാകുന്നു. രാഷ്ട്രത്തിലെ ജീവിതത്തിന് അടുക്കും ചിട്ടയും അംഗീകാരവും ലഭിക്കുന്നതിന് ഗവൺമെന്റ് എന്ന ഉപാധികൂടാതെ കഴിയില്ല. അങ്ങനെ രാഷ്ട്രവും ഗവൺമെന്റും സാമൂഹികജീവിതത്തിന്റെ അടിസ്ഥാനശിലകളാകുന്നു. പൗരാവകാശധർമ്മങ്ങൾ നന്നായി നിർവ്വഹിക്കാൻ കഴിവുള്ള ഭരണക്രമമാണ് ജനാധിപത്യം. ജനാധിപത്യഭരണകൂടം ദേശീയബോധം വളർത്തുന്നു. അധികാരം ജനങ്ങൾക്കായതിനാൽ വ്യത്യസ്ത അഭിപ്രായപ്രകടനങ്ങൾക്കും ചിന്താധാരകൾക്കും അർഹിക്കുന്ന പരിഗണന ലഭിക്കുന്നുണ്ട്. വ്യക്തിത്വം, സ്വാശ്രയശീലം, സ്വന്തം ഉത്തരവാദിത്ത്വങ്ങൾ നിർവ്വഹിക്കാനും നേതൃത്വം ഏറ്റടുക്കാനുമുള്ള കഴിവ് എന്നിവയെല്ലാം ജനാധിപത്യഭരണസംവിധാനത്തിന്റെ പ്രത്യേകതയാണ്. ജനാധിപത്യരാജ്യത്തിൽ വ്യക്തിയും അവന്റെ നൻമയുമാണ് രാഷ്ട്രീയലക്ഷ്യം. രാഷ്ട്രീയസിദ്ധാന്തത്തെ സംബന്ധിച്ചിടത്തോളം ജനാധിപത്യം ഒരു പ്രത്യേകതരം ഭരണക്രമം മാത്രമല്ല ഒരേ സമയം രാഷ്ട്രീയപദവിയും നൈതികസങ്കല്പവും സാമൂഹികപരിതഃസ്ഥിതിയും ഒത്തുചേർന്നതാകുന്നു.

രാഷ്ട്രീയാധികാരത്തിന്റെ സാമൂഹികതലം പരിശോധിക്കുമ്പോൾ സാമൂഹികമായ അധികാരവികേന്ദ്രീകരണം പരാമർശിക്കേണ്ടിയിരിക്കുന്നു. ഗാന്ധിജിയുടെ അഭിപ്രായത്തിൽ അധികാരത്തിന്റെ പ്രാരംഭഘടകം ഗ്രാമങ്ങളായിരുന്നു.[33] ഗ്രാമീണസമൂഹത്തിന്റെ വികസനത്തിലൂടെ മാത്രമേ പുരോ

ഗതിയിൽ എത്തിച്ചേരാനാകൂ. അതുകൊണ്ടുതന്നെ സാമൂഹികവികസനം ഗ്രാമങ്ങളിൽ ആരംഭിച്ചു. വിവിധ പഞ്ചായത്തുകളുടെ കീഴിൽ ഗ്രാമീണവികസനത്തിന്റെ അടിസ്ഥാനപ്രവർത്തനങ്ങൾ തുടങ്ങുന്നതിനായി പഞ്ചായത്ത്രാജ് വ്യവസ്ഥ ചെയ്തു. പഞ്ചായത്ത് അടിസ്ഥാനഘടകവും ബ്ലോക്ക് രണ്ടാംതലവും ജില്ലാപഞ്ചായത്ത് മൂന്നാം തലവും സംസ്ഥാന ഗവൺമെന്റും കേന്ദ്രഗവൺമെന്റും ഉന്നതതലങ്ങളായി മുകളിൽ നിന്ന് താഴോട്ടുള്ള അധികാരവികേന്ദ്രീകരണം സമൂഹത്തിൽ നിലനിൽക്കുന്നു. രാഷ്ട്രീയാധികാരം സാധാരണ ജനങ്ങളിലേക്ക് പകർന്നാലേ ജനാധിപത്യസമ്പ്രദായം പൂർണ്ണമാവുകയുള്ളു എന്ന വിശ്വാസത്തോടെ ഗാന്ധിജി തുടങ്ങിയ പഞ്ചായത്ത് ഭരണമാണ് ജനാധിപത്യവ്യവസ്ഥിതിയുടെ പ്രാരംഭഘടകം.[34] പ്രാദേശിക തലത്തിൽ ജനങ്ങൾ തെരഞ്ഞടുക്കുന്ന അംഗങ്ങളും പ്രസിഡന്റും വൈസ്പ്രസിഡന്റും ഉൾപ്പെടുന്നതാണ് പഞ്ചായത്ത് സമിതി. ഒരു നിശ്ചിത എണ്ണം ഗ്രാമങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ബ്ലോക്കുകൾ രൂപീകരിക്കപ്പെട്ടിരിക്കുന്നു, ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഭരണസമിതിയിൽ പഞ്ചായത്ത് പ്രസിഡന്റുമാരും നിയമസഭാസാമാജികരും ബ്ലോക്ക് ഉൾപ്പെടുന്ന പ്രദേശത്തെ പാർലമെന്റ് അംഗവും ബ്ലോക്ക് പഞ്ചായത്ത് തെരഞ്ഞെടുക്കുന്ന ഭാരവാഹിയും ഉൾപ്പെടുന്നു. വൻ നഗരങ്ങളുടെ ഭരണച്ചുമതല മേയർ അധ്യക്ഷനായുള്ള നഗരസഭകളിൽ നിക്ഷിപ്തമായിരിക്കുന്നു. വാർഡിൽ നിന്നും ജനങ്ങൾ തെരഞ്ഞെടുക്കുന്ന പ്രതിനിധി (കൗൺസിലർ)നഗരസഭാംഗങ്ങളായി പ്രവർത്തിക്കുന്നു. താരതമ്യേന ചെറിയ പട്ടണങ്ങളുടെ ഭരണത്തിനായി മുൻസിപ്പാലിറ്റികൾ രൂപീകരിച്ചിരിക്കുന്നു. മുൻസിപ്പൽ കൗൺസിൽ ജനങ്ങൾ തെരഞ്ഞെടുക്കുന്നു. അതിൽനിന്നും ഒരാൾ ചെയർമാനായും മറ്റൊരാൾ ഡെപ്യൂട്ടി ചെയർമാനായും ഭരണം നടത്തുന്നു.

ഇതിനൊക്കെ മുകളിലായി ജില്ലാ ഭരണത്തിനായി കളക്ടറെ ചുമതലപ്പെടുത്തിയിരിക്കുന്നു. ജുഡീഷ്യൽ എക്സിക്യൂട്ടീവ് അധികാരങ്ങൾ

കളക്ടറിൽ സംയോജിപ്പിച്ചിരിക്കുന്നു. ഗവർണ്ണറും മുഖ്യമന്ത്രിയും മന്ത്രിമാരും ഉൾപ്പെടുന്ന മന്ത്രിസഭ സംസ്ഥാന ഗവൺമെന്റിന്റെ ഘടകങ്ങളാണ്. ഇന്ത്യൻ പ്രസിഡന്റും രാജ്യസഭയും ലോക്സഭയും ചേർന്ന് യൂണിയൻ പാർലമെന്റായി കേന്ദ്രത്തിൽ അധികാരക്രമം നടപ്പിലാക്കുന്നു. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ തമ്മിലുള്ള ഐക്യവും അവയുടെ നിയമനിർമ്മാണവും സാമ്പത്തികവും കാര്യനിർവ്വഹണപരവുമായ അധികാരങ്ങളുടെ വിഭജനവുമാണ് ഒരു ഫെഡറൽ ഭരണഘടനയുടെ അന്തസത്ത. ഈ സംവിധാനങ്ങളെ നിയന്ത്രിക്കുന്നതിന് കേന്ദ്രസംസ്ഥാന നിലവാരത്തിലുള്ളതും ഒരുപോലെ സ്വതന്ത്രവും നിഷ്പക്ഷവുമായ ഒരു അധികാരസ്ഥാപനവും നിലവിലുണ്ട്. ഇന്ത്യയുടെ പരമാധികാര നീതിന്യായപീഠമായ സുപ്രീംകോടതിയാണത്. സംസ്ഥാന നിയമനിർമ്മാണ നിർവ്വഹണത്തിനായി ഹൈക്കോടതികൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. നീതിന്യായപ്രവർത്തനത്തിന്റെ സുതാര്യതയ്ക്കും കൃത്യതയ്ക്കുമായി ജില്ലാകോടതികളും നിലവിലുണ്ട്. അതുകൂടാതെ സൈനിക-അർദ്ധസൈനിക വിഭാഗങ്ങൾ, പോലീസ്, വിവിധ സേനാവിഭാഗങ്ങൾ എന്നിവയും അധികാരമേഖലയിൽ നിയമംപാലിക്കപ്പെടാനായി സർവ്വദാ പ്രവർത്തിക്കുന്നു.

## വ്യത്യസ്ത സാമൂഹികവ്യവസ്ഥകൾ

അധികാരം പരമമായ ഒരു കേന്ദ്രത്തിൽ നിന്ന് ജനങ്ങളിലേക്ക് പൊട്ടിവീഴുകയല്ല ചെയ്യുന്നത്. വ്യത്യസ്തമായ സാമൂഹികതലങ്ങളിലൂടെ അത് ജനങ്ങളിലേക്ക് സംക്രമിക്കുകയാണ്. അധീശവർഗ്ഗം തന്റെ അധീനതയിലുള്ള വർഗ്ഗത്തിൻ മേൽ നേടുന്ന ധൈഷണിക ആധിപത്യത്തിന്റെ രൂപത്തിലാണ് അത് പ്രവർത്തിക്കുക. കീഴടക്കപ്പെടുന്നവരുടെ സാമാന്യബോധത്തിന്റെ നിയന്ത്രണത്തിലൂടെയാണത് സ്ഥാപിക്കപ്പെടുക. സ്ഥാപനങ്ങളിലൂടെ പ്രവർത്തിക്കുന്ന അധികാരം ഒറ്റനോട്ടത്തിൽ തിരിച്ചറിയാൻ കഴിയില്ല. അവിടെ ഓരോ തരത്തിൽ അധികാരത്തിന്റെ പാഠങ്ങൾ ഉത്പാദിപ്പിച്ചുകൊണ്ടിരിക്കും. ഒന്നാം

തരം മുതൽ പത്താംതരം വരെ കുട്ടിയെ സൗജന്യമായി പഠിപ്പിക്കാമെന്ന് ഒരു സ്ഥാപനം പറയുമ്പോൾ കുട്ടിയുടെ ധൈഷണിക സ്വാതന്ത്ര്യം നഷ്ട പ്പെടുന്നു. അതിന് വിധേയനായി അവൻ നിന്നാൽ പിന്നീട് അവന്റെ വ്യക്തി സ്വാതന്ത്ര്യം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകും. എന്നാൽ സർക്കാർ തല ത്തിൽ അത്തരത്തിലൊരു പൊതുതീരുമാനമുണ്ടായാൽ അത് എല്ലാവർക്കും ലഭിക്കും. അതിനാൽ വ്യക്തിപരമായി നോക്കിയാൽ ഓരോകുട്ടിയിലും അത്തരം ചിന്താഗതി ഉണ്ടാവില്ല. മതാധിപത്യഭരണകൂടങ്ങളിൽ ജനങ്ങളുടെ ദൈനംദിനചര്യകളെ നിയന്ത്രിക്കുന്നത് പള്ളിയോ മതമേധാവികളോ ആയി രിക്കും. മുതലാളിത്തവ്യവസ്ഥിതിയിൽ തൊഴിലാളിക്ക് മുതലാളിയുടെ വാക്കു കളായിരുന്നു പ്രധാനം. ഫാക്ടറിയിൽ തൊഴിലാളി കൃത്യസമയത്ത് ജോലി ക്കെത്തുന്നതും അനുവദിച്ചിരിക്കുന്ന സമയത്ത് ഭക്ഷണം കഴിക്കാൻ പോകു ന്നതും ആ അധികാരവ്യവസ്ഥയ്ക്കുള്ളിൽ അയാൾ നിൽക്കുന്നതുകൊ ണ്ടാണ്. മറ്റ് തൊഴിൽ സ്ഥാപനങ്ങളിലും മേലധികാരിയുടെ വാക്കുകൾക്ക് വിലകൽപ്പിച്ചുകൊണ്ട് ജീവനക്കാർ കഴിയുന്നു. ഭരണകൂടമോ മതമേധാ വിയോ നൽകിയ സ്ഥാനങ്ങളെ മാനിച്ചുകൊണ്ട് അധികാരസ്ഥാന ത്തിൻകീഴിൽ മറ്റുള്ളവർ വിധേയപ്പെട്ട് ജീവിക്കുന്നു. അറിഞ്ഞോ അറിയാ തെയോ പലപ്പോഴും അധികാരവ്യവസ്ഥയോട് മനുഷ്യൻ പൊരുത്തപ്പെടുന്നു.[35]

സമൂഹത്തിൽ നിലനിൽക്കുന്ന അധികാരവ്യവസ്ഥയോട് മനുഷ്യൻ സഹകരിച്ചുകൊണ്ട് ജീവിക്കുന്നു. അതിന്റെ പ്രാരംഭപാഠങ്ങൾ ലഭിക്കുന്നത് ഗാർഹിക അന്തരീക്ഷത്തിൽനിന്നാണ്. ഒരു കുടുംബത്തിൽ ജനിക്കുന്ന കുട്ടി അവിടുത്തെ അധികാരഘടനയോട് വേഗം പൊരുത്തപ്പെടുന്നു. കുടും ബനാഥനായ പിതാവിനാണ് ഏറ്റവും കൂടുതൽ അധികാരമുള്ളതെന്ന് വളരെ ചെറിയ പ്രായത്തിലേ അവൻ മനസ്സിലാക്കുന്നു. തന്നേക്കാൾ മൂത്തവർക്കുള്ള അധികാരം തനിക്കില്ലെന്നും കുട്ടി അനുഭവങ്ങളിലൂടെ പഠിക്കുന്നു. അധി

കാരത്തിന് ഏറെ അടരുകളുണ്ടെന്ന് അവൻ മനസ്സിലാക്കുന്നു. കൗമാരകാല ഘട്ടത്തിൽ വിദ്യാഭ്യാസസ്ഥാപനത്തിലെ അധികാരഘടന മനസ്സിലാക്കിക്കൊണ്ട് അതിനോട് യോജിച്ചുപോകാൻ തയ്യാറാകുന്നു. തൊഴിൽ മേഖലയിൽ എത്തുമ്പോൾ മുമ്പു സൂചിപ്പിച്ചതുപോലെ തനിക്കുമേലെയുള്ള അധികാരസ്ഥാനങ്ങളെ തിരിച്ചറിയുകയും ബഹുമാനിക്കുകയും ചെയ്യുന്നു. സാമൂഹികവ്യവസ്ഥയിൽ കാണപ്പെടുന്ന അധികാരവ്യവസ്ഥകളോട് വിധേയപ്പെട്ട് ജീവിക്കുവാൻ അവൻ തയ്യാറാകുന്നു. സമൂഹത്തിന്റെ വ്യത്യസ്തതലങ്ങളിൽ ഒളിഞ്ഞും തെളിഞ്ഞും കാണപ്പെടുന്ന അധികാരസ്ഥാനങ്ങളെ മനസ്സിലാക്കി ജീവിക്കുവാൻ വ്യക്തി തയ്യാറാകുമ്പോൾ സ്വസ്ഥമായ ഒരു സാമൂഹികാന്തരീക്ഷമാണ് സംജാതമാകുന്നത്. എന്നാൽ സമൂഹശരീരത്തിൽ ആഴത്തിൽ പിടിമുറുക്കിക്കഴിഞ്ഞ ഒരു സാമൂഹികവ്യവസ്ഥിതിയായി അധികാരം മാറുമ്പോൾ അത് സമൂഹത്തിന്റെ തന്നെ മൂല്യത്തകർച്ചയായി മാറുന്നു.[36]

## അധികാരവും സാമൂഹ്യസ്ഥാപനങ്ങളും

ഒരുമിച്ചുകഴിയുന്ന വ്യക്തികൾ പരസ്പരം പുലർത്തുന്ന ബന്ധങ്ങളിലൂടെയാണ് സമൂഹം രൂപം കൊള്ളുന്നത്. ബന്ധങ്ങളും സംവിധാനവും അംഗങ്ങൾ തമ്മിലുള്ള ഇടപാടുകളുടെ മാനദണ്ഡവുമാണ് ഒരു സമൂഹത്തെ അതാക്കിത്തീർക്കുന്നത്. സമൂഹം ചലനാത്മകമാണ്; വൈവിധ്യം നിറഞ്ഞതുമാണ്. ഒരു സമൂഹം കെട്ടിപ്പടുക്കാൻ ജനങ്ങളുടെ സഹകരണം ആവശ്യമാണ്. സമൂഹത്തിൽ പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. സഹകരണത്തോടൊപ്പം സംഘട്ടനങ്ങളും സമൂഹത്തിലുണ്ടാകാം. നിയമങ്ങളും അധികാരകേന്ദ്രവും മറ്റും സഹകരണത്തോടൊപ്പം നടക്കുന്ന മത്സരങ്ങളേയും കലഹങ്ങളെയും വിപ്ലവങ്ങളേയും നിയന്ത്രിക്കുന്നു. ഒരു പൊതു ലക്ഷ്യത്തിനുവേണ്ടി ഒന്നിച്ചു ചേരുന്ന വ്യക്തികളുടെ സംഘമാണ് സമൂഹം. പൊതുവായ ഇച്ഛയും ലക്ഷ്യവുമാണ് അതിന്റെ ലക്ഷണമെന്ന് റാൾഫ് ലിന്റൺ നിർവ്വചിക്കുന്നു.[37]

ഒരു പ്രദേശത്തു ജീവിക്കുന്ന ജനങ്ങളുടെ ബന്ധത്തിന് ഒരു സ്ഥായി ഭാവമുണ്ട്. അത് ഒരു ദിവസത്തേക്കോ ഒരു വർഷത്തേക്കോ ഉള്ളതല്ല. ഈ ബന്ധം രാഷ്ട്രീയം, സാമൂഹികം, സാമ്പത്തികം, സാംസ്കാരികം, ചരിത്ര പരം എന്നീ മണ്ഡലങ്ങളിൽ സ്വാധീനം ചെലുത്തുന്നു. ഒരു സമൂഹത്തിന്റെ വ്യവസ്ഥയെ വിശകലനം ചെയ്യുമ്പോൾ വ്യക്തമാക്കുന്നത് അംഗീകരിക്ക പ്പെട്ടതും ആന്തരികവുമായ ലക്ഷ്യങ്ങൾക്കനുസരിച്ച് ആ സമൂഹത്തിലെ വിവി ധഘടകങ്ങൾ പ്രവർത്തിക്കുന്നു എന്നതാണ്. സാമൂഹ്യ ബന്ധങ്ങളുള്ള ജന ങ്ങളാൽ നിർമ്മിതമായ സമൂഹത്തിൽ പരസ്പരാശ്രയത്വത്തിൽ അധിഷ്ഠി തമായ പങ്കാളിത്തജീവിതമാണ് കാണുന്നത്. സാമൂഹ്യവ്യവസ്ഥയിൽ വ്യക്തി കളെ കേന്ദ്രീകരിച്ചല്ല, അവസ്ഥയ്ക്കനുസരിച്ചാണ് ഉത്തരവാദിത്തം വിഭജി ക്കപ്പെടുക. ജനങ്ങളിൽ കുറച്ചു വിഭാഗം കൃഷിയിലൂടെയും വ്യവസായത്തി ലൂടെയും ജീവിക്കാനാവശ്യമായ പണം ഉണ്ടാക്കുന്നു. വ്യവസായത്തിൽ തൊഴിൽ ദാതാക്കളും തൊഴിലാളികളും പരസ്പരം ബന്ധപ്പെട്ടു ജീവിക്കുന്നു. സമൂഹത്തിന്റെ സുസ്ഥിതിക്കും പുരോഗതിക്കും അനിവാര്യമായ രംഗങ്ങ ളാണ് ജനസേവനം, വിദ്യാഭ്യാസം, വാർത്താവിനിമയം, ആരോഗ്യസംര ക്ഷണം, ഗതാഗതം തുടങ്ങിയവ. ഈ സാമൂഹികഘടകങ്ങളെത്തമ്മിൽ ബന്ധിപ്പിക്കുന്ന ക്രമീകരണമാണ് സാമൂഹികവ്യവസ്ഥ. ഉത്പാദന-വിതരണ-ഉപഭോഗങ്ങളിലൂടെ മനുഷ്യന്റെ ഭൗതിക സന്തുഷ്ടി വർദ്ധിക്കുന്നതിനാൽ സമൂഹത്തിലെ സാമ്പത്തികമേഖലകൾ ശക്തിപ്പെടുന്നു. അങ്ങനെ മികച്ച ഒരു സാമൂഹികാവസ്ഥ സംജാതമാകുന്നു.

സാമൂഹ്യാവസ്ഥയ്ക്ക് അനുകൂലമായ രീതിയിൽ ഒരു വ്യക്തിയെ വാർത്തെടുക്കുന്നത് സാമൂഹ്യവത്ക്കരണത്തിലൂടെയാണ്. വ്യക്തി താൻ ഉൾപ്പെടുന്ന സംഘത്തിന്റെ കീഴ്‌വഴക്കങ്ങളും, നിയമങ്ങളും ആന്തരവത്ക്ക രിക്കുന്നതും സാമൂഹ്യവത്ക്കരണമാണ്. ആധുനികസമൂഹത്തിൽ സമൂഹ്യ നിയന്ത്രണത്തിന് ഏറ്റവും ശക്തമായ ഉപാധിയാണ് നിയമം. രാഷ്ട്രീയ സംഘടന നിലനിൽക്കുന്ന സമൂഹങ്ങളിൽ മാത്രമേ നിയമങ്ങൾ പ്രാബല്ല്യ

ത്തിലുണ്ടാവുകയുള്ളൂ. നിയമങ്ങൾക്ക് വിധേയമായി മനുഷ്യർ തങ്ങളുടെ ജീവിതത്തെ ക്രമീകരിക്കുവാനും നിർണ്ണയിക്കുവാനും ആരംഭിച്ചു. അതിലൂടെ സമൂഹത്തിൽ സ്ഥാപനങ്ങൾ രൂപപ്പെട്ടു. സാമൂഹ്യസ്ഥാപനങ്ങളുടെ സങ്കീർണ്ണമായൊരു വലക്കെട്ടാണ് സമൂഹം.

ഒരേ നിയമത്തിനു വിധേയരായ ജനങ്ങളുടെ രാഷ്ട്രീയ ബന്ധങ്ങളിൽ നിന്ന് അവരെ ഒന്നടങ്കം ഉൾക്കൊള്ളുന്ന ഒരു രാഷ്ട്രീയ ക്രമീകരണം രൂപമെടുക്കുന്നു. ഒരു രാജ്യത്തെ ജനങ്ങളെ മുഴുവൻ ഉൾക്കൊള്ളുന്ന രാഷ്ട്രീയക്രമീകരണത്തിന് രാഷ്ട്രീയ വ്യവസ്ഥിതി എന്നു പറയാം. സമൂഹത്തിൽ അനേകം സംഘങ്ങളും വിഭജനങ്ങളും (നഗരം, ഗ്രാമം, കുടുംബം) ഉണ്ടാകുമ്പോൾ അവിടെ അംഗങ്ങളെ നിയന്ത്രിക്കാൻ രാഷ്ട്രീയവ്യവസ്ഥിതിയിൽ ഭരണാധികാരികൾക്ക് അധികാരം പ്രയോഗിക്കേണ്ടിവരും. സാമൂഹിക ജീവിതത്തിനുവേണ്ട നിയമങ്ങൾക്കനുസരിച്ച് ഒരു വ്യക്തി ജീവിക്കുമ്പോൾ അയാൾ അധികാരകേന്ദ്രത്തിന്റെ നിയന്ത്രണത്തിലാകുന്നു. സമൂഹത്തിൽ സാമൂഹികമാറ്റങ്ങൾ വരുത്താൻ തക്കവണ്ണം നിലനിൽക്കുന്ന നിയമപരമായ സംവിധാനക്രമങ്ങളുണ്ട്. അധികാരം സമൂഹത്തിൽ നിലനിൽക്കുന്നത് അനേകം സാമൂഹികസ്ഥാപനങ്ങളിലൂടെയാണ്. ചില പ്രത്യയശാസ്ത്രത്തിന്റെ സഹായത്തോടെ സ്ഥാപനങ്ങളിലൂടെ സമൂഹത്തിൽ വേരിറക്കുകയാണ് അധികാരത്തിന്റെ രീതി. ഈ സ്ഥാപനങ്ങൾ നിസ്സംഗമായിട്ടല്ല ഇത്തരം പ്രക്രിയയിൽ ഇടപെടുന്നത്. ഇവ അധികാരത്തിന്റെ വാഹകരായിത്തന്നെയാണ് പ്രവർത്തിക്കുന്നത്. സമൂഹത്തിന് ഗുണകരമായ സുനിശ്ചിതമായ ലക്ഷ്യങ്ങളുള്ളവയാണ് സ്ഥാപനങ്ങൾ. സമൂഹം അംഗീകരിച്ചതും സമൂഹത്തിന് സ്വീകാര്യവുമായ ഘടകങ്ങളാണ് സ്ഥാപനങ്ങൾ. ഒട്ടേറെ സാമൂഹ്യ ധർമ്മങ്ങൾ അനുഷ്ഠിക്കുന്ന, നിരവധി ആചാരക്രമങ്ങളും നാട്ടുനടപ്പുകളും സംഗ്രഹിച്ചുകൊണ്ടാണ് സ്ഥാപനം നിലനിൽക്കുന്നത്. വ്യക്തികളും ഗ്രൂപ്പുകളും തമ്മിലുള്ള ബന്ധങ്ങളെ നിയന്ത്രിക്കുന്ന, അംഗീകരിക്കപ്പെട്ടതും വ്യവസ്ഥാപിതവുമായ ആചാരങ്ങളാണ് അഥവാ പെരുമാറ്റങ്ങളാണ് സ്ഥാപനങ്ങളുടെ

സവിശേഷത.[38] സാമൂഹ്യസ്ഥാപനങ്ങൾ ഒരു തലമുറയിൽ നിന്ന് അടുത്ത തലമുറയിലേക്ക് സാംസ്കാരികഘടകങ്ങൾ കൈമാറുന്നു. അതുപോലെ മനുഷ്യരുടെ സ്വാഭാവത്തെ നിയന്ത്രിക്കുകയും പെരുമാറ്റത്തിൽ ഐക്യമുളവാക്കുകയും ചെയ്യുന്നു. കുടുംബം, വിവാഹം(ദാമ്പത്യം), വിദ്യാഭ്യാസം, മതം എന്നിവയാണ് പ്രധാന സാമൂഹികസ്ഥാപനങ്ങൾ. ഇതുകൂടാതെ സാമ്പത്തിക, രാഷ്ട്രീയ സ്ഥാപനങ്ങളും ഉണ്ട്. ഇവയിലോരോന്നിലും അധികാരഘടന പ്രവർത്തിക്കുന്നത് ഓരോ രീതിയിലാണ്.

**വിവാഹം**

സാർവ്വലൗകികസ്ഥാപനങ്ങളിൽ ഒന്നാണ് വിവാഹം. വ്യത്യസ്ത പശ്ചാത്തലത്തിൽ നിന്നും വരുന്ന പുരുഷനും സ്ത്രീയും തമ്മിൽ സാമൂഹ്യബന്ധം സ്ഥാപിക്കുകയാണ് വിവാഹബന്ധത്തിലൂടെ സംഭവിക്കുന്നത്. അവർക്ക് ഒരുമിച്ചു താമസിക്കുന്നതിനുള്ള സാമൂഹ്യാനുമതിയാണ് വിവാഹം നൽകുന്നത്. ഭർത്താവും ഭാര്യയും തമ്മിലുള്ള ശാശ്വതബന്ധമാണ് വിവാഹം ലക്ഷ്യമാക്കുന്നത്. ഹിന്ദുമത വിശ്വാസപ്രകാരം വിവാഹബന്ധത്തെ മരണത്തിനുപോലും വേർപെടുത്താൻ കഴിയില്ല. വിവാഹം പരിപാവനകർമ്മവും ധർമ്മാനുഷ്ഠാനവുമാണ്. വിവാഹിതരാകുന്നവരെ ദൈവമാണ് കൂട്ടിച്ചേർക്കുന്നതെന്നും ഇഹലോകത്തിലാരും അതുവേർപെടുത്തരുതെന്നും ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. സാമൂഹ്യനിയമത്തിനു മുമ്പാകെ സ്ത്രീപുരുഷൻമാർ ചെയ്യുന്ന കരാറും കുട്ടികളെ വളർത്താമെന്ന ഉടമ്പടിയുമാണ് വിവാഹം.

കുടംബത്തിന്റെ ന്യൂക്ലിയസ്സായി വർത്തിക്കുന്നത് ദാമ്പത്യമാണ്. സ്നേഹം, സംസർഗ്ഗം, പങ്കുചേരൽ, തുല്യത, അനന്യത, എന്നീ മൂല്യങ്ങൾ ദാമ്പത്യത്തിൽ പുലരേണ്ടതുണ്ട്.[39] കൂട്ടായ്മ സൃഷ്ടിക്കുകയാണ് ദമ്പതികളുടെ പ്രാധാന ഉത്തരവാദിത്തം. പരസ്പരപൂരകങ്ങളും സഹായികളും ആകണം ദമ്പതികൾ. ബഹുഭാര്യാത്വം, ബഹുഭർതൃത്വം, ദാമ്പത്യത്തിലെ അവിശ്വസ്തത, വ്യഭിചാരം എന്നിവയെല്ലാം വിവാഹബന്ധത്തിന്റെ അന്തസത്തയ്ക്ക് എതിരാണ് എന്ന് ചില മതവിഭാഗങ്ങൾ വിശ്വസിക്കുന്നു.

ആധുനികസമൂഹത്തിൽ വിവാഹസങ്കല്പങ്ങൾക്ക് വലിയ മാറ്റം സംഭവിച്ചിട്ടുണ്ട്. വിവാഹബന്ധത്തിൽവന്ന ശൈഥില്യത്തിന് പാശ്ചാത്യ സംസ്കാരത്തിന്റെ സ്വാധീനം ഒരു കാരണമാണ്. അധികാരഘടനയിൽ വന്ന വ്യത്യാസവും പരിഗണിക്കപ്പെടണം. പഴയകാലത്ത് പുരുഷൻ തീരുമാനമെടുക്കുകയും സ്ത്രീ ആ തീരുമാനത്തോട് സഹകരിക്കാൻ നിർബന്ധിക്കപ്പെടുകയും ചെയ്തിരുന്നു. എന്നാലിന്ന് അത്തരത്തിലുള്ള ഒരു അധികാരരീതി ചോദ്യം ചെയ്യപ്പെട്ടു തുടങ്ങിയിരിക്കുന്നു. അധികാരവിനിയോഗത്തിലെ സഹകരണം ഒഴിവാക്കി സ്ത്രീ വ്യക്തമായ തീരുമാനം നടപ്പിലാക്കാൻ ശ്രമിക്കുന്നു. പഴയകാലത്തും അധികാരവിനിയോഗത്തിൽ സംഘർഷമുണ്ടാകുമായിരുന്നു. പക്ഷെ അത് പരിഹരിക്കപ്പെട്ട് ദമ്പതികൾ ഒരുമിച്ച് പോകുമായിരുന്നു. ഇന്ന് പലപ്പോഴും വിവാഹമോചനത്തിലാണ് പ്രശ്നങ്ങൾ അവസാനിക്കുന്നത്. കുടുംബത്തിന്റെ ഭദ്രത നിലനിർത്താൻ പുരുഷമേധാവിത്വത്തിലേക്ക് തിരിച്ചുപോകണമെന്നല്ല ഇവിടെ വിവക്ഷിക്കുന്നത്.

സംയുക്തമായ അധികാരഘടനയുടെ ശൈലി വളരുകയും അതിൽ ദമ്പതികൾ പരിശീലനം നേടുകയുമാണ് വേണ്ടത്. ഋഗ്വേദത്തിലെ വിവാഹസൂക്തങ്ങൾ ഇപ്രകാരം പറയുന്നു "വധൂവരൻമാർ ജീവിതാവസാനംവരെ ഒരുമിച്ചു കഴിയണം[40] കുടുംബബന്ധം ആജീവനാന്തമുള്ളതാണെന്ന ബോധ്യം നിലനിർത്താനും അതിനുവേണ്ടി ശ്രമിക്കാനും മനുഷ്യനെ പ്രേരിപ്പിക്കുന്നത് മരണംവരെ പിരിയാത്ത ബന്ധത്തെപ്പറ്റിയുള്ള മൂല്യബോധമാണ്.

**കുടുംബം**

സമൂഹത്തിന്റെ എല്ലാത്തലങ്ങളേയും അധികാരം ബാധിക്കുന്നു. അതിന്റെ പ്രാഥമികരൂപമായ കുടുംബത്തിലും അധികാരത്തിന്റെ അടിസ്ഥാനഭാവങ്ങൾ കാണാൻ കഴിയും. ഒരു സാമൂഹികസ്ഥാപനമെന്നനിലയിൽ സമൂഹത്തിന്റെ വികാസപരിണാമത്തിന്റെ വ്യത്യസ്തഘട്ടങ്ങളിൽ കുടുംബം വ്യത്യസ്തധർമ്മങ്ങൾ നിർവ്വഹിക്കുന്നു. കുടുംബം അതിലെ അംഗങ്ങളെ സാമൂഹ്യസംസ്കാരത്തിനുസൃതമായി പരിശീലിപ്പിക്കുകയും രൂപപ്പെടുത്തു

കയും ചെയ്യുന്നു.[41] സമൂഹത്തിന്റെ അടിക്കല്ല് എന്നാണ് സാമൂഹ്യശാസ്ത്രജ്ഞൻമാർ കുടുംബത്തെ പരാമർശിക്കുന്നത്. കുടുംബം എന്ന അടിസ്ഥാന ഘടകം കൂടാതെ മനുഷ്യസമൂഹത്തിന് നിലനിൽക്കാൻ സാധിക്കില്ല. ഒരു ശിശു അതിന്റെ അടിസ്ഥാന മനോഭാവങ്ങൾ വികസിപ്പിച്ചെടുക്കുന്നത് കുടുംബത്തിൽ നിന്നാണ്. ലോകത്തിലെ എല്ലാ സമൂഹങ്ങളിലും കുടുംബം എന്ന സ്ഥാപനം ഉണ്ട്.

സ്നേഹം, വാത്സല്യം, സഹാനുഭൂതി, ബന്ധുത്വം മുതലായ മാനുഷികവികാരങ്ങളെ അടിസ്ഥാനമാക്കുന്ന സാമൂഹ്യസ്ഥാപനമാണ് കുടുംബം. സാമൂഹിക ഘടന കെട്ടിപ്പടുക്കുന്നത് കുടുംബഘടകങ്ങളെ ആശ്രയിച്ചാണ്. സാമൂഹികനിയമങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, മൂല്യബോധം എന്നിവ കുടുംബം അതിലെ അംഗങ്ങൾക്ക് നൽകുന്നു. മനുഷ്യന്റെ ജൈവികവും വൈകാരികവുമായ ഭാവങ്ങളെ അടിസ്ഥാനമാക്കി രൂപപ്പെട്ടതിനാൽ കുടുംബം ഒരു സുസ്ഥിര സ്ഥാപനമാണ്. സാമൂഹ്യവും സാംസ്കാരികവും സാമ്പത്തികവും സാർവ്വലൗകികവുമായ ധർമ്മങ്ങൾ കുടുംബം നിർവ്വചിക്കുന്നു. അത്യന്താപേക്ഷിത ധർമ്മങ്ങളിൽ അംഗങ്ങളുടെ സംരക്ഷണം, സന്താനോത്പാദനം എന്നിവ ഉൾപ്പെടുന്നു. അത്യന്താപേക്ഷിതമല്ലാത്തവയിൽ മതപരം, വിദ്യാഭ്യാസപരം, സാമ്പത്തികം, വിനോദപരം എന്നീ ധർമ്മങ്ങളും ഉൾപ്പെടുന്നു.

ഘടനാപരമായ രീതിയിൽ കേരളീയകുടുംബങ്ങളെ പരിശോധിക്കുമ്പോൾ മരുമക്കത്തായത്തിൽ തുടങ്ങി അണുകുടുംബത്തിൽ അവസാനിക്കുന്നതായിക്കാണാം. ജനനത്തെ അടിസ്ഥാനമാക്കിയുള്ള കുടുംബഘടനയാണ് മരുമക്കത്തായം.[42] ഹിന്ദുസമുദായങ്ങളിൽ തങ്ങൾക്കുള്ള ശ്രേഷ്ഠത ഉറപ്പുവരുത്തുന്നതിനും കുടുംബം സംരക്ഷിക്കുന്നതിൽ നിന്ന് വിട്ടുനിന്ന് നായർ സ്ത്രീകളുമായി ബന്ധപ്പെട്ട് ജീവിക്കുന്നതിനും വേണ്ടി ബ്രാഹ്മണർ കെട്ടിച്ചമച്ച ഒരു കഥയാണ് അടിസ്ഥാനം. ശൂദ്രസ്ത്രീകൾ പാതിവ്രത്യവും മാറുമറയ്ക്കുന്ന വസ്ത്രവും ഉപേക്ഷിക്കണമെന്നും ബ്രാഹ്മണരുടെ കാമങ്ങളെ സാധിച്ചുകൊടുക്കണമെന്നും പരശുരാമൻ വിധിച്ചു എന്നതാണ് കഥ.

എന്നാൽ നമ്പൂതിരിസമുദായത്തിൽ കുടുംബത്തിലെ മൂത്ത ആൾ മാത്രം സ്വജാതിയിൽ നിന്നു വിവാഹം ചെയ്തിരുന്നുള്ളൂ. ഇളയവർക്ക് നായർ തറവാടുകളിൽ നിന്ന് സംബന്ധം ആകാമായിരുന്നു. കുടുംബവസ്തുക്കൾ വീതം വച്ചുപോകാതെ മൂത്ത ആൾ തന്നെ കൈവശം വച്ചുപോരാനാണ് ഈ രീതി നടപ്പിലാക്കിയതെന്ന് പറയപ്പെടുന്നു. അംഗീകൃത വിവാഹങ്ങളുടേയും മക്കത്തായ പാരമ്പര്യത്തിന്റേയും അടിസ്ഥാനത്തിൽ കുടുംബവസ്തുക്കൾ വീതം വച്ചു പോകും. മരുമക്കത്തായ രീതിയിൽ കുടുംബവസ്തുക്കൾ കാരണവരുടെ അധീനതയിലായിരുന്നു. കേരളത്തിൽ നിലനിന്നിരുന്ന സൈനികവ്യവസ്ഥയുടെ ഫലമാണ് മരുമക്കത്തായമെന്ന് പറയപ്പെടുന്നു. കേരളത്തിലെ യോദ്ധാക്കളായ നായർയുവാക്കൾ സൈനികസേവനത്തിന് പോയപ്പോൾ ഗാർഹികജീവിതം നയിക്കുന്നത് അസാധ്യമായിത്തീർന്നു. ഇതിന്റെ ഫലമായി മരുമക്കത്തായം ഉണ്ടായി എന്നും പറയപ്പെടുന്നു.

നമ്പൂതിരിസമുദായത്തിൽ മരുമക്കത്തായരീതിയനുസരിച്ച് സംബന്ധത്തിൽപ്പിറന്ന മകനുമേൽ നമ്പൂതിരിക്ക് അവകാശമില്ല. നമ്പൂതിരി സ്ത്രീയിലല്ലാതെ പിറക്കുന്ന മക്കൾക്ക് ഇല്ലത്തെ സ്വത്തിന് അവകാശമില്ല. ഈ അവസ്ഥമൂലം നിരവധി ഇല്ലങ്ങൾ സന്തതിയില്ലാതെ അന്യംനിന്നുപോകാൻ കാരണമായി. ജ്യേഷ്ഠൻ നിർബന്ധമായും വിവാഹം കഴിക്കണമെന്ന നിബന്ധന ഇല്ലത്തിന്റെ നിലനിൽപ്പിനു വേണ്ടി ശക്തമാക്കി. അക്കാലത്തെ കേരളീയ സമൂഹത്തെ സംബന്ധിച്ചിടത്തോളം മക്കത്തായമോ മരുമക്കത്തായമോ ആയിരുന്നില്ല പ്രശ്നം. അവകാശങ്ങളുടെ പിൻതുടർച്ചാക്രമം ആൺവഴിയാണോ പെൺവഴിയാണോ എന്നതായിരുന്നു. ഭൂമി, ക്ഷേത്രങ്ങൾ, തുടങ്ങിയവയൊക്കെ ആൺവഴിയാണ് കൈമാറിയിരുന്നത്. ആൺവഴി അവകാശങ്ങളുടെ പ്രധാനരൂപങ്ങളായിരുന്നു മരുമക്കത്തായം.[43]

മരുമക്കത്തായവ്യവസ്ഥയിൽ കുടുംബത്തിലെ അധികാരകേന്ദ്രം കാരണവർക്കായിരുന്നു. ഒരാളുടെ സ്വത്തിന് സഹോദരിമാരും മക്കളും അവകാശികളായി ഭവിക്കുകയും ഭാര്യയും മക്കളും അവകാശികളല്ലാതായിത്തീ

രുകയും ചെയ്തു. തായ് വഴിക്കുള്ള എല്ലാ അവകാശങ്ങളും അധികാരങ്ങളുമുള്ള കുടുംബവ്യവസ്ഥിതിയാണ് മരുമക്കത്തായം. മരുമകനിലൂടെ അഥവാ സഹോദരിയുടെ സന്തതികളിലൂടെ തുടർന്നുവരുന്ന ദായക്രമം അഥവാ അവകാശക്രമം ആണ് മരുമക്കത്തായം.[44] കൂട്ടുകുടുംബവ്യവസ്ഥയിൽ കുട്ടികൾ ജനിക്കുകയും വളരുകയും ചെയ്യുന്നത് അമ്മയുടെ വീട്ടിലായിരിക്കും. കാരണവർ കുടുംബത്തിൽ സഹോദരിയോടും മക്കളോടും ഒപ്പം താമസിക്കും. ഏകാധിപത്യഭരണരീതി പിന്നീട് ശക്തിപ്പെട്ട് കുടുംബത്തിന്റെ അധികാരം പൂർണ്ണമായും കാരണവൻമാരുടെ കൈയ്യിലായി. മരുമക്കത്തായനിയമം തികച്ചും കാരണവൻമാർക്ക് അനുകൂലമായതിനാൽ അനന്തരവൻമാർക്ക് എതിർപ്പില്ലാതെ അധികാരസ്ഥാനത്തെ അനുസരിച്ച് ജീവിക്കേണ്ടിവന്നു.[45]

ബഹുഭാര്യാത്വസമ്പ്രദായം അവസാനിച്ചതോടെ കുടുംബാധികാരി ഭാര്യയേയും മക്കളേയും തറവാട്ടിൽ കൂടെ താമസിപ്പിക്കാൻ തുടങ്ങി. ഒരു മേൽക്കൂരയ്ക്കുകീഴിൽ ജീവിച്ചുകൊണ്ട് പൊതുവായ സ്വത്ത് ഉപയോഗിച്ച് പരസ്പരം ബന്ധമുള്ളവരായി അവർ ജീവിച്ചു. സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്ന ചെറുകുടുംബങ്ങളാണുള്ളതെങ്കിലും എല്ലാ തീരുമാനങ്ങളുടേയും അവസാനവാക്ക് കാരണവൻമാരുടേതായിരുന്നു. അധികാരകേന്ദ്രത്തിൽ നിന്നുകൊണ്ടുള്ള കാരണവരുടെ വാക്കിന് വലിയവില കുടുംബാംഗങ്ങൾ നൽകിയിരുന്നു. എന്നാൽ കാലക്രമേണ കൂട്ടുകുടുംബവ്യവസ്ഥ അവസാനിച്ചു. അതോടൊപ്പം മരുമക്കത്തായരീതിയും. മരുമക്കത്തായത്തിന് പ്രാബല്ല്യം നൽകിയിരുന്നത് സംബന്ധമായിരുന്നു. കൂട്ടുകുടുംബഘടനയിൽ മാറ്റം വന്നതോടെ ഭൂസ്വത്തുക്കൾ പരമ്പരാഗതമായി കൈമാറുന്ന സമ്പ്രദായത്തിലും മാറ്റം വന്നു. പിന്നീട് വിവാഹത്തിന് നിയമസാധ്യത ലഭിച്ചപ്പോൾ സംബന്ധവിവാഹം അസാധുവായി. തൻമൂലം എല്ലാ വിഭാഗത്തിൽപ്പെട്ടവരും മരുമക്കത്തായത്തിൽനിന്നു മാറി മക്കത്തായികളായി. മക്കത്തായവ്യവസ്ഥയിലേക്ക് മാറുവാൻ ആഗ്രഹിക്കുന്നവർ സ്വത്ത് കൈവശം വയ്ക്കാൻ കൂട്ടുകുടുംബം ഭാഗിക്കണം എന്ന തീരുമാനം ഉണ്ടായി. കൂട്ടുകുടുംബങ്ങളുടെ തകർച്ചമൂലം സ്ത്രീകൾക്ക് പ്രാധാന്യം നഷ്ടപ്പെട്ടു.

മരുമക്കത്തായത്തെത്തുടർന്ന് മക്കത്തായസമ്പ്രദായം ഉണ്ടായി. കൂട്ടുകുടുംബക്രമത്തിൽ കഴിയുമ്പോൾ ഏറ്റവും പ്രായമുള്ള പുരുഷൻ ആയിരിക്കും കുടുംബത്തലവൻ. ചെറുകുടുംബങ്ങളിൽ തീരുമാനം എടുത്തിരുന്നത് പിതാവ് ആയിരുന്നു. അനുസരണയും വിധേയത്വവും അധികാര കേന്ദ്രത്തിനുമുന്നിൽ കുടുംബാംഗങ്ങൾ കാട്ടിയിരുന്നു. കുടുംബസ്വത്തിന്റെ ഉടമസ്ഥനും നടത്തിപ്പുകാരനുമായി പൂർണ്ണ അധികാരത്തോടുകൂടി കുടുംബത്തലവൻ പ്രവർത്തിക്കുന്നു. പിതൃമേധാവിത്വകുടുംബത്തിൽ ഭർത്താവിന്റെ സംരക്ഷണത്തിലും ശിക്ഷണത്തിലും ഭാര്യയും മക്കളും കഴിയുന്നു. ബഹുഭാര്യാത്വം നിരോധിക്കപ്പെട്ടപ്പോൾ കൂടുതൽ ഹിന്ദുവിഭാഗങ്ങളും മക്കത്തായവ്യവസ്ഥ അംഗീകരിച്ചു. തറവാട് ഭാഗം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടായി. ഭാര്യയേയും മക്കളേയും സംരക്ഷിക്കുന്നതിനും വേണ്ട തീരുമാനങ്ങൾ എടുക്കുന്നതിനുമുള്ള ഉത്തരവാദിത്തം പിതാവിൽ നിക്ഷിപ്തമായി. ഭർത്താവിന്റെ സ്വത്തിന് ഭാര്യയും മക്കളും അവകാശികളായി. കൂട്ടുകുടുംബവ്യവസ്ഥിതിയും മരുമക്കത്തായ സമ്പ്രദായവും പൂർണ്ണമായും അവസാനിച്ചു.[46] കാരണവരുടെ ഏകാധിപത്യത്തിൽ നിന്ന് തറവാട്ടംഗങ്ങൾ മോചിക്കപ്പെട്ടു. അതിനാൽ ദായക്രമം പിൻതുടർന്നു പോകുന്നത് പിതാവുവഴിയായി.

അംഗങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ആധുനികകാലത്ത് അണുകുടുംബങ്ങളായി. ഭർത്താവ്, ഭാര്യ, മക്കൾ എന്നുള്ള ഈ പുതിയക്രമത്തിൽ അധികാരം കുടുംബനാഥനായ ഭർത്താവിനാണ്. അണുകുടുംബം കാരണവൻമാരുടെ നിയന്ത്രണത്തിൽ നിന്ന് വിടുതൽ നേടി ഒരു സ്വതന്ത്രയൂണിറ്റായി നിലനിൽക്കുന്നു. കുടുംബവരുമാനം വർദ്ധിപ്പിക്കേണ്ടതിനായി ഇരുവരും ജോലിയിൽ ഏർപ്പെട്ടു. മികച്ചരീതിയിലുള്ള വിദ്യാഭ്യാസം ലഭിച്ചതിന്റെ ഫലമായി തൊഴിൽ മേഖലയിൽ വലിയ തോതിൽ സ്ത്രീകൾകടന്നുവരാൻ തുടങ്ങി. കുടുംബനാഥനായ പിതാവിന്റെ അധികാരപദവിയിൽ നിന്നുകൊണ്ടായിരുന്നു ആദ്യകാലത്ത് തീരുമാനം എടുത്തിരുന്നത്. എന്നാൽ പൊതുവായ വരുമാനം നേടുന്നത് രണ്ടുപേരുമായതിനാൽ തീരുമാനങ്ങൾ

ക്രമേണ ഏകപക്ഷീയമല്ലാതായി. ഭർത്താവിന്റെ ആലോചനയും തീരുമാന ങ്ങളും പൊതുവിൽ അവതരിപ്പിക്കുന്നു. കൂട്ടായ ചർച്ചയിലൂടെ അതിൽ മാറ്റം വരുത്തേണ്ടതെങ്കിൽ അപ്രകാരം ചെയ്ത് നടപ്പിലാക്കുന്നത് ചിലയിട ങ്ങളിൽ കാണുന്നു. എന്നാൽ ഇതല്ലാതെയുള്ള കുടുംബാന്തരീക്ഷം കാണ പ്പെടുന്ന അണുകുടുംബങ്ങളും ഉണ്ട്. ഗ്രാമീണമേഖലകളിൽ കുടുംബിനിക ളായി മാത്രം കഴിയുന്ന സ്ത്രീകൾ ഭർത്താവിന്റെ അധികാരപദവി നിരുപാധികം അംഗീകരിച്ചുകൊണ്ട് ജീവിക്കുന്നു. പരമ്പരാഗതമായ വിശ്വാ സങ്ങളും രീതികളും അനുസരിച്ച് ജീവിക്കുന്ന വീട്ടമ്മമാർ അണുകുടുംബ ത്തിൽ ഇപ്പോഴും ഉണ്ട്. പക്വതയുള്ള കാരണവൻമാരുടെ ഉപദേശത്തിന്റെ കുറവും അനുഭവങ്ങളുടെ പരിമിതിയും അണുകുടുംബത്തിന്റെ പോരായ്മ കളാണ്.

പുരുഷാധിപത്യത്തിനും സാമൂഹികാസമത്വങ്ങൾക്കുമെതിരായുള്ള പ്രതിഷേധമായി പിന്നീട് സ്ത്രീപക്ഷചിന്തകൾ ഉയർന്നുവന്നു. പുരുഷാധി പത്യത്തിന്റെ ഫലമായി സ്ത്രീയെ വീട്ടിനുള്ളിൽ അടിച്ചമർത്തുന്നു എന്ന പൊതുവായ ചിന്ത ഉണ്ടായി. സാമ്പത്തികവും സാംസ്കരികവും രാഷ്ട്രീയ വുമായ രംഗങ്ങളിൽ സ്ത്രീകൾ ഉന്നതസ്ഥാനങ്ങളിൽ അവരോധിക്കപ്പെട്ടു. അതോടെ പുരുഷാധിപത്യത്തിന്റെ പ്രാരംഭസ്ഥാപനമായ കുടുംബത്തിൽ തുല്യ അധികാരം നേടാൻ തുടങ്ങി. മതാധികാരികളിൽ നിന്നുള്ള നിയ ന്ത്രണം കുറഞ്ഞതോടെ അവർക്ക് സമൂഹത്തിൽ കൂടുതൽ പ്രവർത്തിക്കാൻ സാധിച്ചു. കുടുംബത്തിൽ ഭാര്യയ്ക്ക് അധികാരം ആവശ്യപ്പെടുന്നതിന് ന്യായ മായ കാരണം സ്ത്രീകൾ കുടുംബത്തിന്റെ മൊത്തവരുമാനത്തിൽ ഒരു ഭാഗം സമ്പാദിക്കുന്നു എന്നതാണ്.[47] തൊഴിൽ രംഗത്ത് സ്ത്രീകൾ ധാരാളമായി കടന്നുവന്നു കൊണ്ടിരുന്ന കാലത്താണ് സ്ത്രീവാദം ശക്തിപ്പെട്ടുവന്നത്. അതുകൂടാതെ പുരുഷനോടൊപ്പം എല്ലാകാര്യങ്ങളിലും തുല്യതയും ആവ ശ്യപ്പെടുന്നു. സമൂഹത്തിൽ നിലനിൽക്കുന്ന മുഖ്യപദവികളിലെല്ലാം സ്ത്രീ ആരോഹണം ചെയ്യുകയും പല സ്ഥാനങ്ങളിലും സംവരണം ഏർപ്പെടു

ത്തുകയും ചെയ്തു. ഉയർന്നവിദ്യാഭ്യാസം ലഭിക്കുന്നതുമൂലം അധികാര മേഖലകളിലെല്ലാം അവർക്ക് സ്ഥാനം ലഭിക്കുന്നു. തെരഞ്ഞെടുപ്പിലൂടെയും അല്ലാതെയും സ്ത്രീകൾ അധികാരപദവികളിൽ എത്തിച്ചേരുന്നു. രാഷ്ട്രീയ സ്വാതന്ത്ര്യം, വോട്ടവകാശം, വിദ്യാഭ്യാസാനുകൂല്യങ്ങൾ തുടങ്ങിയവകൊണ്ട് സ്ത്രീകൾക്ക് പൊതുരംഗത്തും ഉന്നത അധികാരമേഖലകളിലും പ്രവർത്തി ക്കാൻ സാഹചര്യം ഉണ്ടായി. ഇത് കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധ ങ്ങൾക്ക് ഗണ്യമായ മാറ്റം വരുത്തി. ഇന്ന് മിക്ക പരിഷ്കൃതസമൂഹങ്ങളിലും പുരുഷൻമാരെപ്പോലെ സ്ത്രീകൾക്കും എല്ലാ പ്രവർത്തനമണ്ഡലങ്ങളിലും സ്ഥാനമുണ്ട്. അധികാരം അവരും പങ്കിടുന്നു.

**വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

വിദ്യാഭ്യാസത്തിന്റെ സാമൂഹ്യധർമ്മങ്ങൾ പലതാണ്. അവനവനെ അറിയുവാനും വ്യക്തിത്വവികസനത്തിന് പ്രാപ്തനാക്കുവാനും വിദ്യാഭ്യാസം സഹായിക്കുന്നു. കൂടാതെ മൂല്യങ്ങൾ തെരഞ്ഞെടുക്കുവാനും സംസ്കാര ത്തിൽ ജീവിക്കുവാനും ഉപകരിക്കുന്നു. സാമൂഹ്യജീവിയെന്നനിലയിൽ വിദ്യാർത്ഥി സമൂഹവുമായി ബന്ധപ്പെട്ടു ജീവിക്കുകയും സാമൂഹികവികസ നത്തെക്കുറിച്ച് ധാരണയുണ്ടാവുകയും വേണം. ഊർജ്ജസ്വലവും പുരോഗ മനപരവുമായ വിദ്യാഭ്യാസത്തിലൂടെ സാമൂഹ്യവ്യക്തിത്വത്തിനു രൂപം നൽകാൻ സാധിക്കും. പൂർണ്ണവും അർത്ഥവത്തുമായ ഒരു ജീവിതം നയി ക്കുവാൻ ഒരുവനിലെ അഭിലഷണീയമായ ശീലങ്ങൾ, താത്പര്യങ്ങൾ, കാഴ്ച പ്പാടുകൾ, കഴിവുകൾ എന്നിവ വികസിപ്പിച്ചെടുക്കുവാൻ സഹായിക്കുന്ന താവണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

സാംസ്കാരിക പ്രസരണത്തിനുള്ള ഒരു ഉപാധിയായി വിദ്യാഭ്യാസം കണക്കാക്കപ്പെടുന്നു. നാഗരികതയുടെ ഉദയം മുതൽ വിദ്യാഭ്യാസം പലത രത്തിൽ ഈ പങ്ക് നിർവഹിക്കുന്നുണ്ട്. വ്യക്തിത്വത്തിന്റെ മുഴുവൻ വികാസ മാണ് വിദ്യാഭ്യാസത്തിലൂടെ വിഭാവനംചെയ്യുന്നത്. ഓരോ മനുഷ്യന്റേയും

ശരീരത്തിലും മനസ്സിലും ആത്മാവിലുമുള്ള ഏറ്റവും ഉത്തമമായവയെ പുറത്തു കൊണ്ടുവരാനുള്ള സമഗ്രമായ ശ്രമങ്ങളാണ് വിദ്യാഭ്യാസം എന്ന് ഗാന്ധിജി നിർവ്വചിക്കുന്നു.[48] വിദ്യാഭ്യാസത്തിന്റെ അർത്ഥങ്ങളും പ്രവൃത്തികളും ലക്ഷ്യങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. സൂക്ഷ്മനിരീക്ഷണം പ്രതിഫലിപ്പിക്കുന്ന ചിന്ത, ശക്തമായ ഇച്ഛാശക്തി എന്നിവ ആർജ്ജിക്കാൻ വ്യക്തിയെ സഹായിക്കുന്നു. ജീവിതത്തിലെ എല്ലാ സ്വാധീനങ്ങളും വിദ്യാഭ്യാസത്തിൽ അടങ്ങിയിരിക്കുന്നു. വിദ്യാഭ്യാസം ഒരിക്കലും അവസാനിക്കുന്നില്ല. വിദ്യാഭ്യാസം എന്നത് കുട്ടികളുടെ വികാസത്തിനും വളർച്ചയ്ക്കും ബോധപൂർവ്വം രൂപകൽപ്പന ചെയ്ത് സ്കൂളുകളിൽ പഠിപ്പിക്കുന്ന ചില പ്രത്യേക അറിവുകളാണ്. ആധുനികസമൂഹത്തിൽ സ്കൂളുകളാണ് വിദ്യാഭ്യാസത്തിന്റെ പ്രധാന ഏജൻസി.

പുരാതനകാലം മുതൽ തന്നെ വിദ്യാഭ്യാസത്തിന്റെ നാടാണ് ഭാരതം. എന്നാൽ എല്ലാവർക്കും അത് ലഭിച്ചിരുന്നില്ല. പരമ്പരാഗത ഇന്ത്യയിൽ ഗുരുകുല വിദ്യാഭ്യാസ രീതിയായിരുന്നു നിലവിലുണ്ടായിരുന്നത്. വിദ്യാർത്ഥികൾ ഗുരുവിന്റെ വീട്ടിൽ (ഗുരുകുലത്തിൽ) താമസിച്ചു പഠിക്കുകയായിരുന്നു. വിദ്യാർത്ഥികളുടെ ഭൗതികവും ധാർമ്മികവും ആത്മീയവുമായ വികാസത്തിന് ഗുരുകുലവിദ്യാഭ്യാസം പ്രാധാന്യം നൽകിയിരുന്നു. വേദങ്ങൾ, സാഹിത്യം, ചരിത്രം, മതം, ജ്യോതിഷം എന്നിവയായിരുന്നു പഠിപ്പിച്ചിരുന്നത്. ബുദ്ധകാലഘട്ടത്തിൽ വിദ്യാഭ്യാസം ആശ്രമങ്ങളെ കേന്ദ്രീകരിച്ചുള്ളതായിരുന്നു. അക്കാലത്തെ പ്രധാന സർവ്വകലാശാലകളായിരുന്നു നളന്ദയും, വിക്രമശിലയും, തക്ഷശിലയും. മധ്യകാലഘട്ടത്തിൽ ഇസ്ലാം വിദ്യാഭ്യാസ രീതി ഇന്ത്യയിൽ പടർന്നു പിടിച്ചു. മുഹമ്മദ് ഗസ്നിയുടെ കാലം മുതൽ മുഗൾസാമ്രാജ്യത്തിന്റെ അധഃപതനംവരെ ഈ വിദ്യാഭ്യാസരീതി ഇന്ത്യയിൽ സജീവമായി നിലനിന്നിരുന്നു. മുസ്ലിം ഭരണാധികാരികൾ വിദ്യാഭ്യാസത്തിന്റെ രക്ഷകർത്താക്കളായിരുന്നു. എന്നാൽ അക്കാലത്ത് സ്ത്രീ വിദ്യാഭ്യാസം കുടുംബത്തിന്റെ നാലുചുമരുകൾക്കകത്ത് ഒതുങ്ങിക്കൂടി.

പരമ്പരാഗത ഇന്ത്യൻ വിദ്യാഭ്യാസരീതിയെ കുറച്ചുകാലം പിന്തുണച്ച ബ്രിട്ടീഷുകാർ പിന്നീട് അവരുടെ വിദ്യാഭ്യാസരീതി ഇന്ത്യയിൽ നടപ്പിലാക്കി. ഇംഗ്ലീഷായിരുന്നു ബ്രിട്ടീഷ് വിദ്യാഭ്യാസത്തിന്റെ മാധ്യമം. ശക്തമായ ദേശീയതയും ജനാധിപത്യബോധവും കൊണ്ട് അത് അതിവേഗം വികസിച്ചു. സാധാരണക്കാരായ കുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രത്യേക പ്രാധാന്യം നൽകപ്പെട്ടു. ഗ്രാമങ്ങളിലും ഗോത്രമേഖലകളിലും പ്രാഥമികവിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കാൻ ദേശീയവിദ്യാഭ്യാസ നയം ഊന്നൽ നൽകി രാജ്യത്തിലെ മൊത്തം വിദ്യാഭ്യാസത്തിന് ഒരു പൊതു ഘടനനടപ്പാക്കി. ദേശീയവിദ്യാഭ്യാസനയം ദേശീയ മൂല്യങ്ങൾക്കും വിദ്യാഭ്യാസത്തിന്റെ ആദർശങ്ങൾക്കും പ്രാധാന്യം നൽകുന്നു. ഭാരതത്തിൽ അടിസ്ഥാന വിദ്യാഭ്യാസം സാർവത്രികമാക്കാനും ഗുണമേൻമയുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യാനും ഉള്ള ശ്രമം നടക്കുന്നുണ്ട്. ഇന്ത്യയിൽ അഞ്ചു മുതൽ പതിനാലു വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഇന്ത്യൻ ഭരണഘടനയുടെ 45-ാം വകുപ്പുപ്രകാരം ഉറപ്പുനൽകുന്നു. അതിന്റെ ഫലമായാണ് ദേശീയ വിദ്യാഭ്യാസനയവും ഡിസ്ട്രിക്ട് പ്രൈമറി എജ്യുക്കേഷൻ പ്രോഗ്രാമും സർവ്വശിക്ഷാ അഭിയാനുമൊക്കെ ആസൂത്രണം ചെയ്തത്.

ഒരു കുട്ടിയിൽ ഉള്ളതിനെ പുറത്തുകൊണ്ടുവരികയും വളർത്തികയെടുക്കുകയും നൻമയിലേക്ക് നയിക്കുകയും ചെയ്യുന്ന ഒരു തുടർ പ്രക്രിയയാവണം വിദ്യാഭ്യാസം. ജ്ഞാനം ഉത്പാദിപ്പിക്കുന്ന ശാലയെന്ന നിലയിൽ വിദ്യാഭ്യാസ സ്ഥാപനം പ്രവർത്തിക്കണം. സാമൂഹികബോധം ഉണ്ടാക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനത്തിലൂടെ അച്ചടക്കം എന്ന ശീലം വിദ്യാർത്ഥിക്ക് നൽകുന്നു. അനുസരണാശീലം വളർത്തിയെടുക്കുന്നതോടൊപ്പം അധികാരസ്ഥാനത്തോടുള്ള ബഹുമാനവും വളരുന്നു. അധികാരസ്ഥാനത്തിരിക്കുന്നത് അധ്യാപകനോ പ്രധാനാധ്യാപകനോ ആകാം. അതല്ലെങ്കിൽ അവരുടെ അഭാവത്തിൽ ക്ലാസ് ലീഡറോ ആകാം. വിദ്യാലയത്തിൽ

പ്രവർത്തിക്കുന്ന അധികാരത്തിന്റെ താഴെത്തട്ടിലുള്ള ക്ലാസ് ലീഡർ, അതിനേക്കാൾ അധികാരമുള്ള അധ്യാപൻ, അതിനും മുകളിൽ ഹെഡ്മാസ്റ്റർ, ഡി.ഇ.ഒ. എന്നിങ്ങനെ അധികാരഘടന വർത്തിക്കുന്നു. അധികാരത്തിന്റെ ഏറ്റവും താഴെപ്പടിയിൽ നിയന്ത്രണം ഏറ്റുവാങ്ങിക്കൊണ്ട് വിദ്യാർത്ഥികൾ കഴിയുന്നു. അധികാരഘടനയുമായി പൊരുത്തപ്പെടുന്ന വിദ്യാർത്ഥി വിധേയത്തോടെ പെരുമാറാൻ പഠിക്കുന്നു. അങ്ങനെ വരുമ്പോൾ അധികാരത്തിന്റെയും രാഷ്ട്രീയത്തിന്റെയും മൗലികമായ പ്രകാശനവേദിയാണ് വിദ്യാഭ്യാസമെന്നുവരുന്നു.

അച്ചടക്കവും അനുസരണശീലവും വിദ്യാർത്ഥികളിൽ വളർത്തിയെടുക്കാനും ഓരോ വിദ്യാലയവും ചില തീരുമാനങ്ങൾ എടുക്കുന്നു. വൃത്തിയായി യൂണിഫോം ധരിക്കണം, കൃത്യസമയത്ത് വിദ്യാലയത്തിൽ എത്തണം എന്നിങ്ങനെയുള്ള നിഷ്ഠകൾ ഓരോ വിദ്യാലയത്തിലും നടപ്പിലാക്കി വരുന്നു. ക്ലാസ്സിൽ കൃത്യമായി വന്നു കഴിഞ്ഞാലും നിയന്ത്രണത്തിന്റേതായ നിയമങ്ങൾ വേറെയുണ്ട്. ഇപ്രകാരം ബാല്യം മുതലേ അധികാരഘടനയുടെ ഭാഗമായി ജീവിക്കാൻ വിദ്യാർത്ഥി ശീലിക്കുന്നു. പൊതുസമൂഹത്തിൽ ഇത്തരം അധികാരക്രമങ്ങൾ നിലനിൽക്കുന്നുണ്ട് എന്ന് മനസ്സിലാക്കാനും ഇതിലൂടെ സാധിക്കുന്നു. സമൂഹത്തിന്റെ പൊതുധാരയിൽ ഉൾപ്പെട്ട് അനുസരണയുള്ള പ്രജയായി ഭാവിയിൽ വളരാൻ വിദ്യാഭ്യാസ കാലഘട്ടങ്ങളിലെ അധികാരപ്രയോഗരീതികൾ പ്രാപ്തനാക്കുന്നു.

വിദ്യാലയത്തിലെ അധികാരഘടനയെ കുറിച്ചു പറയുമ്പോൾ പാഠ്യപദ്ധതിയിലെ അധികാരത്തിന്റെ സ്വാധീനത്തെക്കുറിച്ചും സൂചിപ്പിക്കേണ്ടിയിരിക്കുന്നു. ഓരോ തവണയും പാഠ്യപദ്ധതി പരിഷ്കരിക്കുമ്പോഴും അക്കാലത്തെ ഭരണവർഗ്ഗത്തിന്റെ താത്പര്യത്തിനനുസരിച്ചാണ് പലപ്പോഴും കമ്മിറ്റി പ്രവർത്തിക്കുക. പൊതുസമൂഹത്തിൽ വിദ്യാർത്ഥിയുടെ വ്യക്തിത്വവളർച്ചയ്ക്കുതകുന്ന പാഠ്യപദ്ധതിയാണ് ഉണ്ടാകേണ്ടത്. രാജ്യസ്നേഹത്തിനും മൂല്യങ്ങൾക്കും പൗരധർമ്മത്തിനും പ്രാധാന്യം നൽകുന്ന പാഠഭാഗങ്ങൾ ഉൾപ്പെ

ടുത്തുകവഴി വിദ്യാർത്ഥിയുടെ മാനസികനിലവാരം ഉയരുന്നു. എന്നാൽ ജാതീയവും മതപരവുമായ അധികാരം ഉപയോഗിച്ച് കുട്ടികളിലേക്ക് അവർക്കുൾകൊള്ളാൻ കഴിയാത്തവിധത്തിലുള്ള അറിവ് നിർബന്ധമായി പകർന്നുകൊടുക്കുമ്പോൾ അവരുടെ മാനസികാവസ്ഥയെക്കുറിച്ച് വിദ്യാഭ്യാസ വിചക്ഷണൻമാർ ചിന്തിക്കേണ്ടിയിരിക്കുന്നു.

ചരിത്ര പഠനത്തിലും ഇതേ രീതിയിലുള്ള പ്രശ്നങ്ങൾ കടന്നുവരാം. ഓരോ രാഷ്ട്രത്തിലും ചരിത്രം പഠിക്കുന്നത് ആ രാഷ്ട്രത്തെ മനസ്സിലാക്കുന്നതിനും കുട്ടികളിൽ ദേശസ്നേഹം വളർത്തുന്നതിനും വേണ്ടിയാണ്. മഹാൻമാരുടെ ജീവചരിത്രം പഠിക്കുന്നതിലൂടെ അവർ രാജ്യത്തിനു ചെയ്ത സേവനങ്ങൾ അറിയാൻ സാധിക്കുന്നു. അവരെപ്പോലെ ആയിത്തീരാനും രാജ്യത്തന്റെ നൻമയ്ക്കായി പ്രവർത്തിക്കാനുമുള്ള മനസ്സ് ഉണ്ടാകുവാനും ചരിത്രപഠനം സഹായിക്കുന്നു. എന്നാൽ ആ മേഖലയിലും രാഷ്ട്രീയാധികാരത്തിന്റെ കൈകടത്തലുകൾ ഉണ്ടാകുമ്പോൾ ചരിത്രപഠനം വികലമായ രീതിയിലേക്ക് വഴിമാറുന്നു. അറിവ് പകർന്നു കൊടുക്കുക എന്ന ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ച് ഇന്നത്തെ വിദ്യാഭ്യാസരീതി മുന്നോട്ട് പോവുകയാണ്. കച്ചവടസ്വഭാവം വിദ്യാഭ്യാസസമ്പ്രദായത്തിൽ ഉൾപ്പെടുത്തുവാൻ അധികാരത്തിന് സാധിച്ചു. സ്വകാര്യവ്യക്തികളും അധ്യാപകരും പാഠപുസ്തകരചനയിലൂടെ വിദ്യാഭ്യാസമേഖലയെ അവരുടെ നിയന്ത്രണത്തിലാക്കുന്നു. പാഠപുസ്തകങ്ങളുടെ തെരഞ്ഞെടുപ്പിൽ ഉൾപ്പെടുക മാത്രമല്ല ഗ്രന്ഥകർത്താക്കൾ ചെയ്യുന്നത്. അവരുടെ രാഷ്ട്രീയ സ്വാധീനവും വിദ്യാഭ്യാസമേഖലയിലുള്ള ദീർഘകാലത്തെ പ്രവൃത്തിപരിചയവും മൂലം, അവരുടേതായി പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങൾ സിലബസിൽ ഉൾപ്പെടുത്താൻ ശ്രമിക്കുന്നു. ഇത്തരം മാറ്റങ്ങൾ വളർന്നു വരുന്ന തലമുറയുടെ വിദ്യാഭ്യാസത്തിനുള്ള അവകാശത്തെ നിഷേധിക്കുന്നു. വിദ്യാഭ്യാസ മേഖലയിലുള്ള അധികാരത്തിന്റെ കടന്നുകയറ്റം ഈ രീതിയിൽ തുടർന്നാൽ വിദ്യാഭ്യാസത്തിലൂടെ ഓരോ പൗരനും ലഭിക്കേണ്ട മൂല്യങ്ങൾ നഷ്ടപ്പെടുകയാണ് ചെയ്യുന്നത്.

ഭരിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ സ്വാർത്ഥതാത്പര്യങ്ങൾ സംരക്ഷിക്കാൻ പാഠപുസ്തകങ്ങളുടെ തെരഞ്ഞെടുപ്പിൽ അവർ കൈകടത്തുന്നു. താത്പര്യമുള്ള ഭാഗങ്ങൾ ഉൾപ്പെടുത്താനും അല്ലാത്തവ ഉപേക്ഷിക്കാനും അവർ കമ്മിറ്റിയെ നിർബന്ധിക്കുന്നു. (അധികാരകേന്ദ്രങ്ങളുടെ കൈകടത്തലുകൾ മൂലം പാഠ്യപദ്ധതിയിൽ വലിയ തോതിൽ മാറ്റങ്ങൾ സംഭവിക്കുന്നു) സാമൂഹിക ഐക്യം ഉണ്ടാകുവാനും സാംസ്കാരികവും സാമ്പത്തികവുമായ ഏറ്റക്കുറച്ചിലുകളും അസമത്വങ്ങളും ഇല്ലാതാക്കുവാനും രാഷ്ട്രീയ ദൃഢീകരണം സംഭവിക്കുവാനും ചരിത്രപഠനം ആവശ്യമാണ്.[49]

## മതാധികാരം

സാമൂഹികജീവിതം ആസൂത്രണം ചെയ്യുന്നതിലും കെട്ടിപ്പടുക്കുന്നതിലും മതത്തിന് നിർണ്ണായക പങ്കുണ്ട്. സമൂഹത്തെ ആശയപരമായും ധാർമ്മികമായും ഒരളവുവരെ നിയന്ത്രിക്കുന്നത് മതമാണ്. ഒരു സമൂഹത്തിന്റെ സാംസ്കാരികപൈതൃകത്തെ തലമുറകളിൽ നിന്ന് തലമുറകളിലേക്ക് മതം സംക്രമിപ്പിക്കുന്നു. മതസ്ഥാപനങ്ങൾ സമൂഹത്തെ ദൃശ്യമോ അദൃശ്യമോ ആയ അധികാരതന്ത്രങ്ങൾകൊണ്ട് നിയന്ത്രിക്കുന്നു. ഓരോ മതത്തിനും അതിന്റേതായ ആചാരാനുഷ്ഠാനങ്ങളും ചടങ്ങുകളുമുണ്ട്. ധാർമ്മികമൂല്യവും സദാചാരവും നിലനിർത്താൻ ആചാരനുഷ്ഠാനങ്ങളിലൂടെ മതം ജനങ്ങളെ നിർബന്ധിതരാക്കുന്നു. മനുഷ്യന്റെ ഭയത്തിൽ നിന്നാണ് മതത്തിന്റെ ഉത്ഭവമെന്ന് ചിന്തകൻമാർ അഭിപ്രായപ്പെടുന്നു.[50] ഭയത്തിന്റെ അടിസ്ഥാനം അദൃശ്യമായി നിലകൊള്ളുന്ന നിയമങ്ങൾ ലംഘിക്കപ്പെടുമ്പോൾ ലഭിച്ചേക്കാനിടയുള്ള ശിക്ഷാവിധിയാണ്.

പ്രാചീനകാലത്തെ ജനസമൂഹം പ്രകൃതിശക്തികളെ വിശ്വസിച്ചിരുന്നു. അദൃശ്യശക്തികളെ അവർ ആരാധിച്ചിരുന്നു.പ്രകൃതിശക്തികളിൽ നിന്നുള്ള ഭയം മനുഷ്യരെ പിന്നീട് ദേവൻമാരിൽ വിശ്വാസമുള്ളവരാക്കി. പ്രകൃതിയെ മെരുക്കുന്ന ദേവൻമാരെ പ്രീതിപ്പെടുത്തിയാൽ അവർ തങ്ങൾക്കു

വേണ്ടി പ്രകൃതിശക്തികളെ നിയന്ത്രിക്കുമെന്ന് അവർ കരുതി. പലതരം ശക്തികളെ വിശ്വസിക്കുന്ന രീതിയിൽ നിന്ന് ഏക ദൈവത്തിലുള്ള വിശ്വാസം ചില സമൂഹങ്ങളിലുണ്ടായി. അങ്ങനെയുള്ളവർ ആ ശക്തിയെ സർവ്വവ്യാപിയും സർവ്വശക്തനുമായിക്കരുതി ആരാധിച്ചു. വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഭാരതത്തിൽ വ്യത്യസ്തങ്ങളായ മതവിഭാഗങ്ങൾ ഉണ്ടായി. ആരാധനാരീതികളിലും ചടങ്ങുകളിലും അവ വ്യത്യസ്തത പുലർത്തുന്നു.

**മതവിഭാഗങ്ങൾ**

വ്യക്തിയുടെ നിസ്സഹായതാബോധത്തിൽനിന്നോ പ്രകൃതിയോടുള്ള ആരാധനയിൽ നിന്നോ ഭയത്തിൽ നിന്നോ ഉടലെടുത്തതും പൊതുവികാരമായി മാറിയതുമാണ് മതം. മതങ്ങളിൽ അനേകം അവാന്തരവിഭാഗങ്ങളുണ്ട്. ഇന്ത്യയിലെ പുരാതനമതം ദ്രാവിഡരുടേതായിരുന്നു. ആര്യൻമാരുടെ അധിനിവേശത്തെത്തുടർന്ന് സ്ഥാപിതമായതാണ് വേദമതം ദ്രാവിഡരുടെ പലമത കല്പനകൾക്കൂടിച്ചേർന്നാണ് ഹിന്ദുമതത്തിന് അടിസ്ഥാനമുണ്ടായത്. ആര്യൻമാരുടെ മതമായിരുന്നു ആര്യമതം അഥവാ വേദമതം. നാലുവേദങ്ങൾ ആര്യൻമാരുടെ മതഗ്രന്ഥങ്ങളാണ്. ഹിന്ദുമതത്തിന്റെ ഇന്നത്തെ നിലയിലുള്ള വികാസം ദ്രാവിഡമതം-വേദാന്തം, ബുദ്ധമതം, ജൈനമതം, വൈഷ്ണവ-ശാക്തേയമതങ്ങൾ എന്നിവയിലൂടെയാണ്. ദ്രാവിഡരുടെ സംസ്കൃതിയും വിശ്വാസാചാരങ്ങളും സ്വാംശീകരിച്ച വേദമതത്തിന്റേയും ബുദ്ധ-ജൈനമതങ്ങളുടെ ദാർശനികാടിത്തറയും സ്വായത്തക്കമാക്കി വളർന്നതാണ് ഹിന്ദുമതം. ശൂദ്രരുടേയും വൈശ്യരുടേയും മേൽ ക്ഷത്രിയരും ബ്രാഹ്മണരും നേടിയ ആധിപത്യത്തോടെ ഉണ്ടായ ചാതുർവർണ്ണ്യസിദ്ധാന്തമാണ് ഹിന്ദുമതത്തിന് ശാക്തികാടിത്തറ പാകിയത്. ഏതു വർണ്ണത്തിൽപ്പെട്ട ആളായാലും വർണ്ണവിധിപ്രകാരമുള്ള സ്വകർമ്മം പാലിച്ചാൽ മാത്രം മോക്ഷം പ്രാപിക്കാമെന്ന സിദ്ധാന്തം ജാതിമേധാവിത്വം അരക്കിട്ടുറപ്പിക്കാൻ സാധിച്ചു. വർണ്ണവ്യവസ്ഥയിൽ ഒരാളുടെ വിദ്യാഭ്യാസം, തൊഴിൽ, സമൂഹ്യനില എന്നിവയെല്ലാം അയാളുടെ ജാതിയുമായിബന്ധപ്പെട്ടതായതിനാൽ മാറ്റാൻ സാധി

ക്കാത്തതുമായിരുന്നു. ഉന്നതജാതിക്കാർ സമൂഹത്തിന്റെ ഉത്കൃഷ്ട തലത്തിലും താഴ്ന്നജാതിക്കാർ അധമതലത്തിലും ആണെന്ന വസ്തുതയായിരുന്നു അന്നത്തെ സാമൂഹികവ്യവസ്ഥയുടെ ശ്രദ്ധേയമായ ഒരു സവിശേഷത.[51] തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ തുടങ്ങിയ ദുരാചാരങ്ങൾ വ്യാപകമായിരുന്നു. ജാതിയായിരുന്നു സമൂഹത്തിൽ വ്യക്തിയുടെ സാമൂഹിക സാമ്പത്തിക സ്ഥാനം നിർണ്ണയിക്കുന്ന ഏകഘടകം. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് കേരളത്തിൽ പ്രചാരം ലഭിച്ചതിന്റെ ഫലമായും ക്രിസ്തുമതപ്രവർത്തനം കൊണ്ടും ജാതിവ്യവസ്ഥയ്ക്ക് അയവുവന്നു. അവർണ്ണഹിന്ദു ക്രിസ്ത്യാനിയോ മുസ്ലീമോ ആയി മതപരിവർത്തനം നടത്തിയാൽ ജാതിവ്യവസ്ഥയ്ക്ക് അതീതനായി. തൻമൂലം കാലക്രമേണ ജാതിവ്യവസ്ഥയുടെ അധികാരം കുറഞ്ഞു.

അഹിംസയിലധിഷ്ഠിതമായിരുന്ന ബുദ്ധമതം ഭാരതത്തിന്റെ ചില പ്രദേശങ്ങളിൽ പ്രചാരത്തിലുണ്ടായി. മമതയാണ് എല്ലാ ദുഃഖങ്ങളുടെയും കാരണമെന്ന് ബുദ്ധൻ കണ്ടെത്തി. ധർമ്മത്തിലും പുനർജ്ജന്മത്തിലും വിശ്വസിച്ചിരുന്ന ബുദ്ധമതം വേദമതത്തിന്റെ സാമൂഹ്യവും ആശയപരവുമായി ഔന്നത്യത്തെ എതിർത്തു. ബുദ്ധമതത്തിന്റെ സമാനചിന്താഗതികളുമായി മഹാവീരൻ സ്ഥാപിച്ചതാണ് ജൈനമതം. പ്രപഞ്ചത്തിന്റെ സ്രഷ്ടാവും സംരക്ഷകനും അന്ധകനുമായി വിശ്വാസികൾ കണ്ടിരുന്ന ഈശ്വരനെ നിഷേധിക്കുന്നതാണ് ജൈനമതം. നിരീശ്വരവാദത്തെ പിൻതുടരുന്ന ഈ മതം അഹിംസയിൽ വിശ്വസിക്കുന്നു. ദിഗംബരൻമാരും ശ്വേതാംബരൻമാരും ജൈനമതത്തിന്റെ രണ്ടു വിഭാഗക്കാരാണ്. വിഷ്ണുവിനെ പ്രധാന ദൈവമായി ആരാധിക്കുന്നവരാണ് വൈഷ്ണവമതക്കാർ. പരമശിവനെ ആരാധിക്കുന്ന അവൈദികമതക്കാരാണ് ശൈവമതക്കാർ. ശിവലിംഗം കഴുത്തിലണിഞ്ഞാൽ ശിവന്റെ പ്രീതിനേടാമെന്ന് ഇക്കൂട്ടർ വിശ്വസിക്കുന്നു. ശാക്തേയമതം, കാപാലികമതം തുടങ്ങിയ മതങ്ങളും ഭാരതത്തിൽ നിലനിന്നിരുന്നു.

വാണിജ്യ സമ്പർക്കത്തിലൂടെ കേരളത്തിൽ കുടിയേറിയവരാണ് യഹൂദമതക്കാർ. മതപീഡനത്തെ ഭയന്നാണ് പതിനായിരത്തോളം യഹൂദർ കടൽകടന്നെത്തിയത്. നാട്ടുരാജാക്കൻമാരുടെ പിന്തുണ ലഭിച്ച ഇവർക്ക് അനേകം ആനുകൂല്യങ്ങൾ ലഭിക്കുകയുണ്ടായി. എ.ഡി. 1000-ാമാണ്ട് ഭാസ്കര രവി പുറപ്പെടുവിച്ച താമ്രശാസനത്തിൽ (ജൂതശാസ്ത്രം) ജോസഫ് റമ്പാനെന്ന യഹൂദ പ്രമാണിക്ക് ഒട്ടേറെ ആനുകൂല്യങ്ങൾ നൽകി. പോർട്ടുഗീസുകാർ വന്നതോടെ യഹൂദമതത്തിന് ക്ഷീണം സംഭവിച്ചു. ഇസ്രായേൽ പുനഃസ്ഥാപിച്ചപ്പോൾ അനേകം യഹൂദർ അവിടേയ്ക്ക് മടങ്ങിപ്പോയി. അറബിക്കച്ചവടക്കാർ ആദ്യത്തെ മുസ്ലിംപള്ളി സ്ഥാപിച്ചതോടെ കേരളത്തിൽ ഇസ്ലാം മതം പ്രചാരത്തിൽ വന്നു. ഒടുവിലത്തെ ചേരചക്രവർത്തിയായിരുന്ന ചേരമാൻ പെരുമാൾ മക്കത്തുപോയി ഇസ്ലാമിൽ ചേർന്നു എന്ന ഐതിഹ്യം നില നിൽക്കുന്നു. സാമൂതിരിമാർ മുസ്ലീങ്ങൾക്ക് ഒട്ടെറെ ആനുകൂല്യങ്ങൾ നൽകി. സാമൂതിരിയുടെ കപ്പിത്താനായിരുന്ന കുഞ്ഞാലിമരയ്ക്കാർ പോർട്ടുഗീസുകാർക്ക് എതിരായി സമരം ചെയ്തതിനാൽ മുസ്ലീങ്ങൾക്ക് സാമൂതിരി ഭൂമിദാനം ചെയ്തു. കേരളത്തിൽ ഹിന്ദുക്കൾ കഴിഞ്ഞാൽ ഏറ്റവും വലിയ വിഭാഗമായി മുസ്ലീങ്ങൾ വളർന്നുകഴിഞ്ഞു. കപ്പൽപ്പടയിൽ ആളുകൂട്ടുന്നതിലേക്കായി സാമൂതിരി ഹൈന്ദവരായ മുക്കുവരിൽ ഒരു കുടുംബത്തിൽ നിന്ന് ഒരാളെങ്കിലും ഇസ്ലാമിൽ ചേരണമെന്ന് കല്പന പുറപ്പെടുവിച്ചു. അതുകൊണ്ടുതന്നെ കേരളത്തിന്റെ ചില പ്രദേശങ്ങളിൽ മുസ്ലിങ്ങളുടെ എണ്ണം കൂടുതലാണ്.

എ.ഡി. ഒന്നാം നൂറ്റാണ്ടോടെയാണ് ക്രിസ്തുമതം കേരളത്തിൽ വന്നതെന്നു പറയപ്പെടുന്നു. രണ്ടാം ചേരസാമ്രാജ്യകാലത്ത് ക്രിസ്ത്യൻ കച്ചവടക്കാർക്ക് പ്രത്യേകപരിഗണന നൽകിയിരുന്നു. വേണാട്ടുനാടുവാഴിയായ അയ്യനടികൾ തിരുവടികൾ പുറപ്പെടുവിച്ച തരിസാപ്പള്ളിശാസനത്തിൽ കൊല്ലത്തെ ക്രിസ്ത്യാനികൾക്ക് നൽകിയിരിക്കുന്ന അവകാശങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്നു. മഹോദയപുരത്തെ വീരരാഘവചക്രവർത്തിയുടെ താമ്രശാനത്തിൽ

ഇരവികോർത്തനൻ എന്ന ക്രിസ്ത്യൻ കച്ചവടക്കാരനു മണിഗ്രാമത്തിന്റെ ആധിപത്യവും മറ്റനവധി സൗജന്യങ്ങളും അനുവദിച്ചുകൊടുത്തതായി പറയപ്പെടുന്നു. മിഷനറിമാരുടെ വരവിനുശേഷം ക്രിസ്തുമതം കൂടുതൽ വേഗത്തിൽ പടർന്നു പന്തലിച്ചു. കൂടാതെ അനേകം വിഭാഗങ്ങളുമുണ്ടായി. ഹിന്ദുക്കളുടെ വേഷവും ഭാഷയും ആചാരങ്ങളും കൈക്കൊള്ളുന്നതിലൂടെ ഭാരതീയ സംസ്കാരത്തോടു താദാത്മ്യം പ്രാപിച്ച് ക്രിസ്തുമതം വളർന്നു.

ഭാരതം ഒരു ജനാധിപത്യമതനിരപേക്ഷ രാഷ്ട്രമാണ്. ഏതു മതത്തിൽ വിശ്വസിക്കുന്നവർക്കും ഒരു മതത്തിലും വിശ്വസിക്കാത്തവർക്കും ഇവിടെ പൗരത്വം തുല്യമാണ്. വിവിധജാതിക്കാരായ ഹിന്ദുക്കളും മുസ്ലീങ്ങളും ക്രിസ്ത്യാനികളും ജൂതരും പാഴ്സികളും ബുദ്ധമതക്കാരും സിക്കുകാരും ജൈനരും ഇവിടെയുണ്ട്. ഈ കൂട്ടത്തിൽ ഒരു മതവിഭാഗത്തിനും വിശിഷ്ട അധികാരങ്ങൾ ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്നില്ല. ന്യൂനപക്ഷമതവിഭാഗങ്ങളുടെ വിശ്വാസസ്വാതന്ത്ര്യവും ആരാധനാസ്വാതന്ത്ര്യവും സംരക്ഷിക്കപ്പെടണമെന്നാണ് ഭരണഘടന അനുശാസിക്കുന്നത്. ഭാരതത്തിന്റെ സംസ്ക്കാരം മതരഹിത-മതനിരപേക്ഷതയിലാണ് നിലനിൽക്കുന്നത്. കേരളത്തിന്റെ അന്തരീക്ഷം എന്നും മതസഹിഷ്ണുതയുടേയും മതസൗഹാർദ്ദത്തിന്റേതും ആയിരുന്നു. കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക പാശ്ചാത്തലം മറ്റുള്ള ദേശങ്ങളിൽ നിന്ന് വ്യത്യസ്തമായിരിക്കുന്നതുപോലെ മതസഹിഷ്ണുതയിലും മറ്റു ദേശങ്ങളിൽനിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു.[52]

**മതങ്ങളുടെ രാഷ്ട്രീയം**

രാഷ്ട്രീയാധികാരത്തിൽ നിന്ന് വേറിട്ട് മതത്തിന് നിർണ്ണായകമായ ഒരു അസ്തിത്വം ഉണ്ടാകുന്നില്ല. രാഷ്ട്രീയാധികാരത്തെ തങ്ങൾക്ക് അനുകൂലമായി ഉപയോഗപ്പെടുത്തുവാൻ മതവിഭാഗങ്ങൾ ശ്രമിക്കാറുണ്ട്. ചരിത്രം പരിശോധിച്ചാൽ മതം നേരിട്ടുതന്നെ രാഷ്ട്രീയം കൈകാര്യം ചെയ്തിട്ടുണ്ടെന്നു കാണാം. ബുദ്ധമതപ്രചാരകനായിരുന്നു അശോക ചക്രവർത്തി.

ക്രിസ്തുമതത്തിലെ പുരോഹിതൻമാർ പല രാജ്യങ്ങളിലും ഭരണം നടത്തിയിട്ടുണ്ട്. മുതലാളിത്തരാജ്യങ്ങൾ മതത്തേയും രഷ്ട്രീയത്തേയും രണ്ടായിക്കാണുന്നു. വികസ്വരരാജ്യങ്ങളിൽ മതവും രാഷ്ട്രീയ അധികാരവും കെട്ടുപിണഞ്ഞ് അതിവിസ്തീർണ്ണമായ ഒരവസ്ഥ പ്രദാനം ചെയ്യുന്നു. രാഷ്ട്രീയ അധികാരത്തെ തങ്ങൾക്കനുകൂലമായ രീതിയിൽ ഉപയോഗപ്പെടുത്തുമ്പോഴാണ് രാജ്യത്ത് സാമൂഹിക സാമ്പത്തിക സാംസ്കാരികമേഖലകളിൽ സംഘർഷമുണ്ടാകുന്നത്. മതാധികാരം പരമപ്രാധാനമാണെന്ന് മതമൗലികവാദികൾ ചിന്തിക്കുന്നു.

വ്യക്തികളോടുള്ള ബന്ധത്തിലും സാമൂഹികശക്തി എന്ന നിലയിലും മതത്തിന് വലിയ പ്രാധാന്യമാണുള്ളത്. ആധുനികലോകത്തിൽ വിവിധശക്തികളും വിധേയത്വങ്ങളും ബന്ധങ്ങളും മനുഷ്യന്റെ ഭാഗധേയത്തെ രൂപപ്പെടുത്തുന്നു. പരസ്പരവിരുദ്ധങ്ങളായ വിധേയത്വങ്ങളുടെ ഇടയിൽ മതം ജീവനുറ്റതും പുരോഗമനപരവും ചൈതന്യവത്തുമായി നിലനിൽക്കുന്നു. മതത്തിന്റെ ലക്ഷ്യം മനുഷ്യനെ കൂടുതൽ ഉയർന്ന ധാർമ്മികനിലവാരത്തിലേക്ക് ഉയർത്തുക എന്നതാണ്. മതവിഭാഗങ്ങൾ വളർന്നുകൊണ്ടിരുന്ന കാലത്ത് മതവുമായി ബന്ധപ്പെട്ട അവബോധം വിശ്വാസികൾക്കുണ്ടായി. ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും വേണ്ടി ഒരു പ്രത്യേക ഇടം വേണമെന്ന ചിന്ത ആരാധനാലയങ്ങളുടെ നിർമ്മിതിയ്ക്ക് കാരണമായി. മതപരമായ അവസരങ്ങളിൽ നടത്തുന്ന ചടങ്ങുകളിൽ ആരാധനാലയങ്ങളിൽ വിശ്വാസികൾ ഒത്തുകൂടുന്നു. സമുദായഐക്യത്തെ ശക്തിപ്പെടുത്തി പൊതുവായ അധികാരക്രമത്തിന്റെ കീഴിൽ ഒത്തുകൂടി മതപരമായ വിശ്വാസ പ്രമാണങ്ങൾ ഉരുവിട്ടുറപ്പിക്കുന്നു. ഓരോ മതവിഭാഗത്തിലും ദൈവികതയുമായി ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്ന ആളുകളും സംഘങ്ങളും കാണാം. അവരാണ് മതസംഘടനയുടെ അധികാരം കൈയാളുന്നവർ. ആരാധനാലയങ്ങളിൽ നടക്കുന്ന കൂടിവരവുകളിൽ വിശ്വാസികൾക്ക് അധികാരകേന്ദ്രങ്ങൾ വിലക്കുകൾ വയ്ക്കുന്നു. പുണ്യപാപചിന്തകളും സ്വർഗ്ഗനരകവിശ്വാസങ്ങളും

മതാനുയായികളിൽ ഉണ്ടാകുന്നതിന്റെ ഫലമായി അധികാരകേന്ദ്രത്തിന്റെ വാക്കുകൾ അനുസരിക്കാൻ വിശ്വാസികൾ തയ്യാറാകുന്നു. മതപരമായ അവസരങ്ങളിൽ നടത്തുന്ന പൊതുചടങ്ങുകൾ മതഐക്യത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നു. വിശ്വാസികളെ ഒരുമിപ്പിക്കുകയും മതവിഭാഗത്തിന്റെ വിശ്വാസപ്രമാണങ്ങൾ ആവർത്തിച്ചുറപ്പിക്കുന്നതിനും മതപരമായ ചടങ്ങുകൾക്ക് കഴിയുന്നു. അത്തരം ചടങ്ങുകൾ ലംഘിക്കുന്നവർ മതപരമായ ശിക്ഷയ്ക്കോ ശുദ്ധീകരണത്തിനോ വിധേയരാകേണ്ടിവരും.

ആധുനികകാലത്ത് മതവിഭാഗങ്ങൾ അവരുടെ വിശ്വാസ പരിശീലനംനടത്തുന്നത് തെരഞ്ഞെടുക്കുന്ന പാഠശാലകളിലാണ്. മതാധികാരത്തിന്റെ ആദ്യപാഠങ്ങൾ പഠിപ്പിക്കുന്നത് ഇവിടെവച്ചായിരിക്കും. മദ്രസകളോ അമ്പലങ്ങളോടു ചേർന്ന പാഠശാലകളോ ചില രാഷ്ട്രീയ പാർട്ടികളുടെ മതപഠനകാര്യാലയങ്ങളോ ക്രിസ്തീയദേവാലയങ്ങളിൽ ഞായറാഴ്ചകളിൽ നടക്കുന്ന മതബോധന ക്ലാസ്സുകളോ ആകാം. മതവിഭാഗങ്ങളുടെ അധികാരപരിധികളിൽ നിന്നുകൊണ്ട് വിശ്വാസികൾ ജീവിക്കേണ്ടുന്നതിന്റെ പാഠങ്ങൾ ഇവിടെ നിന്നും പകർന്നു കൊടുക്കുന്നുണ്ട്. അതോടൊപ്പം ഉറപ്പാർന്ന വിശ്വാസവും മതത്തോടുള്ള കൂറും വർദ്ധിക്കാനുതകുന്ന മതബോധനക്ലാസ്സുകളും നൽകി വരുന്നു. സാമൂഹ്യമായ അനീതികൾക്കെതിരേ പ്രതികരിക്കണ്ടിവരുമ്പോൾ തങ്ങൾ ഉൾപ്പെടുന്ന മതവിഭാഗങ്ങളിൽപ്പെട്ടവരെ സംരക്ഷിച്ചുകൊണ്ടുള്ള പ്രവർത്തനം നടത്താൻ മതവിഭാഗങ്ങൾ പലപ്പോഴും ആവശ്യപ്പെടുന്നു. അതുപോലെ അധികാരസ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പു വേളകളിൽ സമ്മതിദാന അവകാശം വിനിയോഗിക്കേണ്ടി വരുമ്പോൾ സ്വന്തം മതവിഭാഗത്തിൽപ്പെട്ടവർക്ക് മുഖ്യപരിഗണന നൽകാൻ പ്രേരണയാകുന്നു. മതാധികാരത്തിന്റെ ദോഷഫലങ്ങളാണിതെല്ലാം.

മതപരമായ ചടങ്ങുകളിൽ ആരാധനാലയങ്ങളിൽ നിന്നുള്ള നിയന്ത്രണം എല്ലാ മതവിഭാഗങ്ങളിലും കാണാം. കീർത്തനം ചൊല്ലൽ, മോക്ഷപ്രാപ്തിക്കായി ചില പ്രത്യേക നദികളിൽ മുങ്ങിക്കുളിക്കൽ, ആരാധന

യുമായി ബന്ധപ്പെട്ടുള്ള പ്രത്യേക നിറത്തിലുള്ള വസ്ത്രം ധരിക്കൽ എന്നിങ്ങനെ മതാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട ദൃശ്യമായ നിയന്ത്രണ ങ്ങൾ മതസ്ഥാപനങ്ങളിൽ നിന്നുണ്ടാകുന്നു. വിവാഹം, മരണാനന്തരചട ങ്ങുകൾ, ചില പ്രത്യേകസ്ഥലങ്ങളിൽ വച്ചുമാത്രം നടത്തപ്പെടുന്ന അനു ഷ്ഠാനങ്ങളും മതവിശ്വാസത്തിൽപ്പെടുന്നു. ക്രിസ്തുമതവും ഇതിൽ നിന്ന് ഒട്ടും വിഭിന്നമല്ല. മതാധിപത്യം കർക്കശമാക്കുന്നതിന്റെ ഫലമായി മറ്റുചില രീതികളും കാണപ്പെടുന്നു. ഞായറാഴ്ചകളിൽ പള്ളിയിൽ പോകണം, പുരു ഷൻമാർ മേൽ മീശ വടിച്ച് താടിവളർത്തണം, സ്ത്രീകൾ പുറത്തിറങ്ങു മ്പോൾ പർദ്ദധരിക്കണം എന്നെല്ലാം പള്ളിയോ മതമേധാവിയോ പറയുമ്പോൾ അതിനനുസരിച്ചു ജീവിക്കാൻ വിശ്വാസികൾ തയ്യാറാകുന്നു. മതവിഭാഗങ്ങ ളിലെല്ലാം തന്നെ ആചാരാനുഷ്ഠാനങ്ങളും അതോടൊപ്പം നീതിസംഹിത കളുമുണ്ട്. ദൈവികമായി കല്പിച്ചു കിട്ടിയിട്ടുള്ളതാണെന്ന ചിന്തയാൽ അത നുസരിക്കാൻ അനുയായികൾ തയ്യാറാകുന്നു. അത് ലംഘിക്കുന്നത് പാപ മാണെന്ന ധാരണയും ദൈവശിക്ഷ ലഭിക്കുമെന്ന വിശ്വാസവും ജന ങ്ങൾക്കുണ്ട്. മതങ്ങളെല്ലാം വിശ്വാസം പഠിപ്പിക്കാനാണ് ആദ്യം മുതൽ ശ്രമി ക്കുന്നത്. ആ മതത്തോട് ബന്ധപ്പെട്ട വിശ്വാസത്തിനാണ് എവിടേയും മുൻതൂക്കം.[53] ക്രിസ്തുമതത്തിന്റെ പത്തുകല്പനകൾ മതവും സദാചാരവും തമ്മിലുള്ള ബന്ധത്തിൽ നിന്ന് ഉണ്ടായതാണ്. വിശ്വാസികൾ ഇതനുസരിച്ച് ജീവിക്കാൻ തയ്യാറാകുന്നു. അങ്ങനെ വരുമ്പോൾ മതത്തിന്റെ പ്രധാന സാമൂഹ്യ നിയന്ത്രണോപാധി സാൻമാർഗ്ഗികതയാണെന്നു തെളിയുന്നു.

മതാധികാരം വർദ്ധിച്ചാൽ ഉണ്ടാകാവുന്ന പ്രശ്നങ്ങളുമുണ്ട്. മതപ രമായ വിശ്വാസങ്ങളിൽ അടിയുറച്ചു നിൽക്കുന്നവർക്ക് മതമേലധികാരിക ളുടെ വാക്കുകളെ പൂർണ്ണമായും അനുസരിക്കേണ്ടിവരുന്നു. വിമർശന ങ്ങൾക്കോ ചോദ്യം ചെയ്യലുകൾക്കോ അവിടെ സാധ്യതയില്ല. പൗരോഹിത്യ അധികാരം വിശ്വാസികളുടെ സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുന്ന അവസ്ഥയാണ് പലമതവിഭാഗങ്ങളിലും കാണാൻ കഴിയുന്നത്. ഇതുമൂലം വിശ്വാസികൾ

മതത്തിന്റെ കെട്ടുപാടുകളിൽ നിന്ന് അകലാൻ കാരണമാകുന്നു. പൗരോഹിത്യത്തിന്റെ പദവി നിലനിർത്താൻ ശ്രമിക്കുമ്പോൾ മതപരമായ പ്രവർത്തനങ്ങൾക്കോ വിശ്വാസത്തിനോ പ്രാധാന്യമില്ലാതാകുന്നു. മതത്തേയോ വിശ്വാസത്തേയോ നിലനിർത്തണമെന്ന് പുരോഹിതസമൂഹം ചിന്തിക്കുന്നില്ല. വിശ്വാസത്തെ ചൂഷണം ചെയ്യുന്ന രീതിയാണ് ഇന്ന് നിലനിൽക്കുന്നത്. അത് വ്യക്തിപരമായ ചിന്താസ്വാതന്ത്ര്യത്തെ നിഷേധിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് കാരണമാകുന്നു. ചിലപ്പോൾ പുതിയ ചിന്താഗതിക്കനുസരിച്ചുള്ള പ്രവർത്തനങ്ങളും കാലാനുസൃതമായ മാറ്റങ്ങളും അംഗീകരിക്കപ്പെട്ടെന്നുവരില്ല. സംഘടിതമതങ്ങൾ ചിലപ്പോഴെങ്കിലും സാമൂഹികവികാസത്തിനു തടസ്സം നിൽക്കുകയും സാമൂഹ്യമായ അനീതികൾക്കെതിരെ പ്രതികരിക്കുന്നതിനെ വിലക്കുകയും ചെയ്യുന്നു. മതം വർഗ്ഗീയത വളർത്തുന്നു. സാമൂഹികമായ സ്വസ്ഥജീവിതത്തെ ഇല്ലാതാക്കുന്ന തരത്തിലുള്ള വർഗ്ഗീയ ലഹളകൾ നടക്കുന്നത് മതത്തോടുള്ള അമിതമായ വിശ്വാസം കൊണ്ടാണ്. മതത്തിന്റെ ശരിയായ ഉദ്ദേശ്യവും ധർമ്മവും മനുഷ്യസംസ്കാരത്തിന്റെ ചരിത്രത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതാണ്. മനുഷ്യനെ യഥാർത്ഥത്തിൽ പരിഷ്കൃതനും സംസ്കൃതചിത്തനും ശാലീനസ്വഭാവമുള്ളവനുമാക്കുകയാണ് അതിന്റെ ഉദ്ദേശ്യം.[54]

അന്ധമായ മതവിശ്വാസത്തിൽ നിന്ന് ഉടലെടുക്കുന്ന മറ്റൊരു പ്രശ്നം മതതീവ്രവാദമാണ്. ആദ്യകാലത്ത് വളരെ ചെറിയ രീതിയിലാണ് ഉണ്ടായിരുന്നതെങ്കിൽ ഇന്ന് അത് വളരെ അപകടകരമായിത്തീർന്നിരിക്കുന്നു, മുഖ്യധാരയിലുള്ള മതവിഭാഗങ്ങളിൽപ്പെട്ടവർ പുതിയതായി ഉണ്ടാകുന്ന ചെറിയ മതവിഭാഗങ്ങളെ ഇല്ലാതാക്കാൻ നോക്കുന്നു. പുതിയ ദർശനങ്ങളും വ്യത്യസ്തമായ ചിന്താധാരകളും ഉള്ള മതങ്ങൾ സമൂഹത്തിൽ വേരോടിത്തുടങ്ങുമ്പോൾ മുഖ്യധാരാ മതവിഭാഗങ്ങളിൽ നിന്നും കഠിനമായ എതിർപ്പുകൾ നേരിടേണ്ടിവരുന്നു. ഇവരെ ഇല്ലാതാക്കാനുള്ള തീരുമാനം വലിയ മതവിഭാഗങ്ങളിൽ നിന്നും തീവ്രവാദവിഭാഗങ്ങൾ ഏറ്റെടുക്കുന്നു. അതുവഴി

വളർന്നുവരുന്ന തീവ്രവാദഗ്രൂപ്പുകൾ സമൂഹത്തിൽ അക്രമം അഴിച്ചു വിടുന്നു. അന്ധമായ മതവിശ്വാസത്താൽ ഇതര മതവിഭാഗക്കാരെ എങ്ങനെയും ഇല്ലാതാക്കാൻ ശ്രമിക്കുന്നു. ഒരു ഘട്ടം കഴിയുമ്പോൾ തീവ്രവാദത്തെ അമർച്ച ചെയ്യാൻ മതവിഭാഗങ്ങൾ നടത്തുന്ന ശ്രമങ്ങൾ പരാജയപ്പെടുന്നു. തീവ്രവാദ ഗ്രൂപ്പുകൾ സംഘടിതമതങ്ങളുടെ അധികാരപരിധിക്കു പുറത്തുകടക്കുകയും പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

ഒരു മൂല്യമെന്ന നിലയ്ക്ക് അടിസ്ഥാനപരമായി മതം സാമൂഹിക ജീവിതബന്ധങ്ങൾക്കതീതവും അന്തർമുഖവുമാണ്. ഒരു വ്യക്തി പുരുഷനോ സ്ത്രീയോ ആകട്ടെ, ഐന്ദ്രിയവും ആപേക്ഷികവുമായ മൂല്യങ്ങൾക്കുവേണ്ടി ആഗ്രഹിക്കുമ്പോൾ മതം അയാളെ ഏറ്റെടുക്കുന്നു. മതത്തിന്റെ ലക്ഷ്യം മനുഷ്യനെ കൂടുതൽ ഉയർന്ന ധാർമ്മികനിലവാരത്തിലേക്ക് ഉയർത്തുക എന്നതാണ്. എല്ലാമതങ്ങൾക്കും പലതരത്തിലുള്ള സാർവ്വലൗകികതത്വങ്ങളും പ്രമാണങ്ങളും പ്രത്യേകവും പ്രാദേശികവുമായ പല സവിശേഷതകളുമുണ്ട്. എല്ലാമതങ്ങളിലുമുള്ള സാർവ്വലൗകികതത്വങ്ങളുടെ സന്ദേശം ഒന്നു തന്നെയാണ്. മതത്തിന്റെ ലക്ഷ്യം മാനവരാശിയുടെ ആത്മീയചൈതന്യത്തെ ഉന്നതമായ മേഖലകളിൽ സാക്ഷാത്കരിക്കുകയും മനുഷ്യനും മനുഷ്യനും തമ്മിലുള്ള അകലം ചുരുക്കി മനുഷ്യസാഹോദര്യം വികസിപ്പിക്കുകയുമാണ്. എന്നാൽ കാഴ്ചപ്പാടിലും പ്രവൃത്തിയിലും പ്രാദേശികവും തദ്ദേശീയവുമായ പ്രശ്നങ്ങളാണ് നടക്കുന്നത്. മതസംഘടനകൾ വിഭാഗീയപ്രവണതകളേയും വിധേയത്വത്തേയും വളർത്തുകയും ശക്തിപ്പെടുത്തുകയുമാണ് ചെയ്യുന്നത്. വിഭാഗീയ ചിന്തകൾ വർദ്ധിപ്പിക്കുന്നതിനും മതസ്ഥാപനങ്ങൾക്ക് പങ്കുണ്ട്. കുടുംബങ്ങളെ, സമുദായങ്ങളെ, രാജ്യങ്ങളെ വിഭജിക്കുന്നതിന് മതം കാരണമായിട്ടുണ്ട്. മതം മതസ്ഥാപനങ്ങളെ ആശ്രയിച്ചു ജീവിക്കാനും മതമേലധ്യക്ഷൻമാരെ ആശ്രയിച്ചു ജീവിക്കാനും വിശ്വാസികളെ നിർബന്ധിക്കുന്നു.

നീതിപാലിക്കുക എന്നതാണ് മതത്തിന്റെ ഒരു പ്രധാന വശം. മതാനുയായികൾ നീതിമാൻമാരും നീതിക്കുവേണ്ടി നിലകൊള്ളുന്ന വരും അനീ

തിക്കെതിരെ പൊരുതാൻ തയ്യാറാകുന്നവരും ആയിരിക്കണം. സമസൃഷ്ടികളോട് കാരുണ്യം കാണിക്കലും അഗതികളെ സംരക്ഷിക്കലും മതാനുയായികളെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനകടമയാണ്. അഗതികളെയും നിരാലംബരേയും സംരക്ഷിക്കുന്നതിനെ ദൈവവിശ്വാസത്തിന്റെയും മതത്തിന്റെയും ഭാഗമായിട്ടാണ് കാണേണ്ടത്. മതപരമായ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും ശ്രദ്ധിക്കുന്നവർ കാരുണ്യരഹിതമായ പ്രവർത്തനമാണ് നടത്തുന്നതെങ്കിൽ അവരുടെ മതാചാരാനുഷ്ഠാനങ്ങൾ നിരർത്ഥകമാണ്. സർവ്വമാനവവിമോചനമാണ് യഥാർത്ഥമതത്തിന്റെ പരമമായ ലക്ഷ്യം. മതവിശ്വാസം പറഞ്ഞു പ്രചരിപ്പിക്കേണ്ടകാര്യമില്ല. അത് ജീവിതത്തിൽ പകർത്തണം. അപ്പോൾ അത് സ്വയം പ്രചരിച്ചുകൊള്ളും.[55]

**അധികാരത്തിന്റെ സമഗ്രത**

പ്രവർത്തിക്കാനുള്ള കഴിവിലും അവകാശത്തിലും അധിഷ്ഠിതമാണ് അധികാരം. സ്വാധീനത, അധികാരിത, പ്രേരകശക്തി, ബലം പ്രയോഗിക്കൽ, നിയന്ത്രണാധികാരം, നിർബന്ധം ചെലുത്തൽ, ശക്തി ആദിയായവയും അധികാരമെന്ന വാക്കിന്റെ നിർവ്വചനത്തിൽപ്പെടുന്നു. അധികാരം വ്യക്തിയിലോ സംഘടനയിലോ നിക്ഷിപ്തമാവാം. വ്യക്തികളേയും സ്ഥാപനങ്ങളേയും നിയന്ത്രിക്കുവാനും ശിക്ഷിക്കുവാനും വ്യവസ്ഥാനുസാരം സിദ്ധിച്ചിട്ടുള്ള കഴിവാണ് അധികാരം. മറ്റൊരാളെ വരുതിയിൽ നിർത്തുവാനും കാര്യങ്ങൾ നടത്താനും ഔദ്യോഗികമായി സിദ്ധിച്ചിട്ടുള്ള അവകാശത്തേയും അധികാരമായിക്കാണാം. നിയമാനുസൃതം ആജ്ഞാപിക്കാനുള്ള അവകാശവും അധികാരത്തിന്റെ നിർവ്വചനത്തിൽപ്പെടുന്നു. സാമൂഹികസാംസ്കാരിക സ്ഥാപനങ്ങളിൽ അധികാരഘടനകൾ പ്രവർത്തിക്കുന്നുവെന്നും അവയെ മാറ്റാതെ സമൂഹത്തിൽ ഒരുതരത്തിലുമുള്ള പരിവർത്തനവും സാധ്യമല്ലെന്നും ഫൂക്കോ വ്യക്തമാക്കുന്നു.[56]

സാമൂഹ്യമായ എല്ലാമേഖലകളിലും അധികാരം നിലനിൽക്കുന്നു. അധികാരത്തിന്റെ ആധിപത്യം കടന്നുചെല്ലാത്ത സാമൂഹ്യ ഇടങ്ങൾ കുറവാണ്. ചരിത്രാരംഭം മുതൽ ഇന്നുവരെയോളം അധികാരം വിവിധരൂപത്തിൽ സമൂഹത്തിൽ കാണുവാൻ കഴിയുന്നു. നായാടിയായ മനുഷ്യനിൽത്തുടങ്ങി ഗോത്രവർഗ്ഗങ്ങളിലും രാജഭരണത്തിലും ജനാധിപത്യരീതിയിലും അധികാരശക്തി പ്രവർത്തിച്ചുനിന്നിരുന്നു. സാമൂഹികസ്ഥാപനങ്ങളായ കുടുംബം, മതം, വിദ്യാഭ്യാസം എന്നീയിടങ്ങളിലും അധികാരം നിലനിൽക്കുന്നതായിക്കാണാം. വിജ്ഞാനത്തിന്റെ ലോകത്തും സാമൂഹികപ്രവർത്തനങ്ങളിലും സന്നദ്ധസംഘടനകളുടെ പ്രവർത്തനത്തിലും നിയമസംഹിതകളിലും അധികാരം പ്രതിഫലിക്കുന്നു. മാതാപിതാക്കളും സന്താനങ്ങളും തമ്മിലും അധ്യാപകരും അധ്യേതാക്കളും തമ്മിലും ഭരണാധികാരികളും ഭരണീയരും തമ്മിലും മുതലാളിയും തൊഴിലാളിയും തമ്മിലും ഉള്ള ബന്ധങ്ങളിൽ അധികാരം പ്രയോഗിക്കപ്പെടുന്നുണ്ട്. സാമൂഹികജീവിതത്തിനുവേണ്ട നിയമങ്ങൾ അനുസരിച്ച് ഒരു വ്യക്തി ജീവിക്കുമ്പോൾ അയാൾ അധികാരകേന്ദ്രത്തിനു കീഴിൽ വരുന്നു.[57] അധികാരവൈവിധ്യത്തെ തുറന്നു കാണിക്കാത്ത ഒരു മേഖലയും നമുക്കുചുറ്റുമില്ല. പലരൂപത്തിലും ഭാവത്തിലും അധികാരം സമൂഹത്തിൽ നിലനിൽക്കുന്നു.

അധികാരത്തിന്റെ വിവിധതലങ്ങൾ ശ്രദ്ധയോടെ ചിത്രീകരിക്കുന്ന നോവലുകൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. സാമൂഹികമായ പ്രശ്നങ്ങളുടെ പരിഹാരം ലക്ഷ്യമാക്കിക്കൊണ്ട് നോവൽ രചിച്ച നവോത്ഥാനകാല നോവലിസ്റ്റുകളിൽ പ്രധാനി കേശവദേവാണ്. അധികാരം സാമൂഹികജീവിതത്തിൽ എപ്രകാരം പ്രവർത്തിക്കുന്നുവെന്നും സാമൂഹികജീവിതത്തെ ഏതൊക്കെ രീതിയിൽ നിയന്ത്രിക്കുന്നുവെന്നുമുള്ള ചിന്താഗതി വിശദമായി അവതരിപ്പിച്ചതും അദ്ദേഹം തന്നെ. അധികാരകേന്ദ്രത്തിന്റെ ആരംഭവും വളർച്ചയും അത് നിലനിർത്തിക്കൊണ്ടുപോകാനുള്ള തന്ത്രങ്ങളും ഓടയിൽനിന്ന്

മുതലുള്ള നോവലുകളിൽ വരച്ചുകാട്ടുന്നു. ഏകദേശം മുപ്പത്തിമൂന്നോളം നോവലുകൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് അതിൽ ചില നോവലുകൾ പഠനത്തിനായി തെരഞ്ഞെടുത്തിരിക്കുന്നു. കൂടാതെ അധി കാരത്തിന്റെ വ്യത്യസ്തതലങ്ങൾ കാണപ്പെട്ട ഏതാനും ചെറുകഥകളും പരാ മർശിച്ചിട്ടുണ്ട്.

അധികാരത്താൽ നിർമ്മിക്കപ്പെട്ടതും അധികാരവുമായുള്ള ബന്ധ ത്താൽ പ്രാമാണ്യം സിദ്ധിച്ചതുമായ ജ്ഞാനമേഖലകൾക്കുപരിയായ കാഴ്ചപ്പാടുകളിലേക്ക് നയിക്കാൻ പര്യാപ്തമാണ് ഈ നോവലുകൾ ഓരോന്നും. അധികാരം നിർവ്വചിക്കുന്നതോടൊപ്പം അധികാരത്താൽ നയി ക്കപ്പെടുന്ന സാമൂഹ്യസ്ഥാപനങ്ങളും നിർവ്വചിക്കപ്പെടുന്നു. അതോടൊപ്പം നോവലുകളിൽ അധികാരത്തിന്റെ വിവിധതലങ്ങൾ ഏപ്രകാരം കാണപ്പെ ടുന്നു എന്നു പരിശോധിക്കുന്നു. ഫ്യൂഡൽ സമൂഹത്തിന് അപചയം നേരി ടുകയും മുതലാളിത്തസമൂഹം ഉയർത്തെഴുന്നേൽക്കുകയും മരുമക്കത്തായം മക്കത്തായമായി മാറുകയും ചെയ്തുകൊണ്ടിരുന്ന സാമൂഹികാവസ്ഥയിലൂടെ മലയാളനോവൽ കടന്നു പോകുന്നു. ആ കാലഘട്ടത്തിലെ മറ്റ് എഴുത്തു കാരുടെ കൃതികളിൽ സാമൂഹ്യാവസ്ഥകൾ പ്രതിഫലിക്കുന്നതുപോലെ കേശ വദേവിന്റെ കൃതികളിലും പ്രകടമായിക്കാണാം. സമൂഹത്തിലെ പ്രശ്ന ങ്ങൾക്കുനേരെ ശക്തമായി പ്രതികരിക്കാൻ കഴിവുള്ള സാധാരണക്കാരായി രുന്നു ദേവിന്റെ നായകൻമാർ. സവർണ്ണകഥാപാത്രങ്ങളെ ഉപേക്ഷിച്ച് റിക്ഷാ ക്കാരനും റൗഡിയും നടിയും പ്രധാനകഥാപാത്രങ്ങളായി. ഇവരിലൂടെ അനാ വൃതമാകുന്ന സാമൂഹികാവസ്ഥകൾകൂടി പഠനത്തിലൂടെ വിശദമാക്കുന്നു.

## കുറിപ്പുകൾ

1. Exercising the right to take decesions based solely on one's wishes, without taking into considerations the desires of others and having the right to demand the respect and obedience of others is power.

   W.C. Mills : The Power Elite, Page-51

2. When we speak power, we mean man's control over mind and action of the other man.

   Moregenthain : politics among Nations, Page - 28

3. Capacity of an individual, a group of individual to modify the conduct of other individual or groups in the maner which he desires.

   R.H. Tawney : Equality, Page - 23

4. Power corrupt any thing. Complete Power Corrupt completly Sarah Joseph

   Political Theory and Power : Page - 94

5. ഡോ. പി.പി.രവീന്ദ്രൻ : മിഷേൽ ഫൂക്കോ വർത്തമാനത്തിന്റെ ചരിത്രം, പുറം - 64

6. പ്രൊഫ. റ്റി.ജെ. ചന്ദ്രചൂഢൻ : രാഷ്ട്രതന്ത്രം, പുറം-209.

   ഡോ.ഡി. ദേവദാസ്

7. അതേ പുസ്തകം : പുറം - 209

8. അതേ പുസ്തകം : പുറം - 209

9. അതേ പുസ്തകം : പുറം - 209

10. Monarchy is the use of power by an individual for the common good of the country.

    Redric Martin : The Sociology of Power, Page – 76

11. പ്രൊഫ. നേശൻ റ്റി. മാത്യു : രാഷ്ട്രതന്ത്രതത്വങ്ങൾ, പുറം-105.

12. Power then generalized capacity to secure the performance of binding obligations by units in a system of collective organization; when the obligations are legitimized with reference to their bearing on collective goals, and where in case of recalcitrance there is a presumption of enforcement by negative situational sanctions whatever the actual agency of that enforcement.

    T. Parsons : On the concept of poilitcal power, Page - 37.

13. Resting on an established belief in the sanctity of in memorial traditions and the legitimacy of those exercising authority under them.

Redric Martin : The Sociology of Power, Page - 76.

14. The fundamental factor of the existence of power in society is the economic system.

Jouvenel Bertrand (ed), Power : The Natural History of its Growth, Page – 115.

15. By power Weber means the ability of an individual to carryout their wills in a given situation even in the face of resistance by others.

Posby Nelson : Community Power and Political Theory, Page – 118.

16. Authority is the right and strength to use the power rested to issue orders and also to punish those who violate these orders.

Cart Wright Dorwin : Studies of Social Power, Page – 95.

17. Truth is the System of regulated business; which facilitates issue of statements, production, regulation, distribution etc.

Foucault Michel : Power/Knowledge, Selected interviews and other writings, Page - 133.

18. ഡോ. പി.പി.രവീന്ദ്രൻ : മിഷേൽ ഫൂക്കോ വർത്തമാനത്തിന്റെ ചരിത്രം, പുറം –58.

19. ടി.പി. കുഞ്ഞിക്കണ്ണൻ, സി.എം. മുരളീധരൻ(എഡി:) : അധികാരം പ്രതിരോധം ജനാധിപത്യം, പുറം –55.

20. Power is not simply reduced to its exercise.

Barry Barnes : Scientific Knowledge and Sociological Theory, Page-98.

21. പി.കെ.രാജശേഖരൻ : കഥാന്തരങ്ങൾ, പുറം – 17.

22. Power is not something that can be achieved through violence or coercion

Hannah Arendt : On Violence, Page – 110.

23. Power relations are shaped by structurally constructed social relations.

Steven Lukes : Power – A Radical view, Page – 215.

24. Gramscis is formulation runs counter to its, civil society akin to the French system of this modern warfare, shields the state than the individual.

Sathya Bratha Chakrabarthy (ed) : Political Society, Page – 61.

25. ഡോ.പി.പി.രവീന്ദ്രൻ : മിഷേൽ ഫൂക്കോ വർത്തമാനത്തിന്റെ ചരിത്രം, പുറം-69

26. നൈനാൻ കോശി : ക്രിസ്തുമതത്തിൽ മാർക്സിസത്തിന്റെ സ്വാധീനം, പുറം- 9

27. In one way history is the legal record of the relationship between power and man.

Foucault Michel : Power/Knowledge Selected interviews and other writings, Page – 26.

28. ഇ. ബാനർജി : അധികാരം സത്തയും സ്വരൂപവും, പുറം -10.

29. കൗടില്യൻ : അർത്ഥശാസ്ത്രം (വിവ:), കെ.വി.എം. പുറം -119.

30. Naked Power to the kind that involves no acquiescence on the post of the subject.

Russel Buetrand : Power, Page - 57.

31. രതി.വി.കെ : ആനന്ദ് വ്യക്തിയും ഭരണകൂടവും, പുറം-16.

32. ഡോ. ജോർജ്ജ് കെ. അലക്സ്, ലെജു പി. ജോർജ്ജ് : രാഷ്ട്രം രാഷ്ട്രീയം രാഷ്ട്രസംവിധാനം പുറം - 8.

33. ഡോ. സെബാസ്റ്റ്യൻ പഞ്ഞിക്കാരൻ(എഡി:) : മതവും ചിന്തയും, പുറം - 65

34. ജി.കെ. തമ്പി (പരിഭാഷ) : ഭാരതീയസമൂഹം, പുറം - 86.

35. Consciously or unconsciously mom often conforms to the system of power.

Qwintin Hoare and Geoffery Nowell (Ed) : Selections from prison note books of Antonio Gramsci, Page - 130.

36. ഡോ. ഷാജി ജേക്കബ് : നോവൽ, ചരിത്രത്തിന്റെ പാഠങ്ങൾ, പുറം-94

37. A Society is a group of people who have lived together, long enough to get themselves organized and to think of themselves as a social limit.

Ralph Linton : The Study of Man, Page – 41.

38. കെ.പി. വർഗീസ് (പരി.) : ഫാസിസത്തിന്റെ ആൾക്കൂട്ട മനഃശാസ്ത്രം, വിൽഹം റീഹ്, പുറം-71.

39. ഫാ. ജോസ് കോടയിൽ : സംതൃപ്തമായ വിവാഹ ജീവിതത്തിന്, പുറം - 28.

40. ജോസ് മാണിപ്പറമ്പിൽ (എഡി) : പ്രേമം മരണത്തെപ്പോലെ ശക്തം, പുറം-5.

41. ഡോ. ആന്റണി താമരശ്ശേരിൽ : വിജയകരമായ കുടുംബജീവിതം ക്രിസ്തു ദർശനത്തിൽ, പുറം - 67.

42. പി.ഭാസ്കരനുണ്ണി : പത്തൊൻപതാം നൂറ്റാണ്ടിലെ കേരളം, പുറം - 296.

43. കെ.എൻ.ഗണേഷ് : കേരളത്തിന്റെ ഇന്നലെകൾ, പുറം -190.

44. കെ.എൻ.കെ.കുറുപ്പ് : മരുമക്കത്തായം, പുറം - 352.

45. ഇ.എം.എസ്. നമ്പൂതിരിപ്പാട് : കേരളം-സമൂഹവും രാഷ്ട്രീയവും, പുറം - 82.

46. പ്രൊഫ. എ. ശ്രീധരമേനോൻ : കേരളസംസ്കാരം, പുറം - 217.

47. ഡോ. ആന്റണി താമരശ്ശേരിൽ : വിജയകരമായ കുടുംബജീവിതം ക്രിസ്തു ദർശനത്തിൽ, പുറം - 64.

48. ഒ.എം.അനുജൻ (വിവ:) : വിദ്യാഭ്യാസം - മഹാത്മാഗാന്ധി, പുറം-43.

49. എരുമേലി പരമേശ്വരൻപിള്ള : വിദ്യാഭ്യാസ മനഃശാസ്ത്രം, പുറം- 33.

50. ഡോ. സെബാസ്റ്റ്യൻ പഞ്ഞിക്കാരൻ (എഡി.) : മതവും ചിന്തയും, പുറം-14.

51. പ്രൊഫ. എ. ശ്രീധരമേനോൻ : കേരളസംസ്കാരം, പുറം - 194.

52. എൻ. സോമദത്തൻ : മതങ്ങളുടെ രാഷ്ട്രീയം, പുറം -121.

53. ബേബിജോൺ താമരവേലി : മതസമന്വയ ദർശനം, പുറം - 52.

54. ശ്രീരംഗനാഥാനന്ദസ്വാമികൾ : രാഷ്ട്രീയത്തിൽ മതത്തിന്റെ സ്വാധീനം. പുറം-18

55. കെ. രാമചന്ദ്രൻനായർ (വിവ:): തത്വചിന്തയും മതവും-മഹാത്മാഗാന്ധി, പുറം - 612.

56. സി.ബി. സുധാകരൻ : നവസിദ്ധാന്തം ഉത്തരാധുനികത, പുറം-76.

57. ഡോ. കെ.വി. ദിലീപ് കുമാർ : സാമൂഹികശാസ്ത്രദർശനം,പുറം-40.